**KOTTAYAM PUBLIC LIBRARY**

Call No. RM 954.83 SHA-P Acc.No. 70969

Author: അബ്ദുൽഖയ്യൂം, വി.

Title: പ്രാചീന മലബാർ

# പ്രാചീന മലബാർ

ഗ്രന്ഥകർത്താവ്:

ഡോ. ശംസുല്ലാ ഖാദിരി

KOTTAYAM PUBLIC LIBRARY
70969
KOTTAYAM.

പരിഭാഷകൻ:

വി. അബ്ദുൽഖയ്യും

പ്രസാധകന്മാർ:

ബുഷ്റാ പബ്ലിഷിങ്ങ് ഹൌസ്,

എരഞ്ഞിപ്പാലം, കോഴിക്കോട്

ഒന്നാം പതിപ്പ്, കോപ്പി 2000

1954

കോഴിക്കോട്ട് ചന്ദ്രികാപ്രസ്സിൽ അച്ചടിച്ചതു

പകർപ്പവകാശം] [വില 12-ണ

M954.83
SHA-P

# വിഷയസൂചി


| അധ്യായം | വിഷയം | ഭാഗം |
| --- | --- | --- |
| 1 | മലബാറിൻെറ ഭൂമിശാസ്ത്രപരമായ നില..... | 1 |
| 2 | മലബാറിൻെറ ചരിത്രം .... .... | 8 |
| 3 | മലബാറുമായി മറുനാട്ടുകളുടെ ബന്ധം .... | 11 |
| 4 | മലബാറിൽ തോമാശ്ലീഹായുടെ ആഗമനം... | 17 |
| 5 | മലബാറിൽ മുസ്ലിംകളുടെ ആഗമനം .... | 22 |
| 6 | കോഴിക്കോട്ടെ സാമൂതിരി .... .... | 30 |
| 7 | മലബാറിലെ മുസ്ലിംകേന്ദ്രങ്ങൾ .... | 33 |
| 8 | അറക്കൽ രാജകുടുംബം .... .... | 40 |
| 9 | മാപ്പിളയെന്ന പേർ .... .... | 44 |
| 10 | മലബാറിലെ സഞ്ചാരികൾ .... .... | 49 |
| 11 | ഇബ്നുബത്തൂത്ത മലബാറിൽ .... .... | 53 |
| 12 | സുൽത്താൻ ഷാഹ്റുഖിൻെറ പ്രതിനിധി മലബാറിൽ .... | 60 |
| 13 | മലബാറിലെ രണ്ടു ഗ്രന്ഥകാരന്മാർ .... | 64 |
| 14 | ലാരി നാണയം .... .... .... | 73 |
| 15 | മലബാറിൽ പോർത്തുഗീസുകാരുടെ അധികാരം .... | 76 |

# അവതാരിക

കേരളത്തിന്നു് അസൂയാവഹമായ ഒരു പാരമ്പര്യവും ചരിത്രവുമാണുള്ളതെന്ന വസ്തുത കൂടുതൽ വ്യക്തമായി വരികയാണു്. അതിനെത്തുടർന്നു കേരളീയർ ചരിത്രപഠനത്തിൽ ഇത്രയുംകാലം കാണിച്ചിരുന്ന വിമുഖത അല്പമൊന്നു കൈവെടിഞ്ഞു കൂടുതൽ ഔത്സുക്യം പ്രദർശിപ്പിക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതു് സന്തോഷജനകംതന്നെ. ഇപ്പോഴുള്ള ചരിത്രരേഖകളിലെ വിടവുകൾ നികത്തി അവയെ കോർത്തിണക്കാനായി അടുത്തകാലത്തായി പല ശ്രമങ്ങളും നടന്നിട്ടുണ്ടു്; പല ഗവേഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നുമുണ്ടു്. ഇവയുടെ ഫലമായി തുടർച്ചയായുള്ള ഒരു കേരളചരിത്രഗ്രന്ഥം നിർമ്മിക്കാൻ സാധിച്ചെങ്കിൽ അതൊരു വലിയ നേട്ടമായിരിക്കുമെന്നതിന്നു് സംശയമില്ല. എന്നാൽ അതിന്നാവശ്യമായത്ര രേഖകളും തെളിവുകളും ഇല്ലെന്നതാണു് പരമാർത്ഥം.

പുരാതന കേരളത്തെ സംബന്ധിച്ച പല ഐതിഹ്യങ്ങളും അതിശയോക്തികളും, കലർന്നവയാണു് കേരളോല്പത്തി, കേരളമാഹാത്മ്യം, എന്നീ ഗ്രന്ഥങ്ങൾ. ഇവയ്ക്കുപുറമെ മാർക്കോപോളോ, ഇബ്നുബത്തൂത്ത, അബ്ദുർറസ്സാക്ക്, ഫിരിശ്ത, മുതലായ വിദേശസഞ്ചാരികൾ എഴുതിവെച്ച കുറിപ്പുകളാണു് കേരളചരിത്രപഠനത്തിന്നു നമുക്കു് പ്രധാനമായി ആശ്രയിക്കേണ്ടിവരുന്നതു്. പത്മനാഭമേനോന്റെ "History of Kerala", മി: ലോഗന്റെ "Manual of Malabar", മലബാർ ഗസററിയർ, ഡേയുടെ "Land of the Perumals" എന്നീ ഗ്രന്ഥങ്ങളിലെല്ലാം പഴയരേഖകൾ പരിശോധിച്ച കേരളചരിത്രത്തിന്റെ വിവിധവശങ്ങളെ ചർച്ചചെയ്തതായിക്കാണാം. ഹൈദ്രബാദിലെ

ഒരു പ്രസിദ്ധ ചരിത്രഗവേഷകനായ ഡോ: ശംസുല്ലാഖാദിരിയും പല അമൂല്യരേഖകാം പരിശോധിച്ച 1930–ൽ "മലബാർ" എന്ന പേരിൽ ഉർദുവിൽ ഒരു ചരിത്രഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇത്രയും കാലം മറഞ്ഞുകിടന്നിരുന്ന പല വസ്തുതകളും അദ്ദേഹം തൻെറ ഗ്രന്ഥത്തിൽ ഉാംക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഉർദുഭാഷാപരിജ്ഞാനമില്ലാത്ത മലയാളികാംക്കു അതു ആസ്വദിക്കാൻ ഇതുവരെ കഴിഞ്ഞിരുന്നില്ല. ഇത്തരത്തിലുള്ളൊരു ഗ്രന്ഥം മലയാളത്തിലേക്കു് പരിഭാഷപ്പെടുത്തുകവഴി ജ: വി. അബ്ദുൽഖയ്യൂംസാഹിബ് മലയാളികാംക്കും ചരിത്രപഠനത്തിന്നും വലിയൊരു സേവനമാണു് ചെയ്തിട്ടുള്ളതു്. "തുർക്കി വിപ്ലവം", "അബലയുടെ പ്രതികാരം" മുതലായ കൃതികളുടെ കർത്താവെന്ന നിലയിൽ പ്രശസ്തിയാർജ്ജിച്ച പരിഭാഷകൻ ശുദ്ധവും ലളിതവുമായ ഭാഷയിലേക്കാണു് ഈ ഗ്രന്ഥം തർജ്ജമ ചെയ്തിട്ടുള്ളതെന്നതു് ചാരിതാർത്ഥ്യജനകമാണു്. ജ: ഖയ്യൂംസാഹിബിൻെറ ഈ ഉദ്യമം അഭിനന്ദനീയവും പ്രോത്സാഹനാർഹവുമാണു്. ചരിത്രബോധം സൃഷ്ടിക്കാനുതകുന്ന ഈ ഗ്രന്ഥം മലയാളികളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ടു്. പരിഭാഷകന്നു് വിജയമാശംസിച്ചുകൊള്ളുന്നു.

ഫാറൂഖ്കോളേജ്,
20–1–54.

കെ. വി അബ്ദുർറഹ്മാൻ

# പ്രസ്താവന

കേരളത്തിന്നു മഹത്തായൊരു ചരിത്രമുണ്ടു്. എന്നാൽ ആ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന രേഖകൾ തുലോം കുറവാണു്. ഉള്ള രേഖകൾതന്നെ മിക്കതും അന്യഭാഷകളിൽ അന്യരാൽ എഴുതപ്പെട്ടതാണെന്നുള്ളതു നിഷേധിക്കാൻ കഴിയാത്ത ഒരു പരമാൎത്ഥവുമാണു്. അത്തരം രേഖകൾ തേടിപ്പിടിച്ചു ഒരുമിച്ചുകൂട്ടുകയെന്ന ജോലിയിലും മലയാളികളെക്കാളും താല്പൎയ്യം കാണിച്ചിട്ടുള്ളതു മററുള്ളവരാണെന്നു സമ്മതിച്ചേ തീരൂ. അങ്ങനെയുള്ളവരിൽ ഒരാളാണു് ബഹുഭാഷാപണ്ഡിതനും പുരാതനവസ്തുഗവേഷകനും ചരിത്രാന്വേഷിയുമായ **ഹക്കീം സയ്യിദ് ശംസുല്ലാ ഖാദിരീ ഹൈദ്രബാദി.** അദ്ദേഹം അറബി, ഉൎദു, പേർസ്യൻ, ഇംഗ്ലീഷു മുതലായ ഭാഷകളിലുള്ള അനവധി രേഖകൾ പരിശോധിക്കുകയും കേരളത്തിൽ അങ്ങുന്നിങ്ങോളം പൎയ്യടനം നടത്തുകയുംചെയ്തതിന്നുശേഷം ഉൎദുവിൽ എഴുതിയതാണു് ഈ ഗ്രന്ഥത്തിന്റെ മൂലം. 1928 ജൂൺ 20-ാംനു- അദ്ദേഹമതിന്റെ രചന പൂൎത്തിയാക്കി. 1930-ൽ അലീഗറിലെ **അഖിലേന്ത്യാമുസ്‌ലിംവിദ്യാഭ്യാസകോൺഫറൻസി**ന്റെ വകയായി മുസ്ലീംയൂനിവേർസിററി പ്രസ്സിൽനിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഗ്രന്ഥകാരൻ അതു നിസാം സൎക്കാരിലെ മതവകുപ്പിന്റെ പ്രസിഡെണ്ടും അഖിലേന്ത്യാ മുസ്ലീം വിദ്യാഭ്യാസകോൺഫറൻസിന്റെ ഓണററി സെക്രട്ടരിയുമായിരുന്ന **നവാബ് സദ്‌ർയാർജങ്ങ്‌ബഹദൂർ മൗലാനാ അൽഹാജ് മുഹമ്മദ് ഹബീബുർറഹ്‌മാൻ സാഹിബ്‌ശർവാനി**യുടെ പേരിൽ സമൎപ്പണംചെയ്തിട്ടുണ്ടു്.

ഈ ഗ്രന്ഥത്തിന്റെ ഭാഷാന്തരീകരണത്തിൽ അസാധാരണമായൊരു വിഷമം നേരിടേണ്ടിവന്നിട്ടുണ്ടു്. എന്തെന്നാൽ, മൂല

ഗ്രന്ഥത്തിൽ പല സ്ഥലങ്ങളുടെയും പേരുകൾ പഴയചരിത്ര രേഖകളിൽനിന്നും അതേപടി പകൎത്തിയിരിക്കുകയാണു്. ആ പേരുകളാണെങ്കിൽ ഇന്നു നിലവിലില്ലാത്തതും, വിസ്മൃതിയിൽ ആണ്ടുപോയതുമാണു്. ഈ തൎജ്ജിമയിലും അവ അതേപടി ചേൎക്കുകയാണെങ്കിൽ മലയാളികളായ വായനക്കാൎക്കു അതു ദുൎഗ്രഹമായിരിക്കാനാണു് ഇടയുള്ളതു്. ആകയാൽ ആ സ്ഥലങ്ങൾ വ്യക്തമാക്കുകയും ഇന്നത്തെ പേരുകളുമായി സംയോജിപ്പിക്കുകയും ചെയ്യേണ്ടതു അത്യാവശ്യമായിരുന്നു. ഇക്കാൎയ്യത്തിൽ ജനാബു് മുഹമ്മദുഹുസൈൻ നൈനാർ രചിച്ചതും മദ്രാസ് യൂനിവേർസിററി പ്രസിദ്ധംചെയ്തതുമായ "Arab Geographer's Knowledge of South India" എന്ന ഗ്രന്ഥം ഒട്ടേറെ സഹായകമായിട്ടുണ്ടു്. എങ്കിലും പുസ്തകത്തിൽ പറഞ്ഞിട്ടുള്ള എല്ലാ സ്ഥലങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും മനസ്സിലാവാത്തു അതേപടി ചേൎക്കുകയാണു് ചെയ്തിട്ടുള്ളതെന്നും സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല.

മൂലഗ്രന്ഥത്തിലുള്ള രണ്ടു അധ്യായങ്ങൾ ഈ പരിഭാഷയിൽ ഉപേക്ഷിച്ചിട്ടുണ്ടു്. അതിലൊന്നു സംഭവങ്ങളുടെ കാലസൂചിയും മററതു ഗ്രന്ഥകാരൻ ഈ ഗ്രന്ഥരചനയ്ക്കുവേണ്ടി പരിശോധിക്കുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുള്ള രേഖകളുടെ പട്ടികയുമാണു്. അതുപോലെത്തന്നെ മൂലഗ്രന്ഥത്തിലുള്ള ആറു പടങ്ങളും ഈ പരിഭാഷയിൽ ഉപേക്ഷിച്ചിട്ടുണ്ടു്. അതിൽ അഞ്ചെണ്ണം ഭൂപടങ്ങളും ഒന്നു നാലാം അധ്യായത്തിൽ പറഞ്ഞ, സാൻതോമിലെ ശിലാലിഖിതത്തിൻെറ പടവുമാണു്.

മൂലഗ്രന്ഥത്തിന്നു ഗ്രന്ഥകാരൻ നൽകിയിരിക്കുന്ന പേർ മലബാർ എന്നാണു്. എന്നാൽ അതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു ഇന്നത്തെ മലബാറല്ല, കൊങ്കണംമുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന പശ്ചിമതീരപ്രദേശമാണു്. പണ്ടത്തെ വിദേശസഞ്ചാരികൾ മലബാർ എന്നു പറഞ്ഞിരുന്നതു ഈ പ്രദേശ

ത്തെപ്പററിയായിരുന്നു. കാലത്തേയും അതിർത്തിയേയും സംബന്ധിച്ചുള്ള വ്യത്യാസം പ്രകാശിപ്പിക്കുന്നതിന്നുവേണ്ടി മലബാർ എന്ന പേരിന്നോടുകൂടി പ്രാചീന എന്ന വിശേഷണം കൂട്ടിച്ചേർക്കുന്നതു ഉചിതമായിരിക്കുമെന്നു തോന്നുകയാലാണു് ഈ പരിഭാഷയ്ക്കു പ്രാചീന മലബാർ എന്നു പേർ നൽകിയതു്.

ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തുന്നതിന്നു എനിക്കു പ്രേരണയും പ്രോത്സാഹനവും നൽകിയതു എൻെറ മാന്യസുഹൃത്തും ഫാറൂഖ് കോളേജിലെ ഒരു ലക്ചററുമായ ജനാബ് കെ. വി. അബ്ദുർറഹ്മാൻ സാഹിബ്, എം. എ. യാണു്. അത്രമാത്രമല്ല, അദ്ദേഹമിതിൻെറ കയ്യെഴുത്തുകോപ്പി പരിശോധിക്കുകയും സംക്ഷിപ്തമെങ്കിലും സാരഗർഭവും പ്രോത്സാഹജനകവുമായ ഒരു അവതാരിക എഴുതിത്തരികയും കൂടിച്ചെയ്തു. അതിന്നു എനിക്കു അദ്ദേഹത്തോടു സീമാതീതമായ കടപ്പാടുണ്ടു്. ഫാറൂഖ് കോളേജിലെ മറെറാരു ലക്ചററായ ജനാബ് എ. പി. ഇബ്രാഹിം കുഞ്ഞു സാഹിബ്, എം. എ, എൽ. എൽ. ബി.യും ഇതിൻെറ പരിശോധനയിൽ പങ്കുവഹിച്ചിട്ടുണ്ടെന്നു ഞാനിവിടെ നന്ദിപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു.

ഒടുവിലായി ഇതിൻെറ പ്രസിദ്ധീകരണത്തിന്നു ദയാപൂർവ്വം അനുമതി നൽകിയ അലീഗറിലെ **അഖിലേന്ത്യം മുസ്ലിം വിദ്യാഭ്യാസ കോൺഫ്രൻസി**നോടുള്ള കടപ്പാടും ഞാനിവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇതിന്നുമുമ്പും ഉർദുവിൽനിന്നു ചില ഗ്രന്ഥങ്ങൾ ഞാൻ ഭാഷയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ടു്. അവയ്ക്കു ഭാഷാപ്രണയികളിൽനിന്നും പൊതുജനങ്ങളിൽനിന്നും പ്രോത്സാഹജനകമായ സ്വീകരണം ലഭിക്കുകയും ചെയ്തിരിക്കുന്നു. ഈ ഗ്രന്ഥത്തിന്നും അമ്മാതിരി സ്വീകരണം ലഭിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ആ വിശ്വാസത്തോടുകൂടി ഞാനിതിനെ കൈരളിയുടെ ചേവടികളിൽ സമർപ്പിക്കുന്നു.

—പരിഭാഷകൻ.

# പ്രാചീന മലബാർ

## ഒന്നാം അധ്യായം

## മലബാറിൻെറ ഭൂമിശാസ്ത്രപരമായ നില

അറബികൾ തെന്നിന്ത്യയുടെ പടിഞ്ഞാറൻ തീരത്തെ മലബാർ എന്നു വിളിക്കുന്നു. കർണ്ണാടകത്തിലും തമിഴിലുമുള്ള പഴയ ഗ്രന്ഥങ്ങളിൽ അതിന്നു പറഞ്ഞു കാണുന്ന പേർ കേരളമെന്നും മലയാളമെന്നുമാണ്. കർണ്ണാടകത്തിലെ കേരളം അഥവാ കേരാം തമിഴിലെ ചേരളത്തിൻെറയോ ചേരളിൻെറയോ വികൃതരൂപമാണ്. ചേരളത്തിൻെറ അർത്ഥം പർവ്വതപംക്തി എന്നാകുന്നു. ഒരററം മുതൽ മറേറ അററംവരെ പർവ്വതപംക്തി നീണ്ടുകിടക്കുന്ന നാടാണ് മലബാർ. ഈ കാരണത്താലാണ് അതിന്നു ചേരളമെന്നോ കേരളമെന്നോ പേർ സിദ്ധിച്ചത്. (Tamilian Antiquary, Vol. IV, PP. 69-71)

മലൈ അഥവാ മല എന്ന പദം ദ്രാവിഡഭാഷകളിൽ പർവ്വതത്തിന്നു ഉപയോഗിക്കുന്നതാണ്. അതിൻെറ വ്യതികൃതരൂപമായ മലയാ എന്ന പദം സംസ്കൃതത്തിലും പ്രയോഗത്തിലുണ്ട്. (Coins of Southern India, P. 122)

ക്രിസ്താബ്ദം 6-ാം നൂററാണ്ടിൽ കഴിഞ്ഞുപോയ ചോളവംശ രാജാവായ കേസരിവർമ്മൻ തൻെറ ഭരണത്തിൻെറ 29-ാമാണ്ടിൽ തഞ്ചാവൂരിലെ മഹാക്ഷേത്രത്തിൽ ഒരു ശിലാരേഖ കൊത്തിച്ചിട്ടുണ്ടായിരുന്നു. അതിൽ മലബാറിൻെറപേർ മലൈനാട്ട (Malai Nadu) എന്നാണ് ചേർത്തിരിക്കുന്നത്. (Inscrip-

tions of the Madras Presidency) അതിൻെറ അൎത്ഥം മലയുടെ നാട് എന്നാകുന്നു.

മലബാറിലെ ഭാഷ തമിഴിൽനിന്നു വ്യത്യാസപ്പെട്ടതാണ്. എങ്കിലും അതു ദ്രാവിഡഭാഷയുടെ ഒരു ശാഖയാകുന്നു. വളരെ അധികം മലകളുള്ള ഒരു പ്രദേശത്തെ ഭാഷയായതുകൊണ്ട് അതിന്നു മലയാളം എന്നു പേർ പറയുന്നു. അതേ കാരണത്താൽ തന്നെ അതു സംസാരിക്കപ്പെടുന്ന നാട്ടിന്നു മലയാളമെന്നും ആ ഭാഷ സംസാരിക്കുന്ന ജനങ്ങൾക്കു മലയാളിയെന്നും പേർ പറയപ്പെടുന്നു.

„മല"യെന്ന പദത്തോടുകൂടി „ബാർ" എന്ന പദം ചേൎന്നുകൊണ്ടാണ് മലബാർ ഉണ്ടായത്. ബാർ എന്നതു ഒരു പേർസ്യൻപദമാണ്. അതിൻെറ അൎത്ഥം „നാടു" എന്നും 'ആധിക്യം' എന്നുമാണ്. ആകയാൽ മലയെന്ന പദത്തോടു ബാർ ചേൎന്നപ്പോൾ മലയുടെ രാജ്യം എന്നോ വളരെ അധികം മലകളുള്ള രാജ്യമെന്നോ അൎത്ഥമായി.

മലബാറിന്നു ഈ പേർ നൽകിയതു അറേബ്യയിൽനിന്നും പേർസ്യയിൽനിന്നും പേർസ്യൻ ഉൾക്കടൽവഴിയായി ഇവിടെ വന്നുകൊണ്ടിരുന്ന കപ്പലോട്ടക്കാരാണ്. അവർ മലബാറിന്നു മാത്രമല്ല മററു ചില നാടുകൾക്കും അമ്മാതിരി പേർ നൽകിയിട്ടുണ്ട്. അതിലൊന്നാണ് സൻജ്ജിബാർ എന്നത്. അതിൻെറ അൎത്ഥം സങ്കി (കാപ്പിരി) കളുടെ നാട് എന്നാകുന്നു. അതുപോലെ തന്നെയാണ് ഹിന്ദ്ബാർ, നിക്കൊബാർ ഇത്യാദി നാമങ്ങളും.

പേർസ്യനിലെ ബാറും സംസ്കൃതത്തിലെ വാഡും ഒരേ അൎത്ഥത്തിലുള്ള പദങ്ങളാണ്. ആകയാൽ മലയെന്ന പദത്തോടു സംസ്കൃതത്തിലെ വാഡ്, എന്ന പദം ചേൎന്നുകൊണ്ടു മലവാഡ് ആയതാണെന്നു ചില അന്വേഷകന്മാർ അഭിപ്രായപ്പെടുന്നുണ്ട്— മാഡ്‌വാഡ്, കാത്ത്യവാഡ്, ധാഡ്‌വാഡ് മുതലായതുപോലെ. പിന്നീടു മുസ്ലിംസമ്പൎക്കത്തിൻെറ ഫലമായി „വാ" „ബാ"യാ

യും „ഡ്" „ർ" ആയും മാറിയതാണെന്നും അവർ അഭിപ്രായപ്പെടുന്നു.

ചുരുക്കത്തിൽ, ഈ നാട്ടിന്നു തദ്ദേശഭാഷയിലും അന്യഭാഷകളിലും പറഞ്ഞുകാണുന്ന കേരളം, കേരം, ചേരളം, ചേരം, മലയാളം, മലബാർ എന്നീ പേരുകളെല്ലാം മലയുള്ള രാജ്യം എന്ന ഒരേ അൎത്ഥത്തോടു കൂടിയതാണ്.

റോമക്കാരുടെ ക്ലാസിക്കൽ സാഹിത്യത്തിൽ മലബാറിന്റെ പേർ „മൊലെ" എന്നു കാണുന്നു. ക്രൈസ്തവ നഗരങ്ങളെപ്പറ്റി കോസ്മാസ് (Kosmas) ക്രിസ്താബ്ദം 545-ൽ എഴുതിയിട്ടുള്ള ക്രിസ്ത്യൻ ടോപോഗ്രാഫി (Christian Topography) എന്ന ഗ്രന്ഥത്തിൽ മലബാറിന്നു മാലെ എന്ന പേരാണ് പറഞ്ഞിരിക്കുന്നതു്. (M'Crindles Ancient India, P. 190) ഹിജ്റ നാലാം നൂറ്റാണ്ടുവരെ അറേബ്യൻ ഭൂമിശാസ്ത്രകാരന്മാരും ഈ നാട്ടിന്നു അതേ പേരാണ് നൽകിയിരുന്നത്. ഇബ്നുഖുർദാദ്ബി (ക്രി. 879—ഹി. 266) ഇന്ത്യയിലെ തീരപ്രദേശത്തിന്റെ ദൂരത്തെ വിവരിച്ചുകൊണ്ട് സന്ദാനിൽ (സിന്ധുദുർഗ്ഗ്?) നിന്നു മാലെയിലേക്കു 5 ദിവസത്തെ വഴിയുണ്ടെന്നും മാലെയിൽ കുരുമുളകും മുളയും ഉണ്ടാകുന്നുണ്ടെന്നും എഴുതിയിരിക്കുന്നു. (കിത്താബുൽ മസാലിക്ക് വൽ മുമാലിക്ക്—യൂറോപ്പിൽ അച്ചടിച്ചതു്, ഭാഗം 62)

ഈ നാട്ടിന്നു മലബാർ എന്ന പേർ ഉപയോഗിക്കാൻ തുടങ്ങിയതു ഹിജ്റ 5-ാം നൂറ്റാണ്ടിന്നു ശേഷമാണ്. അറേബ്യൻ ഭൂമിശാസ്ത്രകാരന്മാരിൽ ആ പേർ ആദ്യമായി ഉപയോഗിച്ചിട്ടുള്ളതു ശരീഫ് ഇദ്‌രീസി (ക്രി. 1153—ഹി. 548) ആണ്. (Elliot's History of India, Vol. I, P. 90) അതിന്നു ശേഷം യാഖൂത്ത്ഹമവിയും (ക്രി. 1228—ഹി. 626) ഒരു ചരിത്രകാര

നായ അബുൽഫിദായും അവരുടെ ഗ്രന്ഥങ്ങളിൽ ഈപേർ, നില വിലുള്ള മററു സുപ്രസിദ്ധ നാമങ്ങളെന്നപോലെത്തന്നെ ഉപയോഗിച്ചിട്ടുണ്ട്. (മുഅ്ജമുൽ ബുൽദാൻ, വാള്യം 4. ഭാ. 639_തഖ്‌വീമുൽ ബുൽദാൻ, ഭാ. 353)

ഈറാനിലെ പേർസ്യൻ ഗ്രന്ഥങ്ങളിൽ ഈ പേർ ആദ്യമായി കാണുന്നതു വസീർ റശീദുദ്ദീൻ ഫസ്‌ലുല്ലാ ഹമദാനിയുടെ (ക്രി. 1310—ഹി. 710) ജാമിഉത്തവാരീഖിലാണ്. (Elliot's Historia ns of Mohammadan India, Persian Text, P.10) ജാമിഉത്തവാരീഖിന്നു കുറച്ചുകാലം പിന്നീടു ഫഖ്‌റുദ്ദീൻ ബനാക്കതിയും അബ്ദുല്ലാവസ്സാഫും എഴുതിയ ചരിത്ര ഗ്രന്ഥങ്ങളിലുംഈ പേർതന്നെയാണ് ഉപയോഗിച്ചിട്ടുള്ളതു്.

ഇന്ത്യയിലെ മുസ്ലിംഗ്രന്ഥകാരന്മാരിൽ ആദ്യമായി ഈ പേർ ഉപയോഗിച്ച ആൾ മിക്കവാറും ദൽഹിക്കാരനായ അമീർ ഖുസ്രു ആയിരിക്കണം. അദ്ദേഹം തൻെറ ഒരു പേർ.സ്യൻകവിതയിൽ ഈ പ്രദേശത്തിൻെറ പേർ മലൈബാർ എന്നാണ് പറഞ്ഞിരിക്കുന്നത്. (ഫർഹങ്കെ ജഹാംഗീരി, വാള്യം 2, ഭാ. 66)

അറബികൾ ഈ നാട്ടിന്നു മലബാർ എന്ന പേരിന്നു പുറമെ „ബിലാദുൽ ഫുൽഫുൽ" എന്ന പേർ കൂടി പറയാറുണ്ടായിരുന്നു. അങ്ങനെ പേർ പറഞ്ഞതു ഫുൽഫുൽ (കുരുമുളകു) ധാരാളമായുണ്ടാകുന്നതു ഇവിടെയായതുകൊണ്ടും അതു ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും കയററിപ്പോകുന്നതു ഇവിടെ നിന്നായതുകൊണ്ടുമാണ്. (അജാഇബുൽ ഹിന്ദ്, ഭാ. 94.—തഖ്‌വീമുൽ ബുൽദാൻ ഭാ. 355.)

ഹിജ്റ 6_ാം നൂററാണ്ടുവരെ അറേബ്യൻ ഭൂമിശാസ്ത്രകാരന്മാർക്കു മലബാറിനെപ്പററി അധികമായൊന്നും അറിവുണ്ടായിരുന്നില്ല. അതിൻെറ കിടപ്പും സ്ഥിതിയും അവർ നല്ലതുപോലെ മനസ്സിലാക്കിയിരുന്നില്ല. അതു ഇന്ത്യയിലെ ഒരു പ്രദേശമാണെന്നും അവിടെ ഫാക്കന്നൂർ (ബർക്കൂർ), മഞ്ചറൂർ (മംഗലാപുരം) മുതലായ നഗരങ്ങളുണ്ടെന്നും അവിടെനിന്നാണ് ലോകത്തിൻെറ നാനാ ഭാഗങ്ങളിലേക്കും കുരുമുളകു കയററിക്കൊണ്ടു പോകുന്ന

തെന്നും മാത്രം അവക്കറിയാമായിരുന്നു. (മുഅ്ജമുൽ ബുൽദാൻ, വാള്യം 4, ഭാ. 639)

ആ കാലത്തിന്നു ശേഷമുള്ള ഇസ്ലാമിക ഗ്രന്ഥങ്ങളിൽ മലബാറിനെപ്പററി ശരിയായ വിവരണം കാൺമാൻ കഴിയും. സക്കരിയ്യാ ഖസ്വീനി, റശീദുദ്ദീൻ ഹമദാനി, ഫഖ്റുദ്ദീൻബനാകതി, ചരിത്രകാരനായ അബുൽഫിദാഅ്, പ്രത്യേകിച്ച ഇബ്നുബത്തൂത്ത എന്നിവർ ഇവിടത്തെ സ്ഥിതി വ്യക്തമായി വിവരിച്ചിട്ടുണ്ട്.

റശീദുദ്ദീൻ പറയുന്നതു മലബാർ, ഗോവ മുതൽ തുടങ്ങി കൊല്ലത്തു അവസാനിക്കുന്നുവെന്നാണ്. അതിൻെറ നീളം 300 ഫർസഖാണ്. (ഒരു ഫർസഖ് 3നാഴിക) (Elliot's Historians of Mohammadan India. Parsian Text, P. 10) അബുൽഫിദായും ഇബ്നുബത്തൂത്തയും മലബാറിന്നു ഇതേ അതിത്തിയാണ് കാണിച്ചിട്ടുള്ളതു്. (താരിഖുൽ ബുൽദാൻ, യൂറോപ്പ് പതിപ്പ്, ഭാ. 354) ഗോവയിൽനിന്നു കൊല്ലത്തേക്കു രണ്ടുമാസത്തെ നടത്തദൂരമുണ്ടെന്നു ഇബ്നുബത്തൂത്ത പറയുന്നു. (ഇബ്നുബത്തൂത്തയുടെ സഫർ നാമ ഉർദുപതിപ്പ്, വാള്യം 2, ഭാ. 281)

മാർക്കോപോളോ (Marcopolo ക്രി. 1271—ഹി. 670) പറയുന്നതു മലബാർ ഏഴി (ഏഴിമല) മുതൽ ഗുജറാത്തുവരെ നീണ്ടുകിടക്കുന്നുവെന്നാണ്. (Yule's Marcopolo, Vol. 2, P. 389) പോർത്തുഗീസ് സഞ്ചാരികം, പ്രത്യേകിച്ച ഥെവനോ (Thevenot ക്രി. 1667—ഹി. 1078) എഴുതിയിരിക്കുന്നതു കണ്ണൂർ മുതൽ കന്യാകുമാരിവരെയുള്ള പ്രദേശത്തിന്നാണ് മലബാർ എന്നു പറയുന്നതു എന്നാകുന്നു. (മൂസ്യോ ഥെവനോവിൻെറ സഫർനാമ, ഉർദു തർജ്ജിമ, ഭാ. 63)

മലബാറിൻെറ പടിഞ്ഞാറുഭാഗം കടലും കിഴക്കുഭാഗം പശ്ചിമഘട്ടവുമാണ്. ഇതു രണ്ടിൻേറയും ഇടയിലുള്ള പ്രദേശമാണ് മലബാർ.

പശ്ചിമഘട്ടം മലകളുടെ ഗംഭീരമായൊരു പംക്തിയാണ്. അതു തപതി നദീതടത്തിൽനിന്നു തുടങ്ങി കന്യാകുമാരിവരെ സുമാർ ആയിരം നാഴികയോളം ദൂരത്തിൽ നീണ്ടുകിടക്കുന്നു. ഈ പർവ്വതപംക്തിയുടെ ഉയരം 3000 അടി മുതൽ 8000 അടി വരെയാണ്. വടക്കുഭാഗത്തു ഈ പർവ്വതവും കടലും തമ്മിലുള്ള അകലം 20 നാഴിക മാത്രമാണ്. എന്നാൽ തെക്കോട്ടു പോകുംതോറും അതു ക്രമത്തിൽക്രമത്തിൽ വർദ്ധിച്ചു പാലക്കാട്ടെത്തുമ്പോൾ 60 നാഴികയായിത്തീരുന്നു. പശ്ചിമഘട്ടത്തിൻെറ നീണ്ട പംക്തിയിൽ ഇവിടെ മാത്രം ഒരു വിടവുണ്ട്. ഈ വിടവിൻെറ അകലം 16 നാഴികയാണ്. ഇതിൽക്കൂടിയാണ് റയിൽപ്പാത പടിഞ്ഞാറൻ തീരപ്രദേശത്തേക്കു കടന്നുപോകുന്നത്. ഈ വിടവു മലബാറിൻെറ മദ്ധ്യത്തിലാണ്. അതിന്നടുത്തു പശ്ചിമഘട്ടത്തിൻെറ ഉന്നതമായൊരു കൊടുമുടിയുണ്ട്. അതിൻെറ പേർ ഒട്ടകമല (ഊട്ടക്കമണ്ട്) എന്നാകുന്നു. ഏകദേശം അതിൻെറ പൊക്കം 7600 അടിയാണ്. അതിനോടു തൊട്ടു തെക്കോട്ടു നീണ്ടുപോകുന്ന പർവ്വതപംക്തിക്കു ആനമലയെന്നു പേർ പറയുന്നു. ഈ മലയുടെ ശൃംഗത്തിലാണ് കൊടൈനാൽ (കൊടൈക്കനാൽ) ഉള്ളതു്. അവിടത്തെ കാലാവസ്ഥ നീലഗിരിയിലേതിനെക്കാൾ നല്ലതാണെന്നു കരുതപ്പെടുന്നു.

മലബാർ നല്ല ഫലപുഷ്ടിയും ഐശ്വര്യവും പച്ചപ്പുമുള്ള നാടാണ്. അതിലെ ചെറുതരം മലകളിലും, അവയുടെ താഴ്‌വാരങ്ങളിലും പല തരത്തിലുള്ള ഉൽപന്നങ്ങളും വിളയുന്നുണ്ട്. അതിൽ പലതും ഈ നാട്ടിന്നു പ്രത്യേകമുള്ളതാണ്. ഉദാഹരണമായി, കുരുമുളക്, ചുക്ക്, ഏലക്കായ്, ജാതിപത്രി, കരയാമ്പൂ എന്നീ ക്ഷാരദ്രവ്യങ്ങൾ ഇവിടത്തെ പ്രത്യേക ഉൽപന്നങ്ങളാണ്. കൂടാതെ, വെററില, കരുവേലം, തേങ്ങ, അടക്ക, കാപ്പി, നീലം, സിങ്കോണ എന്നിവയും ഇവിടെ വിളയുന്നു. കുരുമുളകുവള്ളിയും

വെററിലക്കൊടിയും ഇവിടെ ധാരാളമായി വളരുന്നുണ്ട്. ഈ കാരണത്താലാണ് മുസ്ലിംസഞ്ചാരികൾ ഈ നാട്ടിന്നു ബിലാദെ ഫുൽഫുൽ (കുരുമുളകിൻെറ നാട്) എന്നും (അജാഇബുൽഹിന്ദ്, ഭാ. 94) മഅ്ദനെ തൻബൂൽ (വെററിലയുടെ വിളനിലം) എന്നും (Elliot's Historians of Mohammadan India, Persian Text, P. 10) പേർ നൽകിയതു്.

ഇവിടത്തെ കാടുകളിൽ വിലയേറിയ ധാരാളം മരങ്ങളുണ്ടു്. പ്രത്യേകിച്ചു പലതരം മുളകളും തേക്കുകളുമുണ്ടു്. ഈ നാട്ടിൻെറ ഒരു ഭാഗത്തു ഡച്ചുഗവർണ്ണരായി വന്നിരുന്ന വാൻറീഡ് (Van Rheed) ഇപിടത്തെ ഉൽപന്നങ്ങളെപ്പററി വലിയൊരു ഗ്രന്ഥം രചിച്ചിട്ടുണ്ടു്. അതിൻെറ പേർ ഹോർട്ടുസ് മലബാരിക്കുസ് (Hortus Malabaricus) എന്നാകുന്നു. മലബാറിലേയും തെന്നിന്ത്യയിലേയും 794 തരം ഉൽപന്നങ്ങളുടെ വിവരണം അതിൽ അടങ്ങിയിരിക്കുന്നു. ഇവിടത്തെ ഉൽപന്നങ്ങളെപ്പററി യൂറോപ്പിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട ഒന്നാമത്തെ ഗ്രന്ഥമാണതു്. ഈ ഗ്രന്ഥം 12 വാള്യങ്ങളായി ക്രിസ്താബ്ദം 1778-ൽ (ഹി. 1192) ആംസ്റ്റർഡാമിൽനിന്ന് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി.

ഈ നാട്ടിൻെറ ഭൂപരമായ അവസ്ഥ വ്യത്യസ്തമാണ്. ആകയാൽ അതു സ്വാഭാവികമായിത്തന്നെ പല ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. പുരാതനകാലത്തെ ഹിന്ദുക്കൾ ഭൂപരമായ അവസ്ഥയെ മുൻനിറുത്തി ഓരോ ഭാഗത്തിന്നും ഓരോ പേർ നൽകിയിരുന്നു. വടക്കു മണൽപ്രദേശമാണ്. ആകയാൽ അവർ അതിന്നു "പൂഴി" എന്നു പേർ നൽകി. അതിന്നു തെക്കു പെരിയാർ നദിവരെയുള്ള പ്രദേശത്തിന്നു "കടം" എന്നു പേരിട്ടു. അതിൻെറ അർത്ഥം ചതുപ്പുപ്രദേശമെന്നാണ്. ഈ രണ്ടു പ്രദേശങ്ങളുടെയും കിഴക്കുള്ള പ്രദേശത്തിന്നു "കക്കാ" എന്ന പേരാണ് നൽകപ്പെട്ടിരുന്നതു്. അതിൻെറ അർത്ഥം മലംപ്രദേശമെന്നാണ്.

കാനേഷുമാരി വകുപ്പു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കണക്കു പ്രകാരം ഇവിടത്തെ ജനസംഖ്യത്തോതു ഇന്ത്യയിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ചു വളരെ അധികമാണ്. അതു ക്രമാതീത

മായി വദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. താഴെ ചേക്കുന്ന കണക്കിൽനിന്നു ഈ വസ്തുത വ്യക്തമാകുന്നതാണ്.

| കൊല്ലം | ജനസംഖ്യ |
|---|---|
| 1871 | 22,61,250 |
| 1881 | 23,65,035 |
| 1891 | 26,52,565 |
| 1901 | 28,55,555 |

ഇതിൽ 68 ശതമാനം ഹിന്ദുക്കളും 30 ശതമാനം മുസ്ലിംകളും 2 ശതമാനം ക്രിസ്ത്യാനികളുമാണ്. (ഇതു മലബാർ ജില്ലയെമാത്രം സംബന്ധിച്ച കണക്കാണ്.)

## രണ്ടാം അദ്ധ്യായം

# മലബാറിൻെറ ചരിത്രം

ക്രിസ്തുവിൻെറ ജനനത്തിനുമുമ്പ് ഇന്ത്യയുടെ തെക്കൻ ഖണ്ഡത്തിൽ മൂന്നു ഭരണകൂടങ്ങാം സ്ഥാപിതമായിരുന്നു—പാണ്ഡ്യ, ചോള, ചേര. പാണ്ഡ്യഭരണം തെക്കെ അററത്തായിരുന്നു. അതിന്നു കിഴക്കു വയലാർനദി. മുതൽ പെണ്ണാർ വരെയുള്ള മങ്ബർതീരപ്രദേശം ചോളവംശമാണ് ഭരിച്ചിരുന്നതു്. ചേരവംശം വടക്കു കൊങ്കണം മുതൽ തെക്കു കന്യാകുമാരി വരെയുള്ള മലബാർ തീരപ്രദേശവും ഭരിച്ചിരുന്നു. ഈ മൂന്നു ഭരണകൂടങ്ങളും മുസ്ലിംവിജയകാലംവരെ നിലനിന്നിരുന്നു. തെന്നിന്ത്യയിലെ പഴയ സംസ്കാരം ഈ ഭരണകൂടങ്ങളുടെ തണലിലാണ് വളന്നുവന്നതു്.

ചേരവംശത്തിൻെറ പേർ അശോകൻെറ ശിലാലിഖിതങ്ങളിൽ ചേരളംപുത്ര (Chaeralam Putra) എന്നു കാണുന്നു. ഇതിൽനിന്നു ആ വംശത്തിൻെറ പൗരാണികത്വം തെളിയുന്നുണ്ടു്. (Caldwell's Grammar, p. 22) അവരുടെ രാജധാനി വഞ്ചി അഥവാ കരൂർ ആയിരുന്നു. അതിൻെറ അവശിഷ്ടങ്ങാം കൊച്ചി

യിൽനിന്നു 18 നാഴിക വടക്ക പെരിയാർനദീതീരത്തു ഇപ്പോഴും കാണ്മാൻ കഴിയും. പിന്നീട്ട അവർ തിരുവഞ്ചിക്കുളത്തു രാജധാനി പണിയിച്ചു. ഈ നഗരം പെരിയാർനദിയുടെ അഴിമുഖത്തായിരുന്നു. (Indian Antiquary, Vol. XVIII, p. 259—Vol. XXXI, p. 343—Epigraphia India, Vol. IV, p. 294)

ചേരവംശത്തിൻെറ ചരിത്രം ഇപ്പോഴും ഇരുളടഞ്ഞതാണു്. സുന്ദരരാംപലെയും പ്രൊഫസർ കീൽഹോണും (Keilhorn) പ്രസ്തുത വംശത്തിൻെറ 200-ൽപരം ശിലാലിഖിതങ്ങൾ ശേഖരിച്ചിട്ടുണ്ടു്. അവയുടെ സഹായത്താൽ ആ പ്രദേശത്തെസ്സംബന്ധിച്ചു് 12-ാംനൂററാണ്ടുവരെയുള്ള ചരിത്രപരമായ തെളിവുകൾ സിദ്ധിച്ചിരിക്കുന്നു. എന്നാൽ അതിൽ ആകർഷകമായി യാതൊന്നുമില്ല. അതിൽനിന്നു ആ വംശത്തിൻെറ പാരമ്പര്യം അറിയാൻ നിവൃത്തിയുമില്ല. (Epigraphia India, Vol. IV, Supplement O. No. 66 to 939)

പ്രൊഫസർ കീൽഹോണിൻെറ അന്വേഷണപ്രകാരം ആ വംശത്തിലെ ഒടുവിലത്തെ രാജാവു ചേരമാൻപെരുമാളാണു്. അദ്ദേഹം ഇസ്ലാംമതം വിശ്വസിച്ചതിനുശേഷം അറേബ്യയിലേക്ക പോകാൻ ആഗ്രഹിച്ചപ്പോൾ ഭരണത്തിൽനിന്നു ഒഴിയുകയും നാട്ട നാട്ടുമൂപ്പന്മാക്ക പങ്കിട്ടുകൊടുക്കുകയും ചെയ്തു. ഈ പുതിയ ഭരണകർത്താക്കളിൽ കോഴിക്കോട്ടെ സാമൂതിരി പിന്നീട്ട വളരെ പ്രസിദ്ധനും പ്രബലനുമായിത്തീൻ. പ്രാദേശികമായ ഒരു ഐതിഹ്യപ്രകാരം സാമൂതിരി കുടുംബത്തിൻെറ തുടക്കം ഇങ്ങനെയാണു്—ചേരമാൻ പെരുമാൾ തൻെറ രാജ്യം നാട്ടുമൂപ്പന്മാക്ക വിതിച്ചുകൊടുത്തു കഴിഞ്ഞപ്പോൾ ഒരു മൂപ്പൻ ചെന്നു രാജാവിനോടു തനിക്കും ഒരു ദേശം തരണമെന്നു ആവശ്യപ്പെട്ടു. ആ സമയത്തു രാജാവിൻെറ കയ്യിൽ വാളല്ലാതെ മററു യാതൊരു വസ്തുവുമുണ്ടായിരുന്നില്ല. പെട്ടെന്നു മുന്നിൽ നിന്നിരുന്ന ഒരു കോഴികൂകി. രാജാവു് തൻെറ കരവാളം ആ മൂപ്പന്നു കൊടുത്തുകൊണ്ടു, കോഴിയുടെ ശബ്ദം എത്തിയേടത്തോളമുള്ള സ്ഥലം ആ വാൾകൊണ്ടു പടവെട്ടി അധീനപ്പെടുത്തിക്കൊള്ളുവാൻ കല്പിച്ചു. (താരീഖെഫിരിഷ്ത, വാല്യം 2, ഭാ. 270)

ഈ കല്ലറയെത്തുടൎന്നു മൂപ്പൻ ഏതൊരു പ്രദേശം കീഴടക്കിയോ ആ പ്രദേശത്തിൻെറ പേർ കോഴിക്കോട്ട എന്നായി. അതിൻെറ അർത്ഥം "കോഴിയുടെ മുക്ക്" എന്നാകുന്നു.

ചരിത്രകാരന്മാർ ഈ പുതിയ കുടുംബത്തിന്നു സാമൂതിരി എന്ന പേരാണ് നൽകിക്കാണുന്നത്. ഇതൊരു മലയാള പദമാണ്. ഇതു നാലുപ്രകാരത്തിൽ ഉച്ചരിക്കപ്പെട്ടുകാണുന്നുണ്ട്—സാമൂരി, സാമൂതിരി, താമൂരി, താമൂതിരി. ഇതെല്ലാം സാമുദ്രിയുടെ വികൃതരൂപമാണ്. അതിൻെറ അർത്ഥം "സമുദ്ര രാജാവ്" എന്നാകുന്നു. (Mackenzie Collection, Vol. 1, p. XC VII) ചേരവംശത്തിൻെറ ഭരണം സമുദ്രതീരപ്രദേശത്തായിരുന്നു. ആകയാൽ അവർ ഈ പേർ സ്വീകരിച്ചിട്ടുണ്ടായിരുന്നു. കോഴിക്കോട്ടെ ഭരണവും സമുദ്രതീരത്താണ് സ്ഥാപിതമായത്. അതുകൊണ്ടു അവിടത്തെ രാജാക്കളും പിന്നീട് ഈ പേർ സ്വീകരിച്ചു. എന്നാൽ മുസ്ലിം ചരിത്രഗ്രന്ഥങ്ങളിൽ ഈ പേർ ഉപയോഗിച്ചുകാണുന്നതു ഹിജ്റ 10-ാം നൂറ്റാണ്ടിന്നു ശേഷമാണ്. അതിൽ ആദ്യമായി ഈ പേർ ഉപയോഗിച്ചിട്ടുള്ളത് 'തുഹ്ഫത്തുൽ മുജാഹിദീനി'ലാണ്. ചരിത്രകാരനായ ഫിരിശ്ത ആ ഗ്രന്ഥത്തിൽനിന്നാണ് ഈ പേർ അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്.

ഹിജ്റ 10-ാം നൂറ്റാണ്ടിന്നു മുമ്പ് ഈ നാട്ടിൽവന്ന വടക്കൻ സഞ്ചാരികളും ഇവിടത്തെ രാജാവിനെപ്പറ്റി 'സമൂർ' എന്നപേർ പറഞ്ഞുകാണുന്നുണ്ട്. ക്രിസ്താബ്ദം 957-ൽ (ഹി. 346) ചരമം പ്രാപിച്ച സുപ്രസിദ്ധ ചരിത്രകാരനായ അബുൽഹസൻ മസ്ഊദി ഇവിടത്തെ രാജാവിൻെറ പേർ സമൂർ ആണെന്നു എഴുതിയിരിക്കുന്നു. ഈ പ്രദേശത്തിന്നു സമൂരിൻെറ നാട്ട എന്നും അദ്ദേഹം പേർ പറഞ്ഞിരിക്കുന്നു. (മുറൂജുദ്ദഹബ്, വാള്യം 1, ഭാ. 382)

മുസൽമാന്മാരുടെ വഴി തുടൎന്നു പോൎത്തുഗീസുകാർ ഈ നാട്ടിൽ വന്നപ്പോഴും അവരും ഇവിടത്തെ രാജാവിനെപ്പറ്റി സമൂർ എന്ന് പറയാൻ തുടങ്ങി. കുറച്ചു കാലത്തിന്നുശേഷം അതു മാറി സാമോറിൻ (Zamorin) എന്നായിത്തീൎന്നു. യൂറോപ്യൻ സാഹിത്യങ്ങളിൽ ഇന്നും അതു ആ വിധത്തിലാണ് പ്രയോഗിക്കപ്പെടുന്നതു്.

## മൂന്നാം അദ്ധ്യായം

# മലബാറുമായി മറുനാട്ടുകാരുടെ ബന്ധം

മഹാനായ അലക്സാണ്ടരുടെ പുറപ്പാടിന്നു എത്രയോ നൂററാണ്ടുകാംക്കു മുമ്പുതന്നെ മലബാറിൽ അറബികാം വരാൻ തുടങ്ങിയിട്ടുണ്ടായിരുന്നു. മലബാറിലെ ഉൽപന്നങ്ങാം ആദ്യകാലത്തു് പേർസ്യൻ ഉാംക്കടൽവഴിയാണ് അറേബ്യയുടെ തെക്കൻ തീരപ്രദേശത്തു എത്തിയിരുന്നതു്. പിന്നെ അവിടെനിന്നു അറബി സാത്ഥവാഹകസംഘങ്ങാം യമൻ, ഹിജാസ് എന്നീ രാജ്യങ്ങളിലൂടെ സിറിയയിലെ തദ്മൂറിലേക്കും ഈജിപ്തിലെ അലക്സാന്ത്രിയയിലേക്കും അവ കൊണ്ടുപോയിരുന്നു. യൂറോപ്പിലെ കച്ചവടക്കാർ ആ സ്ഥലങ്ങളിൽനിന്നും അവ വാങ്ങിച്ചു അവരുടെ കപ്പോളങ്ങളിലേക്കു കൊണ്ടുപോകുകയും ചെയ്തിരുന്നു. പഴയകാലത്ത് ഇന്ത്യയും ഗ്രീസ്, റോം എന്നീ രാജ്യങ്ങളും തമ്മിൽ നടന്നിരുന്ന വ്യാപാരത്തിൻെറ മദ്ധ്യവർത്തികാം അറബികളും ഈജിപ്തിലെയും സിറിയയിലെയും ജനങ്ങളുമായിരുന്നു.

അറേബ്യയിൽ മലബാർ ഉൽപന്നങ്ങളുടെ വ്യാപാരകേന്ദ്രം ഹസറമൌത്ത് തീരത്തുള്ള സഫാർ നഗരമായിരുന്നു. അവിടത്തെ ജനങ്ങാം നേരിട്ടാണ് മലബാറുമായി വ്യാപാരം നടത്തിയിരുന്നതു്. ഈ കാരണത്താൽ ആ നഗരത്തിലും അതിൻെറ പരിസരങ്ങളിലും മലബാറിൽനിന്നു കൊണ്ടുപോയി നട്ടുവളത്തിയ തെങ്ങ്, കവുങ്ങ്, മുതലായ വൃക്ഷങ്ങളും വെററിലക്കൊടിയും ഇന്നും കാണ്മാൻ കഴിയും. (സനാജത്തുത്തർബി ഫീ തഖട്ടമത്തിൽ അറബി, ഉർദു തർജ്ജിമ, ഭാ. 19)

ബൈബിളിലെ പഴയ നിയമത്തിലെ പുസ്തകങ്ങളിൽനിന്നു മനസ്സിലാകുന്നതു ദാവീദ, ശലോമോൻ എന്നീ പ്രവാചകന്മാരു

ടെ കാലത്തു യിസ്രയേല്യർ മലബാറുമായി വ്യാപാരബന്ധം സ്ഥാപിച്ചിട്ടുണ്ടായിരുന്നുവെന്നാണ്. ശലോമോൻ തൻെറ ഭരണകാലത്തു രണ്ടു കപ്പലോട്ടസംഘങ്ങളെ ഓഫീരിലേക്കും തർശീശിലേക്കും അയച്ചിരുന്നുവെന്നു രാജാക്കന്മാർ, ദിനവൃത്താന്തം എന്നീ പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. അവരുടെ ഉദ്ദേശ്യം ആ രാജ്യങ്ങളിൽനിന്നു പൊന്നു, വെള്ളി, ചന്ദനം, ആനക്കൊമ്പ്, മയിൽ, കുരങ്ങ് എന്നിവ കയററിക്കൊണ്ടു വരുകയായിരുന്നു.

തർശീശിലേക്കുള്ള സംഘം മൂന്നു കൊല്ലംകൊണ്ടാണ് തിരിച്ചുവന്നിരുന്നതു്. യിസ്രയേല്യരുടെ ഈ വ്യാപാരയാത്ര ശലോമോന്നു ശേഷവും യെഹോശാഫാത്തു രാജാവിൻെറ കാലം വരെ തുടൎന്നുകൊണ്ടിരുന്നു. യെഹോശാഫാത്തു രാജാവും പത്തു കപ്പലുകളുടെ ഒരു സമൂഹത്തെ തർശീശിലേക്കും ഓഫീരിലേക്കും അയക്കാനായി തയ്യാറാക്കിയിരുന്നു. എന്നാൽ അവ തുറമുഖത്തുനിന്നു പുറപ്പെടുന്നതിന്നുമുമ്പായി ഒരു കൊടുങ്കാററിൽ കുടുങ്ങി നാശമടഞ്ഞുപോയി. (രണ്ടാം ദിനവൃത്താന്തം, 20-37. രണ്ടാം രാജാക്കന്മാർ 22-48)

യിസ്രയേല്യരുടെ തുറമുഖം എസ്യോൻഗേബർ ആയിരുന്നു. അതു ചെങ്കടലിൻെറ ഉപരിഭാഗത്താണുള്ളതു്. (ഒന്നാം രാജാക്കന്മാർ, 9-26) അവിടെവെച്ചാണ് അവർ കപ്പൽ പണിതിരുന്നതു്. ഓഫീരും തർശീശും എവിടെയാണെന്നതിനെപ്പററി അഭിപ്രായവ്യത്യാസമുണ്ടു്. പ്രൊഫസർ ലാസ്സനും (Lassen) ജനറൽ കണ്ണിങ്ങാമും (Canningham) അഭിപ്രായപ്പെടുന്നതു് ഓഫീർ, റോമൻ ഭൂമിശാസ്ത്രകാരനായ ബത്തലമോസു (Ptolemy) മെഹറാനിലെ (സിന്ധുനദി) ഡെൽററയിലുള്ളതായി പറഞ്ഞിരിക്കുന്ന അബീറാ ആണെന്നാണ്. എ

ന്നാൽ ഈ അഭിപ്രായം പഴയനിയമത്തിന്നു എതിരാണ്. ഉൽപത്തിപുസ്തകത്തിൽനിന്നു മനസ്സിലാകുന്നതു ഓഫീർ യോക്താന്റെ മകന്റെ പേരാണെന്നാണ്. (ഉൽപത്തി 10-29) യോക്താനും ഓഫീറും യോക്താന്റെ മററു പുത്രന്മാരും അറേബ്യയിലെ തെക്കുകിഴക്കൻ പ്രദേശത്തു മേശാ മുതൽ കിഴക്കൻ മലയായ സഫാർ വരെയാണ് കുടിപാർത്തിരുന്നതു്. ആകയാൽ ഓഫീറിനെ ഇന്ത്യയിലെന്നതിന്നു പകരം തെക്കൻ അറേബ്യയിൽ അന്വേഷിക്കുന്നതാണ് യുക്തമായിരിക്കുക.

പഴയ നിയമത്തിന്റെ ഗ്രീക്കു തർജ്ജിമയിൽ, ക്രിസ്തുവിന്റെ ജനനത്തിനുമുമ്പ 72 യഹൂദവിദ്വാന്മാർ ചേൎന്ന് അലക്സാന്ത്രിയയിൽവെച്ചു ചെയ്തതും സെപ്ററുവാജിൻറ (Septuagint) എന്നു പറയപ്പെടുന്നതുമായ തർജ്ജിമയിൽ, ഈ പേർ പുറപ്പാടിന്നു പുറമെ മറെറല്ലാം പുസ്തകങ്ങളിൽ എവിടെയെല്ലാം വന്നിട്ടുണ്ടോ അവിടെയെല്ലാം സോഫീർ എന്നും സോഫീറാ എന്നുമാണ് എഴുതിയിരിക്കുന്നതു്. ആകയാൽ അതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു ഒന്നുകിൽ, ഹസറമൌത്തിലെ സുപ്രസിദ്ധ നഗരമായ സഫാറോ അല്ലെങ്കിൽ യമനിലെ പഴയ രാജധാനിയായ സഫാലയോ ആയിരിക്കണം.

തർശീശു ഏഷ്യാമൈനറിലെ ഖലീഖിയ്യ (Cilicia) യിലെ ഒരു നഗരമാണെന്നാണ് പൊതുവിൽ കരുതപ്പെടുന്നതു്. എന്നാൽ യിസ്രായേല്യർ അവിടേക്കയച്ച കപ്പൽ സംഘങ്ങൾ അഖബ ഉൾക്കടലും ചെങ്കടലും കടന്നുപോയിരുന്നുവെന്നതുകൊണ്ടു അതിന്റെ സ്ഥാനത്തെപ്പററിയുള്ള ആ അഭിപ്രായത്തെ വിഗണിച്ചുകൊണ്ടു പുതിയൊരു അഭിപ്രായം രൂപവൽക്കരിക്കേണ്ട ആവശ്യം നേരിടുന്നു.

തർശീശിൽനിന്നു ശലോമോന്റെ അടുക്കൽ എത്തിച്ചേർന്നിരുന്ന സാമാനങ്ങളിൽ, ഇന്ത്യയിൽ മാത്രമുള്ള ചന്ദനം, മയിൽ മുതലായതുമുണ്ടായിരുന്നു. (ഒന്നാം രാജാക്കന്മാർ, 10-11&22. രണ്ടാം ദിനവൃത്താന്തം, 9-10, 11)

ഈ വസ്തുക്കൾക്കു ഹീബ്രുവിൽ പറയുന്ന പേരുകളാണെങ്കിൽ ദ്രാവിഡഭാഷകളുമായി ബന്ധപ്പെട്ടതാണ്. ഹീബ്രുഗ്രന്ഥങ്ങളിൽ ചന്ദനത്തിന്നു അലഗ്ഗും എന്നും മയിലിന്നു തുകീ എന്നുമാണ് പേർ പറഞ്ഞുകാണുന്നതു്. അതു മലയാളത്തിലെ അലഗു (Alagu) എന്ന പദവും തമിഴിലെ തുകി (Tuki) അല്ലെങ്കിൽ തുഗി (Tugi) എന്ന പദവും നേരെ ഹീബ്രുവിലേക്കു പ്രവേശിച്ചതാണ്. യിസ്രയേല്യർ ഈ വസ്തുക്കൾ നേരിട്ടു മലബാറിൽനിന്നു കൊണ്ടുപോയതായിരുന്നുവെന്നതിന്നു ഇതു വ്യക്തമായൊരു തെളിവാണ്. ആ സ്ഥിതിക്കു തർശീശു ഈ നാട്ടിലായിരുന്നുവെന്നും അതു മാഞ്ഞു വിസ്മൃതിയിൽ ആണ്ടുപോയതാണെന്നും അനുമാനിക്കുന്നതാണ് യുക്തമായിരിക്കുക.

തമിഴിൽ അരിക്കു അരിശി എന്നാണ് പറയുന്നതു്. ഈ പദം അല്പമായ മാററത്തോടുകൂടി അറബിയിലും ഹീബ്രുവിലും ഉർസ് എന്നും ഗ്രീക്കിൽ ഉരുസ് എന്നും ആയിത്തീൎന്നു. ക്രിസ്തുവിന്നു നാലഞ്ചു നൂററാണ്ടുകാലം മുമ്പ് മലബാറിൽനിന്നു അറേബ്യയിലേക്കു ധാരാളം അരി കയററിക്കൊണ്ടുപോവുക പതിവായിരുന്നു. സോഫോക്ലിസിന്റെ (Sophocles) കാലത്തു ഗ്രീക്കുകാർ അതു ഏററവും നല്ലൊരു ഭക്ഷണപദാൎത്ഥമായി ഉപയോഗിച്ചിരുന്നു. അറബികളും യിസ്രയേല്യരും ഗ്രീക്കുകാരും മലബാറിൽനിന്നു അരി കയററിക്കൊണ്ടുപോയിരുന്നുവെന്നതിന്നു ഈ സംഗതികളെല്ലാം മതിയായ തെളിവാണ്.

അറബികൾ എന്തെല്ലാം സാധനങ്ങളിൽ വ്യാപാരം നടത്തിയിരുന്നുവോ ആ സാധനങ്ങളെല്ലാം ഇന്ത്യയിലെ ഉൽപന്ന

ങ്ങളാണെന്നു ഗ്രീക്കുകാൎക്കും റോമക്കാൎക്കും അറിയാമായിരുന്നു. എന്നാൽ ഇന്ത്യയിലേക്കു പോകുന്നതു ഏതു വഴിക്കാണെന്നു അവൎക്കു വിവരമുണ്ടായിരുന്നില്ല.

ക്രിസ്തുവിനു 20 കൊല്ലം മുമ്പ് സീസർ ആഗസ്റ്റസ് (Agustus) ഈജിപ്ത് ജയിച്ചടക്കിയതിൻെറ ഫലമായി ചെങ്കടൽ റോമക്കാരുടെ അധീനത്തിലായി. ഈ സംഭവത്തിനുശേഷം സീസർ ക്ലോഡിയസിൻെറ (Claudius) കാലത്തു റോമക്കാരുടെ ഒരു കപ്പൽ ചെങ്കടലിൽനിന്നു പുറപ്പെട്ടു. എന്നാൽ എതിർക്കാററിൽ പെടുകയാൽ അതു വന്നെത്തിയതു ഇന്ത്യയുടെ തെക്കൻ തീരപ്രദേശത്തായിരുന്നു. ഇന്ത്യയിലേക്കു അറേബ്യൻ തീരപ്രദേശത്തുകൂടിയല്ലാതെ നേരിട്ടു പോകാമെന്നു അന്നു റോമക്കാൎക്കു മനസ്സിലായി. അതിന്നുശേഷം ഈജിപ്തിലെ റോമൻ വ്യാപാരികൾ ഇന്ത്യൻ തീരത്തു വരാൻ തുടങ്ങി. അവർ മലബാറിനെ അവരുടെ വ്യാപാരകേന്ദ്രമാക്കുകയും ചെയ്തു. അന്നു ഈജിപ്തിൽനിന്നു പുറപ്പെട്ടിരുന്ന കപ്പലുകൾ രണ്ടു മാസവും പത്തുദിവസവും കൊണ്ടാണ് മലബാർ തീരത്തു എത്തിയിരുന്നതെന്നു പ്ലീനി (Pliny) പറയുന്നു. തമട്ടനെ ഹിന്ദ്, ഭാ. 171) മുസിരിസും (Muziris) ഫോഹാറും (Phohar) അക്കാലത്തു മലബാറിലെ പ്രധാനപ്പെട്ട തുറമുഖങ്ങളായിരുന്നു. അവിടെനിന്നാണ് റോമൻ കപ്പലുകൾ ഇന്ത്യൻ സാമാനങ്ങൾ കയററിക്കൊണ്ടുപോയിരുന്നതു്. ക്രിസ്താബ്ദം ഒന്നാമത്തെയും രണ്ടാമത്തെയും ആററാണ്ടുകളിൽ വളരെ അധികം റോമക്കാർ ആ തുറമുഖങ്ങളിൽ അധിവാസമുറപ്പിച്ചിട്ടുണ്ടായിരുന്നു. മുസിരിസിൽ അവർ സീസർ ആഗസ്റ്റസിൻെറ പേരിൽ ഗംഭീരമായൊരു ദേവാലയം പണിയുകയും ചെയ്തിരുന്നു. പഴയ തമിഴ് സാഹിത്യങ്ങളിൽ ആ റോമക്കാൎക്കു യവനർ എന്നാണ് പേർ പറഞ്ഞിരിക്കുന്നതു്. ചേരരാജാവിൻെറ രക്ഷാ സൈന്യത്തെപ്പററി തമിഴ് കാവ്യങ്ങളിൽ 'ധീരന്മാരായ' 'യവനർ' എന്നും 'കഠിനഹൃദയന്മാർ' എന്നും 'പ

ഞ്ഞിരിക്കുന്നു. റോമിൽനിന്നു ഇവിടത്തെ സൈന്യത്തിൽ പുതുതായി ചേൻനവരാണ് ഇതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിരുന്നതു്.

ഇക്കാലത്തു മലബാറിൽനിന്ന് അധികമായി കയററുമതി ചെയ്തിരുന്നതു മൂന്നു സാധനങ്ങളാണ്-കുരുമുളകു്, മുത്തു്, പന്ന. കുരുമുളകു് മലബാറിൽമാത്രം വിളയുന്ന ഒരു ഉൽപന്നമാണ്. മുത്തു തെന്നിന്ത്യയിലെ സമുദ്രത്തിൽനിന്നു ഇപ്പോഴും ധാരാളമായി കിട്ടിക്കൊണ്ടിരിക്കുന്നു. പന്ന മരതകത്തോടു സാദൃശ്യമുള്ള വിലയേറിയ ഒരു രത്നമാണ്. അതു റോമക്കാക്കു വളരെ പ്രിയമായിരുന്നു. റോമൻ വ്യാപാരികഠം ഇവിടത്തെ രണ്ടു ഖനികളിൽനിന്നാണ് അതു ശേഖരിച്ചിരുന്നതു്. ഒരു ഖനി മൈസൂരിൽ കല്ലൂറിന്നടുത്തു കബ്ബനി നദീതീരത്തായിരുന്നു. രണ്ടാമത്തതു കോയമ്പത്തൂർനിന്നു 40 നാഴിക തെക്കു കിഴക്കുള്ള പടിയൂർ എന്ന സ്ഥലത്തും.

പഴയ കാലത്തു യൂറോപ്യൻജനങ്ങഠം വളരെ അധികം വില കൊടുത്താണ് കുരുമുളകു് വാങ്ങിച്ചിരുന്നതു്. അതു സ്വർണ്ണത്തെക്കാഠം വിലപിടിച്ചതായി കണക്കാക്കപ്പെടുകയും ചെയ്തിരുന്നു. ഗോത്ത്കാരുടെ രാജാവ് അലാരിക്കു് (Alaric) യുദ്ധത്തിൽ റോമക്കാരെ പരാജയപ്പെടുത്തിയതിന്നുശേഷം യുദ്ധനഷ്ടപരിഹാരമാവശ്യപ്പെട്ടപ്പോഠം അതിൽ 300 റാത്തൽ കുരുമുളകും ഉഠംപ്പെടുത്തിയിട്ടുണ്ടായിരുന്നു.

റോമൻ എഴുത്തുകാരനായ പ്ലിനിയും ബത്ത്ലമോസും മലബാറിലെ തുറമുഖങ്ങളും വ്യാപാരകേന്ദ്രങ്ങളുമായി നല്ലവണ്ണം പരിചയപ്പെട്ടിരുന്നു. അക്കാലത്തു ക്രിസ്താബ്ദം 80-നു അടുത്തു, ഒരു റോമൻ വ്യാപാരി മലബാർ സന്ദർശിച്ചിട്ടുണ്ടായിരുന്നു. പെരിപ്ലസ് (Periplus of the Erythraean Sea) എന്ന പേരിൽ അദ്ദേഹമെഴുതിയ സഞ്ചാരഡയറിയിൽ മലബാറിനെപ്പററിയും ഇവിടത്തെ റോമൻ വ്യാപാരികളെപ്പററിയും ഉപകാരപ്ര

മായ വിവരങ്ങൾ അടങ്ങിയിട്ടുണ്ടു. മലബാറും തെന്നിന്ത്യയുമായി റോമക്കാർ സ്ഥാപിച്ച വ്യാപാരബന്ധം ക്രിസ്തുവിന്നുശേഷം രണ്ടു നൂററാണ്ടുകാലംവരെ നല്ലനിലയിൽ തുടൎന്നുകൊണ്ടിരുന്നു. ഈജിപ്തിലെ ബത്ത്ലെമോസ് രാജാക്കന്മാരുടെ പരിശ്രമംകൊണ്ടു ആ ബന്ധം അസ്സലായി അഭിവൃദ്ധിപ്പെടുകയും ചെയ്തു. ഈ വ്യാപാരത്തിൻെറ ഈജിപ്തിലെ കേന്ദ്രം അലക്സാന്ത്രിയയായിരുന്നു. ക്രിസ്താബ്ദം 215-ൽ കാരകല്ലാ (Caracalla) അലക്സാന്ത്രിയയിൽ ഒരു കൂട്ടക്കൊല നടത്തി. അതിൻെറ ഫലമായി നഗരം നാശമടയുകയും അലക്സാന്ത്രിയയിലെ ജനങ്ങൾ മുഖാന്തരം ഇന്ത്യയുമായുണ്ടായിരുന്ന വ്യാപാരബന്ധം നിലക്കുകയും ചെയ്തു. കുറച്ചു കാലത്തിന്നുശേഷം അതു പുനരാരംഭിക്കപ്പെട്ടെങ്കിലും തുലോം പരിമിതമായ തോതിലായിരുന്നു. (J. R. A. S. Oct. 1907, pp. 954-5). അതിന്നുശേഷം ആ വ്യാപാരം വീണ്ടും അറബികളുടെ അധീനത്തിലായി. അന്നുമുതൽ പോൎത്തുഗീസുകാരുടെ ആഗമനകാലംവരെ അറബികളായിരുന്നു ആ വ്യാപാരത്തിൻെറ അധിപന്മാർ.

കാററിൻെറ ഗതി കിഴക്കോട്ടു തിരിയുന്ന ജൂലായി, ആഗസ്തു് മാസങ്ങളിൽ അറബികളുടെ കപ്പൽ മലബാർതീരത്തേക്കു പുറപ്പെടുകയും, ഇവിടെ മൂന്നുനാലു മാസക്കാലംവരെ താമസിച്ചു കച്ചവടം നടത്തിയതിന്നുശേഷം ഡിസെമ്പറിലോ ജനുവരിയിലോ നാട്ടിലേക്കു മടങ്ങിപ്പോവുകയുമായിരുന്നു പതിവു്. അക്കാലത്തുഒരു ഭാഗത്തേക്കുള്ള യാത്ര 30 മുതൽ 40 വരെ ദിവസംകൊണ്ടാണു് മുഴുമിച്ചിരുന്നതു്. (Early History of India, p. 697)

## നാലാം അദ്ധ്യായം

# മലബാറിൽ തോമാശ്ലീഹായുടെ ആഗമനം

മതപ്രചരണത്തിന്നായി തോമാശ്ലീഹാ (St Thomas) ഇന്ത്യയിലേക്കു വന്നിരുന്നുവെന്നു ക്രിസ്ത്യാനികളുടെ മതേതിഹാ

സങ്ങളിൽനിന്നു മനസ്സിലാകുന്നു. (തോമാശ്ലീഹായുടെ ഇന്ത്യയിലേക്കുള്ള ആഗമനം സംബന്ധിച്ച പുരാതന ക്രൈസ്തവേതിഹാസങ്ങളിലുള്ള എല്ലാ വിവരങ്ങളും ഡബ്ല്യൂ. ആർ. ഫിലിപ്സ് ശേഖരിച്ചിട്ടുണ്ട്. (Indian Antiquary Vol. XXXII, pp. 15—160—245) തോമാശ്ലീഹാ ആദ്യം സഖൂത്താറ ദ്വീപിലാണ് മതപ്രചരണത്തിന്നു വന്നതെന്നാണ് പറയപ്പെടുന്നതു്. അവിടെ മതപ്രചരണം നടത്തിയതിന്നുശേഷം ക്രി. 52_ന്നു അടുത്തകാലത്തു ഇന്ത്യയിലേക്കു പുറപ്പെട്ടു. അദ്ദേഹം ആദ്യമായി കപ്പലിറങ്ങിയതു കൊടുങ്ങല്ലൂരിലാണ്. (പ്ലിനി Muziris എന്നു പേർ പറഞ്ഞിരിക്കുന്നതു കൊടുങ്ങല്ലൂരിന്നാണ്.) അദ്ദേഹം ദീർഘകാലം ഈ നാട്ടിൽ മതപ്രബോധനം നടത്തിക്കൊണ്ടിരുന്നു. വളരെ അധികം ജനങ്ങൾ ക്രിസ്തുമതം സ്വീകരിച്ചതിനെത്തുടർന്നു അദ്ദേഹം താഴെ പറയുന്ന സ്ഥലങ്ങളിൽ ചർച്ചുകൾ പണിയിച്ചു:—(1) കൊടുങ്ങല്ലൂർ. (2) കൊല്ലം. (3) പാലയൂർ. (4) പറവൂർ. (5) പള്ളിപ്പുറം. (6) കോകമംഗലം. (7) നിരണം (8) നെല്ലാക്കൽ.

ഈ സ്ഥലങ്ങളെല്ലാം കൊടുങ്ങല്ലൂർ മുതൽ കന്യാകുമാരിവരെയുള്ള തീരപ്രദേശത്തുള്ളവയാണ്. തോമാശ്ലീഹാ തദ്ദേശനിവാസികളിൽനിന്നു രണ്ടു കുടുംബങ്ങളെ തിരഞ്ഞെടുത്തു മതനേതാക്കളായി നിയമിക്കുകയും മേൽപറഞ്ഞ 8 ചർച്ചുകളുടേയും അധികാരം അവരെ ഏല്പിക്കുകയും ചെയ്തു. ഈ നേതാക്കൾ ശങ്കർപൂരി എന്നും പകലോമറ്റം എന്നും പേരുള്ള രണ്ടു കുടുംബങ്ങളുമായി ബന്ധപ്പെട്ടവരാണ്. ഒടുവിൽ പറഞ്ഞ കുടുംബം 8_ാം നൂററാണ്ടുവരെ നിലനിന്നിരുന്നു. പോർത്തുഗീസുകാരുടെ കാലത്തു ആർച്ച്ഡീക്കന്മാരെയും ഡച്ചുകാരുടെ കാലത്തു പള്ളിവികാരിമാരെയും നൽകിയിരുന്നതു ഈ കുടുംബമാണ്. (Indian Christians of St Thomas. pp. 76-91)

മലബാറിലെ മതപ്രചാരവേല പൂർത്തിയാക്കിയതിനുശേഷം തോമാശ്ലീഹാ മഅ്ബർ എന്നറിയപ്പെടുന്ന കിഴക്കൻതീരപ്രദേശത്തേക്കു പോയി. അദ്ദേഹം അവിടെച്ചെന്നു ഒരു മലയുടെ മുകളിൽ താമസമുറപ്പിച്ചു. അതിൻെറ പരിസരത്തിൽ വച്ചു ഏതോ മതദ്രോഹികൾ അദ്ദേഹത്തെ വധിച്ചുകളഞ്ഞു. ആ മല മദിരാശിക്കടുത്തു സമുദ്രതീരത്തുള്ളതാണ്. യൂറോപ്യൻ ഗ്രന്ഥകാരന്മാർ അതിന്നു St Thomas Mount എന്നും പേർ സ്യൻഗ്രന്ഥകാരന്മാർ ഫറങ്കിമലയെന്നും പേർ പറയുന്നു. സാൻതോം (San-Thome) എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹത്തിൻെറ ശവകുടീരം മൈലാപ്പൂരിൽ ഇപ്പോഴുമുണ്ട്. അതൊരു പൊതു സന്ദർശനകേന്ദ്രമാണ്.

തമിഴ് ഇതിഹാസപ്രകാരം ക്രിസ്താബ്ദം 3-ാം നൂററാണ്ടിൻെറ ഒടുവിൽ മാണിക്കഭാസ്സർ എന്നുപേരായ ഒരു ശൈവമതഭക്തനുണ്ടായിരുന്നു. അദ്ദേഹം 270-ൽ മലബാർതീരത്തു വന്നുവെന്നും രണ്ടു ക്രൈസ്തവകുടുംബത്തെ വാദപ്രതിവാദത്തിൽ പരാജയപ്പെടുത്തി ഹിന്ദുമതത്തിലേക്കു പരിവർത്തനം ചെയ്യിച്ചുവെന്നും പറയപ്പെടുന്നു. ആ കുടുംബങ്ങളുടെ സന്താനങ്ങൾ ഇപ്പോഴും മലബാറിലുണ്ട്. (Tamilian Antiquary, Vol· I, No· IV, pp· 53-505-73-79). മലബാറിൽ ക്രിസ്തുമതത്തിന്നു കാര്യമായ പ്രചാരം സിദ്ധിച്ചിരുന്നുവെന്നതിന്നു ഇതു മതിയായ തെളിവാണ്. 3-ാം നൂററാണ്ടിൻെറ ഒടുവിലാണ് ക്രിസ്തുമതം ഇവിടെ പ്രചരിക്കാൻ തുടങ്ങിയതെന്ന അഭിപ്രായത്തെ ഇതു ഖണ്ഡിക്കുകയും ഈ നാട്ടിൽ തോമാശ്ലീഹാ വന്നിരുന്നുവെന്നു ഇതുകൊണ്ടു സ്ഥാപിതമാവുകയും ചെയ്യുന്നു.

ഇസ്ലാംമതത്തിൻെറ ആവിർഭാവത്തിന്നുമുമ്പ് സാസാനിയക്കാരുടെ ആഭിമുഖ്യത്തിൽ അധിവാസം ചെയ്യപ്പെട്ടിരുന്ന ക്രൈസ്തവരാജ്യങ്ങൾ നെസ്റ്റോരിയൻ (Nestoris) വിശ്വാസമാണ്

കൈക്കൊണ്ടിരുന്നതു്. അവരുടെ തലസ്ഥാനം നസീബൈൻ ആയിരുന്നു. അതിൻെറ അവശിഷ്ടങ്ങൾ ഇറാഖിൽ മൂസലിന്നടുത്തു ഇപ്പോഴും കാണ്മാനുണ്ടു്. ഇറാഖിലെ ജനങ്ങൾ പേർസ്യൻ ഉൾക്കടൽവഴിയാണ് എന്നും മലബാർതീരത്തു വന്നുകൊണ്ടിരുന്നതു്. അവരുടെകൂടെ നെസ്തോരിയൻ ഉപദേശികളും മലബാറിലും മഅ്ബറിലും വരാൻതുടങ്ങി. അവർ അവിടെ അവരുടെ ചർച്ച് സ്ഥാപിക്കുകയുംചെയ്തു. അതിൻെറ പൌരാണികത്വം തെളിയിക്കുന്നതും അവരാൽ കൊത്തപ്പെട്ടതുമായ ഒരു ശിലാലിഖിതം ഇപ്പോഴുമുണ്ടു്. സെൻറ്തോമാസ് മലയിൽ റോമൻ കത്തോലിക്കാ ക്രിസ്ത്യാനികളുടെ വകയായ ഒരു പഴയ ചർച്ചുണ്ട്. അതു അക്ബർചക്രവർത്തിയുടെ സിംഹാസനാരോഹണത്തിന്നു 9 കൊല്ലംമുമ്പു ക്രിസ്താബ്ദം 1547-ൽ (ഹി. 954) പണിതീർത്തതാണ്. അതു പണിയുന്ന അവസരത്തിൽ മേൽപറഞ്ഞ ശിലാലിഖിതം മററേതോ സ്ഥലത്തുനിന്നു കൊണ്ടുവന്നു അവിടെ സ്ഥാപിച്ചു. അതിൻെറ ആകൃതി കുരിശിൻേറതാണ്. അതിൻെറ ചുററും പഹ്ലവി ലിപിയിലുള്ള വാചകമാണ് കൊത്തിയിട്ടുള്ളതു്. ആ ലിപി ഇസ്ലാമിന്നുമുമ്പു സാസാനികളുടെ ഭരണകാലത്തു ഈറാനിൽ പ്രചാരത്തിലുണ്ടായിരുന്നതാണ്. അതു ഹിജ്റ രണ്ടാം നൂററാണ്ടിൽ ക്രിസ്താബ്ദം 700-നു അടുത്തകാലത്തു് കൊത്തപ്പെട്ടതാണെന്നാണ് പുരാതനവസ്തുഗവേഷണവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്. (Pahlavi Inscription in South India by A. C. Burnell, Printed at Bangalore in 1873)

ക്രിസ്താബ്ദം 4-ാം നൂററാണ്ടായപ്പോഴേക്കു യഹൂദമതവും ക്രിസ്തുമതവും യമനിലും ഹസാമൌത്തിലും പ്രചരിച്ചുകഴിഞ്ഞിരുന്നു. ഒടുവിൽ ഹമീരീ രാജാക്കന്മാരും യഹൂദമതം സ്വീകരിച്ചു. അതിന്നുശേഷം അവരുടെ പ്രദേശത്തുണ്ടായിരുന്ന ക്രിസ്ത്യാനിക

ളെ അവർ നിർബ്ബന്ധിച്ച യഹൂദമതത്തിൽ ചേർത്തുകൊണ്ടിരുന്നു. ഇസ്ലാംമതത്തിൻെറ അവിർഭാവത്തിന്നു അല്പംമുമ്പു അബിസീനിയയിലെ ക്രിസ്ത്യാനികാം—അവരെപ്പററി വിശുദ്ധഖുർആനിൽ അസ്ഹാബുൽഫീൽ എന്നാണ് പറയപ്പെട്ടിരിക്കുന്നത്—യമൻ അധീനപ്പെടുത്തി. ആ സമയത്തു ക്രിസ്ത്യാനികളും യഹൂദരും തമ്മിൽ വമ്പിച്ച തോതിലുള്ള ഏററമുട്ടലുണ്ടായി. അതേ കാലത്തുതന്നെ രണ്ടു കൂട്ടരും ഒരു വാദപ്രതിവാദസമ്മേളനത്തിന്നു ഏർപ്പാടു ചെയ്തു. ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്നു സഫാറിലെ ബിഷപ്പു ഗ്രിഗൻറിയൂസും (Gregentius) ഹമീരീ യഹൂദരുടെ ഭാഗത്തുനിന്നു ഹെർബാനൂസും (Herbanus) വാദപ്രതിവാദം നടത്തി. വാദപ്രതിവാദംകൊണ്ടു നിർണ്ണായകമായ ഫലമൊന്നുമുണ്ടാകാഞ്ഞതുകൊണ്ടു പ്രാർത്ഥനാമത്സരം നടത്താൻ തീരുമാനിച്ചു. അതിൽ ക്രിസ്ത്യാനികാം വിജയികളായി. അതിന്നുശേഷം അവർ യഹൂദരെ ദ്രോഹിക്കാൻ തുടങ്ങി. (സെയിലിൻെറ ഖുർആൻഭാഷ്യത്തിൻെറ അമുഖം ഭാ. 160) ഈ സംഭവത്തെത്തുടന്നു, കച്ചവടത്തിന്നായി മലബാറിൽ വരാറുണ്ടായിരുന്ന യഹൂദരും അവരുടെ ബന്ധുമിത്രാദികളും മലബാറിലേക്കു കുടിയേറിപ്പാർപ്പിന്നായി പോന്നു. അവർ ഇവിടെ വന്നു ചാലിയം എന്നും ശിങ്കലി (കൊടുങ്ങല്ലൂർ) എന്നും പേരുള്ള രണ്ടു നഗരങ്ങളിലായി പാർപ്പുറപ്പിക്കുകയും ചെയ്തു. അബൂൽഫിദായുടെ കാലം വരെ ആ നഗരങ്ങാം നിലവിലുണ്ടായിരുന്നു. അവിടെ അറേബ്യൻ യഹൂദഗോത്രങ്ങാം താമസിക്കുകയും ചെയ്തിരുന്നു. (തഖ്‌വീമുൽബുൽദാൻ, ഭാ. 355)

## അഞ്ചാം അദ്ധ്യായം

---

# മലബാറിൽ മുസ്ലിംകളുടെ ആഗമനം

ഇസ്ലാംമതസ്ഥാപകരായ മുഹമ്മദുനബി (സ. അ.) മക്കയിൽനിന്നു മദീനയിലേക്കു പലായനം ചെയ്ത കാലംമുതല്ക്കേ ഇസ്ലാം മതം ഊർജ്ജിതമായി പ്രചരിക്കാൻ തുടങ്ങി. ഏഴെട്ടു കൊല്ലംകൊണ്ടു അറേബ്യയിലെ നൂറുകണക്കിൽ ഗോത്രങ്ങൾ ഇസ്ലാംമതം സ്വീകരിച്ചു. വലിയ വലിയ നേതാക്കൾ തങ്ങളുടെ ഇസ്ലാംമതസ്വീകരണത്തെക്കുറിച്ചു അറിയിക്കാനായി പ്രവാചകരുടെ അടുക്കലേക്കു പ്രതിനിധികളെ അയച്ചു. യമനിലെയും ഹസറമൗത്തിലെയും തീരങ്ങളിലെ ജനങ്ങൾ ഹിജ്റ 9-ലും 10-ലുമായി (ക്രി. 630-31) ഇസ്ലാംമതാവലംബികളായി. അവരെല്ലാം വ്യാപാരിവർഗ്ഗത്തിൽപെട്ടവരായിരുന്നു. അക്കാലത്തു അവരുടെ കടൽക്കച്ചവടം വളരെയധികം അഭിവൃദ്ധിപ്രാപിച്ചിരുന്നു. അവരുടെ കപ്പലുകൾ പേർസ്യ, ഈജിപ്തു, സിന്ധു, കൊങ്കണം, മലബാർ മഅ്ബർ, സിലോൺ, ഖാഖില, സാബിജ് (ജാവ), ചൈന, മാചൈന, മുതലായ രാജ്യങ്ങളിലേക്കു പോയ്ക്കൊണ്ടിരുന്നു. അവർ വ്യാപാരാർത്ഥം ഏതെല്ലാം സ്ഥലങ്ങളിൽ പോയിരുന്നുവോ അവിടെയെല്ലാം ഇസ്ലാം മതത്തിൻെറ സന്ദേശം എത്തിച്ചു. അങ്ങനെ ആദ്യത്തെ നൂററാണ്ടിൽതന്നെ ഇസ്ലാമിൻെറ ശബ്ദം ഇന്ത്യ കടന്നു സിലോൺവരെ എത്തി. സുപ്രസിദ്ധ ഖലീഫയായ അബ്ദുൽ മലിക്കുബ്നു മർവാൻെറ കാലമായപ്പോഴേക്കു (ക്രി. 684-705. ഹി. 65-86) മുസ്ലിം വ്യാപാരികളുടെ ഒരു സംഘം കുടുംബസമേതം സിലോണിൽ വന്നു താമസമുറപ്പിച്ചു.

പർസ്യൻ ഉൾക്കടലിലെ ഹർമോസ് (Hormuz) എന്ന നഗ

രത്തിൽ ബുസുർഗ്ഗുബ്നുശഹർയാർ എന്നു പേരായ ഒരു അജമി കപ്പലോട്ടക്കാരനുണ്ടായിരുന്നു. അദ്ദേഹം ഹിജ്റ 404-ൽ (ക്രി. 1013) തൻെറ കപ്പൽസഞ്ചാരത്തെപ്പററി ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിൻെറ പേർ അജാഇബുൽ ഹിന്ദ് (ഇന്ത്യയിലെ അത്ഭുതങ്ങൾ) എന്നാണ്. അതിൽ സിലോണിലെ സ്ഥിതി വിവരിച്ചുകൊണ്ടു പറയുകയാണ്:—

സിലോണിലെ ജനങ്ങൾ നബിതിരുമേനിയെപ്പററി കേട്ടപ്പോൾ അദ്ദേഹത്തിൻെറ വാക്കുകളെയും സന്ദേശങ്ങളെയും സംബന്ധിച്ചു നേരിട്ടന്വേഷിച്ചറിയാനായി അറേബ്യയിലേക്കു യോഗ്യനും ബുദ്ധിമാനുമായ ഒരാളെ നിയോഗിച്ചയച്ചു. അയാൾ മഹാനായ ഉമർ ഖിലാഫത്തുസ്ഥാനത്തിരിക്കുന്ന കാലത്താണു (ഹി. 13-23. ക്രി. 634-644) അറേബ്യയിൽ എത്തിയത്. അയാൾ ഖലീഫയെ കണ്ടു നബി തിരുമേനിയുടെ വിവരങ്ങൾ ചോദിച്ചറിയുകയും അതിനുശേഷം സിലോണിലേക്കു മടങ്ങുകയും ചെയ്തു. എന്നാൽ മാർഗ്ഗമദ്ധ്യേ മക്കറാൻ എന്ന സ്ഥലത്തുവെച്ചു അയാൾ മരണപ്പെട്ടുപോയി. അയാളോടൊന്നിച്ചു ഇന്ത്യക്കാരനായ ഒരു തോഴനുണ്ടായിരുന്നു. അയാൾ സിലോണിലേക്കു മടങ്ങിവന്നു താൻ കണ്ടതും കേട്ടതുമായ വിവരങ്ങളെല്ലാം ജനങ്ങളെ അറിയിച്ചു. നബി തിരുമേനിയെയും ഹസ്രത്ത് അബൂബക്കറിനെയും സംബന്ധിച്ച കഥകളും ഹസ്രത്ത് ഉമറുമായി നടന്ന സംഭാഷണവും വിവരിച്ചുകൊടുക്കുകയും ചെയ്തു. ഹസ്രത്ത് ഉമർ മഹോന്നതനും ദൈവഭക്തനുമായ ഒരാളാണെന്നും അദ്ദേഹം കണ്ടംവെച്ച വസ്ത്രമാണ് ധരിക്കുന്നതെന്നും പള്ളിയിലാണു ഉറങ്ങാറെന്നും അയാൾ പറഞ്ഞു. (അജാഇബുൽ ഹിന്ദ്, ഭാ. 156)

ഹിജ്റ മൂന്നാം നൂററാണ്ടിലെ സുപ്രസിദ്ധ ചരിത്രകാരനായ അഹ്മദുൽ ബലാസരി (ക്രി. 892-ഹി. 279) സിന്ധുവിജയത്തിൻെറ കാരണങ്ങൾ വിവരിച്ചുകൊണ്ടു ഇങ്ങനെ എഴുതിയിരിക്കുന്നു:—അറബികളായ കടൽക്കച്ചവടക്കാർ സിലോണിൽ കച്ചവടത്തിന്നു പോവുക പതിവായിരുന്നു. കുറെ മുസ്ലിം വ്യാപാരികൾ കുടുംബസഹിതം അവിടെച്ചെന്നു താമസമുറപ്പിക്കുകയും ചെയ്തിരുന്നു. അവരിൽ ചിലർ മരിച്ചുപോയി. അവ

രുടെ കുടുംബം നിസ്സഹായരും നിരാശ്രയരുമായിത്തീരുകയാൽ അവിടത്തെ രാജാവു വളരെ അധികം സമ്മാനങ്ങൾ നൽകി അവരെ കൂഫയിലെ ഹജ്ജാജുബ്നു യൂസുഫ് സഖഫിയുടെ അടുക്കലേക്ക കപ്പൽ കയററിഅയച്ചു. ആ കപ്പൽ സിന്ധിലെ ദബീൽ എന്ന സ്ഥലത്തെത്തിയപ്പോൾ ആ പ്രദേശത്തെ കടൽക്കള്ളന്മാർ അതു കവച്ച ചെയ്തു. ഈ വിവരമറിഞ്ഞ ഹജ്ജാജു പ്രതികാരമായി സിന്ധു ആക്രമിച്ചു. (ഫുത്തുഹുൽബുൽദാൻ ഭാ. 4 & 436) ഫിരിശ്ത്തയും ഈ സംഭവം വിവരിച്ചിട്ടുണ്ട്. (താരീഖെ ഫിരിശ്ത്ത, വാള്യം 2)

ഇതു വലീദുബ്നു അബ്ദുൽ മലിക്കിൻെറ കാലത്തു (ഹി. 86–96 ക്രി. 705–715) നടന്ന സംഭവമാണ്. ഹിജ്റ ഒന്നാം നൂററാണ്ടിൻെറ ആരംഭകാലത്തുതന്നെ സിലോൺകാർ ഇസ്ലാമിനെപ്പററി അറിഞ്ഞിരുന്നുവെന്നും മുസ്ലിംവ്യാപാരികൾ അവിടെ കുടിയേറിപ്പാർത്തിരുന്നുവെന്നും ഇതിൽനിന്നു മനസ്സിലാകുന്നുണ്ട്. അതേ കാലത്തോ അല്ലെങ്കിൽ അതിന്നടുത്ത പിന്നീടോ ഒരു സംഘം മുസ്ലിംകൾ അറേബ്യയിൽനിന്നു വന്നു മലബാറിൽ പാർപ്പുറപ്പിച്ചിട്ടുണ്ടായിരുന്നു. തുഹ്ഫത്തുൽ മുജാഹിദീൻ പറയുകയാണ്:—ഏതാനും ചില അറബികളും അജമികളും അറേബ്യൻതീരത്തുനിന്നു കപ്പൽ കയറി ആദംമല സന്ദർശനത്തിനുവേണ്ടി സിലോണിലേക്ക പുറപ്പെട്ടു. അവരുടെ കപ്പൽ യാദൃഛികമായോ കാററിൻെറ വ്യതിയാനത്താലോ മലബാർതീരത്തു എത്തിച്ചേരുകയും കൊടുങ്ങല്ലൂരിൽ നങ്കൂരമിടുകയും ചെയ്തു. സാമിരി എന്ന അവിടത്തെ രാജാവ് ആ യാത്രക്കാരുമായി അഭിമുഖസംഭാഷണം നടത്തുകയും അവരുടെ മതത്തെപ്പററി അന്വേഷിച്ചറിയുകയും ചെയ്തു. തങ്ങൾ ഇസ്ലാംമതാനുയായികളാണെന്നു അവർ പറഞ്ഞു. രാജാവ് പ്രതിവചിച്ചു:—അറേബ്യയിലും ഈറാനിലും ഈ മതത്തിന്നു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുണ്ടെന്നു ക്രൈസ്തവ-യഹൂദ സഞ്ചാരികളിൽനിന്നു എനിക്ക അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ആ മതത്തിൻെറ അനുയായികളിൽ ആരെയും നേരിട്ടു കാണാൻ ഇന്നോളം എനിക്ക സാധിച്ചിരുന്നില്ല. ആകയാൽ നിങ്ങളുടെ പ്രവാചകരെപ്പററി കൂടുതൽ വിവരങ്ങൾ നിങ്ങളിൽനിന്നറിയാൻ എനിക്കാഗ്രഹമുണ്ട്.

KOTTAYAM PUBLIC LIBRARY KOTTAYAM 70969

ആ സഞ്ചാരികളിൽ പണ്ഡിതനും ബുദ്ധിമാനുമായ ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹം നബിതിരുമേനിയുടെ ചരിത്രവും അത്ഭുതകൃത്യങ്ങളും രാജാവിന്നു വിവരിച്ചുകൊടുത്തു. രാജാവു അതുകേട്ടു സന്തുഷ്ടനായി ഇസ്ലാംമതം സ്വീകരിച്ചു. എന്നാൽ ജനങ്ങളെ ഭയപ്പെടുകയാൽ അതദ്ദേഹം വെളിപ്പെടുത്തിയില്ല. ഈ സംഗതി വെളിപ്പെടുത്തരുതെന്നു അദ്ദേഹം ആ സഞ്ചാരികളോടു പറയുകയും ചെയ്തു. അതിന്നുശേഷം സഞ്ചാരികൾ സിലോണിലേക്കു പോയി. കുറച്ചു കാലത്തിന്നുശേഷം അവർ അവിടെനിന്നു മടങ്ങിവന്നപ്പോൾ അവരോടൊന്നിച്ചു മക്കയിലേക്കും മദീനയിലേക്കും തീർത്ഥാടനം ചെയ്യാൻ രാജാവു തീർച്ചപ്പെടുത്തി. അതനുസരിച്ചു അദ്ദേഹം തന്റെ ബന്ധുക്കളെയും നാട്ടുമൂപ്പന്മാരെയും വിളിപ്പിച്ചു രാജ്യകാര്യങ്ങൾ അവരെ ഭരമേല്പിച്ചു. താൻ ലോകകാര്യങ്ങളിൽനിന്നു വിരമിക്കുകയാണെന്ന ഒഴികഴിവു പറഞ്ഞുകൊണ്ട് രഹസ്യമായദ്ദേഹം ആ സഞ്ചാരികളോടുകൂടി കപ്പൽ കയറി പുറപ്പെട്ടു. ഏതാനും മാസത്തെ യാത്രക്കുശേഷം അവർ അറേബ്യയിലെത്തി. എന്നാൽ രാജാവു അവിടെവെച്ചു രോഗബാധിതനായി മരണപ്പെട്ടുപോയി. എങ്കിലും മലബാറിൽചെന്നു ഇസ്ലാം മതം പ്രബോധിക്കണമെന്നു മരണത്തിന്നുമുമ്പ് അദ്ദേഹം തന്റെ കൂട്ടുകാരോടു ഒസ്യത്തുചെയ്തിരുന്നു.

രണ്ടു കൊല്ലത്തിന്നു ശേഷം ശറഫുബ്നുമാലിക്ക്, മാലിക്കുബ്നുദീനാർ, അദ്ദേഹത്തിന്റെ മരുമകൻ മാലിക്കുബ്നുഹബീബ് എന്നിവർ കുടുംബത്തോടുകൂടി അറേബ്യയിൽനിന്നു മലബാറിലേക്കു പുറപ്പെട്ടു. അവർ കപ്പലിറങ്ങിയത് കൊടുങ്ങല്ലൂരിലായിരുന്നു. അവിടത്തെ ഭരണാധികാരി അവർക്കു താമസത്തിന്നായി ഭവനവും തോട്ടങ്ങളും നൽകി. അവർ അവിടെ താമസമുറപ്പിച്ചതിന്നുശേഷം ആരാധനയ്ക്കായി ഒരു പള്ളി പ

ണിയിച്ചു. അതു മലബാറിലെ ഒന്നാമത്തെ പള്ളിയാണ്. അതിനുശേഷം മാലിക്കബ്നുഹബീബ് കുടുംബസഹിതം കൊല്ലത്തേക്കു പോവുകയും അവിടെ ഒരു പള്ളി പണിയിക്കുകയും ചെയ്തു. പിന്നീടു അദ്ദേഹം ഫാക്കനൂർ, മംഗലാപുരം, കാസർക്കോട്, ഹേലി (ഏഴിമല), ശ്രീകണ്ഠാപുരം, ധർമ്മടം, പന്തലായിനി, ചാലിയം എന്നീ സ്ഥലങ്ങളിൽ സഞ്ചരിക്കുകയും അവിടെയെല്ലാം ഓരോ പള്ളി നിർമ്മിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം കൊടുങ്ങല്ലൂരിൽ തിരിച്ചുവന്നു തൻെറ പിതൃവ്യനായ മാലിക്കബ്നുദീനാരെയുംകൂട്ടി മേൽപറഞ്ഞ സ്ഥലങ്ങളിലെല്ലാം ഒരു പര്യടനം നടത്തി. പിന്നീടു അവർ കൊല്ലത്തുവന്നു കുടുംബത്തെക്കണ്ടു. കുടുംബത്തെ അവിടെത്തന്നെ പാപ്പിച്ചുകൊണ്ട് അവരിരുവരും അറേബ്യയിലേക്കു പോയി. അവിടെച്ചെന്നു അവർ രാജാവിൻെറ ഖബർ സന്ദർശിച്ചു. അതിനുശേഷം മാലിക്കബ്നുദീനാർ ഖുറാസാനിലേക്കും മാലിക്കബ്നുഹബീബ് മലബാറിലേക്കും പുറപ്പെട്ടു. മാലിക്കബ്നുഹബീബ് മലബാറിൽ മടങ്ങി എത്തിയതിനുശേഷം ഭാര്യയോടുകൂടി കൊടുങ്ങല്ലൂരിൽ താമസമുറപ്പിച്ചു. തൻെറ മക്കളെ അദ്ദേഹം മററു സ്ഥലങ്ങളിലെ പള്ളികളുടെ സംരക്ഷണത്തിനായി നിയോഗിക്കുകയും ചെയ്തു. ചുരുക്കത്തിൽ അറബികളായിരുന്നു ആദ്യമായി മലബാറിൽ മുസ്ലിംകുടിയേറിപ്പാപ്പിൻെറ അസ്തിവാരമിട്ടതും ഇസ്ലാംമത പ്രചരണത്തിനു വഴിതെളിച്ചതും.

ഈ സംഭവത്തിൻെറ കാലം നിർണ്ണയിക്കുന്നതിൽ ചരിത്രകാരന്മാർ ഭിന്നിച്ചിരിക്കുന്നു. നബിതിരുമേനിയുടെ കാലത്താണ് രാജാവ് ഇസ്ലാംമതം വിശ്വസിച്ചു അറേബ്യയിലേക്കു പോയതെന്നാണ് സുപ്രസിദ്ധ ചരിത്രകാരനായ ഫിരിഷ്ത്ത പറയുന്നത്. (താരീഖെ ഫിരിശ്ത്ത, വാല്യം 2, ഭാ.

370. ഉർദു തർജ്ജിമ വാല്യം 2, ഭാ. 491) എന്നാൽ തുഹ്ഫത്തുൽ മുജാഹിദീൻെറ കർത്താവായ ശൈഖ് സൈനുദ്ദീൻ പറയുന്നത് അതിന്നു തെളിവില്ലെന്നാണ്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഹിജ്റ രണ്ടാം നൂററാണ്ടിന്നു ശേഷമാണ് ആ സംഭവമുണ്ടായത്.

ശൈഖ് സൈനുദ്ദീൻ, രാജാവിൻെറ പേർ പറഞ്ഞിട്ടില്ല. എന്നാൽ, ഇന്ത്യാ ആഫീസിൻെറ ഗ്രന്ഥശാലയിൽ അറബിയിലുള്ള രണ്ടു പദ്യഗ്രന്ഥങ്ങളുണ്ട്. (Otto-Loth. Arabic Mss 714· 920·) അതിൽ രാജാവ് ഇസ്ലാംമതം സ്വീകരിക്കുകയും മുസ്ലിംകൾ മലബാറിൽവന്നു താമസമുറപ്പിക്കുകയുംചെയ്ത സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. അതിലൊന്നിൽ രാജാവിൻെറ പേർ ശക്രൂത്തി ഫർമാൾ എന്നും മററതിൽ ശക്രൂഞ്ഞി ഫർമാൽ എന്നുമാണ് പറഞ്ഞിരിക്കുന്നത്. ശക്രൂത്തി, ചക്രവർത്തിയുടെ അറബിപാഠമാണ്. അതിൻെറ അർത്ഥം രാജാവ് അല്ലെങ്കിൽ മഹാരാജാവ് എന്നാകുന്നു. തമിഴർ ആ പദം ഒരു പൊതുസ്ഥാനപ്പേരെന്ന നിലക്കു ഭരണകർത്താക്കളെസ്സംബന്ധിച്ചും ഉപയോഗിക്കാറുണ്ട്.

പൌരസ്ത്യകാര്യങ്ങളിൽ താല്പര്യമുള്ള വിദ്വാന്മാർ പുതിയ അന്വേഷണത്തിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത രാജാവിൻെറ പേർ ചേരമാൻ പെരുമാൾ എന്നാണെന്നു പറഞ്ഞിരിക്കുന്നു. ചേരമാൻ എന്നതിൻെറ അർത്ഥം ചേരവംശത്തിലെ രാജാവ് എന്നാണ്. ഫർമാൾ എന്നും ഫർമാൽ എന്നുമുള്ളതു പെരുമാൾ എന്ന പദത്തിൻെറ അറബി പാഠങ്ങളാണ്.

വേദങ്ങളുടെ സുപ്രസിദ്ധ വ്യാഖ്യാതാവും വൈഷ്ണവമതത്തിൻെറ സ്ഥാപകനുമായ ശങ്കരാചാര്യർ മേൽപറഞ്ഞ ചേരമാൻ പെരുമാളുടെ കാലത്തുള്ള ആളായിരുന്നുവെന്നാണ് ചില

തമിറം ഇതിഹാസങ്ങളിൽനിന്നു മനസ്സിലാകുന്നത്. ഡോക്ടർ ബർനലിൻെറ (Burnell) അന്വേഷണപ്രകാരം ശങ്കരാചാര്യരുടെ ജനനം ക്രിസ്താബ്ദം 650-(ഹി. 30) ലാണ്. (Burnell's South Indian Palaeography, p. 33) എന്നാൽ അദ്ദേഹത്തിൻെറ ജനനം ക്രിസ്താബ്ദം 788-(ഹി. 172) ലാണെന്നു ഇപ്പോറം തീച്ചപ്പെടുത്തപ്പെട്ടിരിക്കുന്നു. (Journal Royal Asiatic Society 1912, p. 52) ഡോക്ടർ ബർനലിൻെറ അന്വേഷണഫലം ശരിയാണെന്നു സമ്മതിക്കുകയാണെങ്കിൽ, ചേരമാൻപെരുമാറം നബിതിരുമേനിയുടെ സമകാലീനനാണെന്നു സ്ഥാപിതമാവുന്നതാണ്. അഥവാ പുതിയ അന്വേഷണഫലത്തിന്മേൽ വിശ്വാസമുറപ്പിക്കുകയാണെങ്കിൽ അദ്ദേഹത്തിൻെറ കാലം ഹിജ്റ 2-ാം നൂററാണ്ടിൻെറ ഒടുവുമായി ബന്ധമുള്ളതായിരിക്കണം.

ചേരമാൻപെരുമാറം ക്രിസ്താബ്ദം 825 (ഹി. 210) ആഗസ്ത് 25-ാംനു മലബാറിൽനിന്നു യാത്രപുറപ്പെടുകയും 827-ൽ (ഹി. 212) അറേബ്യൻ തീരത്തെത്തുകയും നാലുകൊല്ലത്തിന്നു ശേഷം 831-ൽ (ഹി. 216)അവിടെവെച്ചു ചരമംപ്രാപിക്കുകയും ചെയ്തുവെന്നാണ് ഇംപീരിയൽ ഗസററിയറിൻെറ എഡിററർമാരുടെ അന്വേഷണംകൊണ്ടു തെളിഞ്ഞിരിക്കുന്നതു്. (Imperial Gazetteer, Vol. XVII, p. 56). പ്രസ്തുത രാജാവു ഹിജ്റ 3-ാംനൂററാണ്ടിൻെറ ആരംഭത്തിലാണ് ചരമം പ്രാപിച്ചതെന്നും അദ്ദേഹത്തിൻെറ സ്നേഹിതന്മാർ രണ്ടു കൊല്ലത്തിന്നു ശേഷം ക്രിസ്താബ്ദം 834-(ഹി. 219) ലാണ് മലബാർ തീരത്തു വന്നതെന്നും ഇതിൽനിന്നു മനസ്സിലാകുന്നു. മാലിക്കുബ്നു ദീനാറും മാലിക്കുബ്നു ഹബീബും മലബാർതീരത്തു പണിയിച്ച പള്ളികളുടെ സ്ഥലവിവരം താഴെ ചേക്കുന്നു:—

1. കടങ്കല്ലൂർ—ഇപ്പോറം ഇതിന്നു കൊടുങ്ങല്ലൂർ എന്നാണ് പേർ പറയുന്നതു്. കൊച്ചിക്കടുത്തു മലബാറിൻെറ തെക്കൻ തീരപ്രദേശത്തു സ്ഥിതിചെയ്യുന്നു. വളരെ പുരാതനമായൊരു സ്ഥലമാണ്. ബത്ത്ലെമോസ് ഇതിന്നു മുസിരിസ്(Muziris) എന്നു പേർ പറഞ്ഞിരിക്കുന്നു. ആദ്യകാലത്തു റോമക്കാരും അറബികളുമായ വ്യാപാരികറം ഈ നഗരത്തിലാണ് വന്നുകൊണ്ടിരുന്നതു്.

2. കൊല്ലം—ഇതിനെപ്പററി റശീദുദ്ദീൻ, അബുൽഫിദാ, ഇബ്നുബത്തൂത്ത എന്നിവർ പ്രസ്താവിച്ചിട്ടുണ്ടു്. മലബാർ തീരത്തു തെക്കെ അററത്തുള്ള സ്ഥലമാണിതു്. സുലൈമാൻ താജിറിൻെറയും അബൂസൈദ് സൈറാഫിയുടെയും കാലത്തു ഇതിന്നു കൊല്ലംമാലി എന്നു പേർ പറഞ്ഞിരുന്നു.

3. ഹേലിമാറാവി—അബുൽഫിദാ ഇതിന്നു ഹേലിമുനമ്പു് എന്നാണ് പേർ പറഞ്ഞിരിക്കുന്നതു്. ഇപ്പോഠം ഇതിൻെറ പേർ ഏഴിമല എന്നാണ്. മംഗലാപുരത്തിൻേറയും പന്തലായിനിയുടേയും മദ്ധ്യത്തിലാണ് ഇതെന്നു റശീദുദ്ദീൻ പറയുന്നു.

4. ജർഫത്തൻ — ഇബ്നുബത്തൂത്ത ഇതിനെപ്പററി പറഞ്ഞിട്ടുണ്ടു്. ഹേലിയിൽനിന്നു ഇവിടേക്കു 3 ഫർസഖ്ദൂരമുണ്ടു്.* സന്താപൂരിന്നടുത്താണെന്നു ഗസററിയറിൽ പറയുന്നു. ഇപ്പോഠം ഇതിൻെറ പേർ ശ്രീകണ്ഠാപുരം എന്നാണ്.

5. ദഹ്ഫത്തൻ—ഇബ്നുബത്തൂത്ത ഇതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. ഇതു തലശ്ശേരിക്കടുത്താണെന്നു ഗസററിയററിൽ പറയുന്നു. ഇപ്പോഠം ഇതിൻെറ പേർ ധർമ്മടം എന്നാണ്.

6. ഫന്ദരീന—അബുൽഫിദായും റശീദുദ്ദീനും ഇതിനെപ്പററി പറഞ്ഞിട്ടുണ്ടു്. കടൽതീരത്തുള്ള ഒരു സ്ഥലമാണിതു്. ഇപ്പോഠം ഇതിന്നു പന്തലായിനി എന്നു പേർ പറയുന്നു. കോഴിക്കോട്ടുനിന്നു വടക്കുഭാഗത്തു 16 നാഴിക അകലെയാണുള്ളതു്.

7. ശാലിയാത്തു്—അബുൽഫിദായും റശീദുദ്ദീനും ഇതിന്നു ശാലിയാത്ത് എന്നാണ് പേർ പറഞ്ഞിട്ടുള്ളതു്. അബുൽഫിദായുടെ കാലത്തു ഇവിടെ യഹൂദരാണ് പാർത്തിരുന്നതു്. ഇതു കോഴിക്കോട്ടുനിന്നു തെക്കു ബേപ്പൂരിന്നടുത്തുള്ള കടൽതീരത്തു സ്ഥിതിചെയ്യുന്നു. നാട്ടുകാർ ഇതിന്നു ചാലിയം എന്നു പേർ പറയുന്നു.

8. ഫാക്കന്നൂർ—യാഖൂത്തുൽഹമവിയും അബ്ദുർറസ്സാഖ് സമർഖന്ദിയും ഇതിനെപ്പററി പറഞ്ഞിട്ടുണ്ടു്. തീരപ്രദേശത്തുള്ള സ്ഥലമാണ്. ഇപ്പോഠം ഇതിന്നു ബാക്കന്നൂർ എന്നും ബർക്കൂർ

---

* ഈ ദൂരത്തിൻെറ കണക്കു ശരിയല്ല—പരിഭാഷകൻ.

എന്നും പേർ പറയുന്നു. മംഗലാപുരത്തിന്നും ഗോവക്കും മദ്ധ്യേ വടക്കൻ കർണ്ണാടകതീരത്തു സ്ഥിതിചെയ്യുന്നു.

9. മഞ്ചറൂർ—യാഖൂത്തും അബുൽഫിദായും മററു അറബി ഭൂമിശാസ്ത്രകാരന്മാരും ഇതിനെപ്പററി പറഞ്ഞിട്ടുണ്ട്. മലബാറിലെ ഒരു പ്രസിദ്ധ നഗരമാണ്. വടക്കൻപ്രദേശത്തു കടൽതീരത്തു സ്ഥിതിചെയ്യുന്നു. ഇക്കാലത്തു ഇതിന്നു മംഗലാപുരം എന്നാണ് പേർ പറയുന്നതു്.

10. കഞ്ചർക്കുത്ത്—ഇതു മംഗലാപുരത്തിന്നും ഹേലിക്കും മദ്ധ്യത്തിലായി തീരപ്രദേശത്തു സ്ഥിതിചെയ്യുന്നു. ഇതിന്നിപ്പോൾ കാസർക്കോട്ടു എന്നാണ് പേർ പറയുന്നതു്.

---

## ആറാം അദ്ധ്യായം

---

# കോഴിക്കോട്ടെ സാമൂതിരി

ചേരമാൻ പെരുമാളുടെ ഖബർ ഹസറമൗത്തു് തീരപ്രദേശത്തെ സഫാർ എന്ന നഗരത്തിലാണെന്നു തുഹ്ഫത്തുൽ മുജാഹിദീനിൽനിന്നു മനസ്സിലാകുന്നു. ജനങ്ങൾ സാധാരണമായി അതു സന്ദർശിച്ചുകൊണ്ടിരിക്കുന്നു. സാമിരിയുടെ ഖബർ എന്നാണ് അതിന്നു പേർ പറയപ്പെടുന്നതു്. അതിന്മേൽ അബ്ദുർറഹ്മാനുസ്സാമിരി * എന്ന പേർ കൊത്തപ്പെട്ട ഒരു അടയാളക്കല്ലു നാട്ടിയിട്ടുണ്ടെന്നും പേരിന്റെ താഴെ ആഗമനകാലമായി ഹി

---

* സാമൂതിരി എന്ന പേർ ചേരരാജാക്കന്മാരും ഉപയോഗിച്ചിരുന്നുവെന്നു ഈ ഗ്രന്ഥത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അതിന്നൊരു തെളിവാണ് ഈ പേരടയാളം—പരിഭാഷകൻ.

ജ്റ 212-ഉം (ക്രി. 827) നിര്യാണകാലമായി ഹിജ്റ 216-ഉം (ക്രി. 531) കൊല്ലങ്ങറം കൊത്തപ്പെട്ടിട്ടുണ്ടെന്നുമുള്ള കഥ മലബാർ മുസ്ലിംകറംക്കിടയിൽ പ്രസിദ്ധമാണ്.

ചേരമാൻ പെരുമാളോടു കൂടി ചേരഭരണം നാമാവശേഷമായി. അതിന്നുശേഷം നാട്ടിൻെറ വിവിധ ഭാഗങ്ങളിൽ വിവിധ നേതാക്കറം ഭരണാധികാരികളായി. അവരുടെ ചെറു ചെറു ഭരണക്കൂടങ്ങറം നൂററാണ്ടുകറം വരെ നിലനിന്നിരുന്നു. ക്രിസ്താബ്ദം 1497-ൽ (ഹി. 903) വാസ്കോഡിഗാമ മലബാർതീരത്തു കാലൂന്നിയപ്പോഴും നാട്ടിൽ അന്തഃച്ഛിദ്രവും അസ്വാസ്ഥ്യവും നടമാടിക്കൊണ്ടിരുന്നു. അന്നിവിടെയുണ്ടായിരുന്ന രാജാക്കന്മാരിൽ പ്രധാനപ്പെട്ടവർ കൊല്ലം, കോലത്തിരി, സാമൂതിരി എന്നിവരായിരുന്നു. രാജാക്കന്മാർ തമ്മിൽ വഴക്കും വക്കാണവും മത്സരവും സ്ഥായിയായി നിലനിന്നിരുന്നു. എന്നാൽ അക്കാരണത്താൽ അവരുടെ അതിർത്തിയിലോ അധികാരത്തിലോ യാതൊരു മാററവുമുണ്ടായിരുന്നില്ല.

ഈ ഭരണകർത്താക്കളിൽ ഏററവും പ്രബലനനും പ്രഗത്ഭനും കോഴിക്കോട്ടെ സാമൂതിരിയായിരുന്നു. അദ്ദേഹം മററുള്ള രാജാക്കളെയെല്ലാം മികച്ചുനില്ക്കുകയും അവരുടെമേൽ അധികാരം ചെലുത്തുകയും ചെയ്തിരുന്നു. ക്രിസ്താബ്ദം 1667-ൽ (ഹി. 1087) മൂസ്യോഥെവനൊ (Thevenot) മലബാർ സന്ദർശിച്ചപ്പോറം മററു രാജാക്കന്മാർ സാമൂതിരിയെ ചക്രവർത്തിയായിട്ടാണ് കണക്കാക്കിയിരുന്നതു്. (സിയാഹത്തെ മൂസ്യോ ഥെവനൊ, ഭാ. 63) അദ്ദേഹത്തിൻെറ ഭരണം ഹിജ്റ 12-ാം നൂററാണ്ടിൻെറ ഒടുവിലത്തെ പകുതിവരെ നിലനിന്നിരുന്നു.

ക്രിസ്താബ്ദം 1766-ൽ (ഹി. 1180) മലബാറിലെ നായന്മാരും മുസ്ലിംകളും തമ്മിൽ ലഹള നടന്നു. നായന്മാർ ആയിരക്കണക്കിൽ മുസ്ലിംകളെ വധിച്ചു. മുസ്ലിംകളുടെ ഭവനങ്ങറം കത്തി

ക്കുകയും ചെയ്തു. ടിപ്പുസുൽത്താൻെറ പിതാവു ഹൈദരലിഖാൻ ഈ വിവരമറിഞ്ഞപ്പോൾ 20,000 ഭടന്മാരോടുകൂടി മംഗലാപുരത്തുനിന്നു പുറപ്പെട്ടു. കണ്ണൂര്‌വെച്ചു യുദ്ധംനടന്നു. നായർപ്പട പരാജയപ്പെട്ടു. ഹൈദരലി അവിടെനിന്നു കോഴിക്കോട്ടേക്കു മാർച്ച്‌ചെയ്തു. സാമൂതിരിയുമായി യുദ്ധമുണ്ടായില്ല. യുദ്ധം കൂടാതെതന്നെ അദ്ദേഹം നഗരം ഹൈദരലിക്കു ഏല്പിച്ചുകൊടുത്തു. ബ്രാഹ്മണർ ഇക്കാരണത്താൽ സാമൂതിരിയെ അധിക്ഷേപിച്ചു. അദ്ദേഹം അവമാനത്താൽ വീട്ടിന്നു തീകൊളുത്തി തീയ്യിൽചാടി ആത്മഹത്യ ചെയ്തു. * അതോടെ സാമൂതിരിഭരണം അവസാനിച്ചു. നായന്മാർ അതിന്നുശേഷം പൊന്നാനിയിൽവെച്ചു ഹൈദരലിയുമായി ഒരു ഭയങ്കരയുദ്ധം നടത്തി. എന്നാൽ അതിലും അവക്കു പരാജയമാണു് നേരിട്ടതു്. അവർ ചിന്നിച്ചിതറി കാടുകളിലേക്കു ഓടിപ്പോയി. അതിനെത്തുടൎന്നു മലബാർ മുഴുവനും ഹൈദരലിയുടെ അധീനത്തിലായി. (കാർനാമയെ ഹൈദരീ, ഭാ. 151). പിന്നീടു ഹൈദരലിയും അദ്ദേഹത്തിൻെറ സുപ്രസിദ്ധ പുത്രനായ ടിപ്പുസുൽത്താനും ഏകദേശം 27 കൊല്ലക്കാലം സ്ഥിരമായി ഇവിടെ ഭരണം നടത്തി. അനന്തരം ക്രിസ്താബ്ദം 1792 (ഹി. 1207) ആയപ്പോഴേക്കു ബാറാമഹൽ, പാലം, ഡിണ്ടിഗൽ, കോയമ്പത്തൂർ, കണ്ണാടകം, മലബാർ എന്നീ പ്രദേശങ്ങൾ ഒന്നിൻപിൻ ഒന്നായി ബ്രിട്ടീഷുകാരുടെ കയ്യിൽ അകപ്പെട്ടു. (കാർനാമയെ ഹൈദരി, ഭാ. 36)

---

* ചില ചരിത്രകാരന്മാർ പറയുന്നതു രാജാവിൻെറ കീഴടങ്ങൽകൊണ്ടു കുപിതരായ അദ്ദേഹത്തിൻെറ ബന്ധുക്കളാണു് വീട്ടിന്നു തീക്കൊളുത്തിയതെന്നാണു്. (സൽത്തനത്തെ ഖുദാദാദ്, രണ്ടാംപതിപ്പു, ഭാ. 75)

—പരിഭാഷകൻ.

# ഏഴാം അദ്ധ്യായം

## മലബാറിലെ മുസ്ലിംകേന്ദ്രങ്ങൾ

മാലിക്കബ്നു ഹബീബും അദ്ദേഹത്തിന്റെ മക്കളും മലബാറിൽ പാർപ്പുറപ്പിച്ചതിന്റെ ഫലമായി ഇവിടെ മുസ്ലിംകളുടെ പുതിയ കേന്ദ്രങ്ങൾ സ്ഥാപിതമായി. അതിന്നുശേഷം അറേബ്യയിൽനിന്നും ഇറാഖിൽനിന്നും വ്യാപാരാർത്ഥം വന്നുകൊണ്ടിരുന്ന മുസ്ലിംകളും ഇവിടെ പാർപ്പുറപ്പിക്കാൻ തുടങ്ങി. കൂടാതെ അവർ നടത്തിയ മതപ്രചരണപ്രവൃത്തികളുടെ ഫലമായി തദ്ദേശവാസികളും ഇസ്ലാംമതം സ്വീകരിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ഇവിടത്തെ മുസ്ലിംകേന്ദ്രങ്ങൾ ക്രമേണ അഭിവൃദ്ധി പ്രാപിച്ചു. ഹിജ്റ 7-ാംനൂററാണ്ടിൽ ഇബ്നുബത്തൂത്ത മലബാർ സന്ദർശിച്ചപ്പോൾ ഗോവമുതൽ കൊല്ലംവരെയുള്ള മലബാർതീരപ്രദേശത്തു പരക്കെ മുസ്ലിംകേന്ദ്രങ്ങൾ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു.

വാസ്ക്കോഡിഗാമ മലബാറിൽ വന്നപ്പോൾ താഴെപറയുന്ന സ്ഥലങ്ങളിലെല്ലാം മുസ്ലിംകൾ ധാരാളമായി പാർത്തിരുന്നു.

തെക്കെ മലബാർ—കൊടുങ്ങല്ലൂർ, പള്ളിപ്പുറം, വൈപ്പ്, (എടവനക്കാട്) കൊച്ചി.

മദ്ധ്യമലബാർ—ചാലിയം, കോഴിക്കോട്, പരപ്പനങ്ങാടി, തിരൂരങ്ങാടി, താനൂർ, പറവണ്ണ, പൊന്നാനി, വെളിയങ്കോട്.

വടക്കെമലബാർ—ഫാക്കനൂർ, മംഗലാപുരം, കാസർകോട്, പഴയങ്ങാടി, നാദാപുരം,, വളപട്ടണം, കണ്ണൂര്, ധർമ്മടം, ചെമ്മലോട്, തിരുവങ്കാട്ട്, ശ്രീകണ്ഠാപുരം, എടക്കാട്ട്, കൊയിലാണ്ടി, തിക്കോടി, കാരക്കാട്ട്.

ശൈഖ് സൈനുദ്ദീൻ മഅ്ബരി പറയുകയാണ്:—മലബാറിൽ മുസ്ലിംരാജാവില്ല. മുസ്ലിംകളെ ഭരിക്കുന്നതു് ഇവിടത്തെ ഹിന്ദുരാജാക്കളാണ്. മുസ്ലിംകളുടെ അഭ്യന്തരമായ തക്കങ്ങളും ആവശ്യങ്ങളും അവരുടെ മുമ്പാകെ സമപ്പിക്കുകയും അവർ അതു പരിഹരിക്കുകയും ചെയ്യുന്നു. മലബാറിൽ പല സ്ഥലത്തും മുസ്ലിംകൾ പാർപ്പുറപ്പിച്ചിട്ടുണ്ട്. അവിടെയെല്ലാം അവർ പള്ളികളും കെട്ടിടങ്ങളും പണിയിച്ചിട്ടുമുണ്ട്. അവർ സംതൃപ്തിയോടും സമാധാനത്തോടുംകൂടി ജീവിതം നയിക്കുന്നു. ജുമുഅയും പെരുന്നാളും സസന്തോഷം ആഘോഷിക്കുന്നു. മുസ്ലിംകേന്ദ്രങ്ങളിൽ ഗവമ്മെണ്ടിൻെറ ഭാഗത്തുനിന്നു ഖാസിമാരെയും ബാങ്കവിളിക്കാരെയും നിയമിച്ചിട്ടുണ്ട്. അവക്കു സക്കാർഖജാനയിൽനിന്നാണ് ശമ്പളം കൊടുക്കുന്നതു്. മതനിയമങ്ങളെല്ലാം കർശനമായി പാലിക്കപ്പെടുന്നു. ജുമുഅ ദിവസം പൊതു ഒഴിവാണ്. മുസ്ലിംകൾ കൃഷിയും കച്ചവടവും ചെയ്യുന്നുണ്ട്. കൃഷിക്കാരിൽനിന്നു ഗവർമ്മെണ്ട് യാതൊരുവിധമായ നികുതിയും വസൂലാക്കുന്നില്ല. കച്ചവടക്കാരിൽനിന്നു ആദായത്തിൻെറ പത്തിലൊരുഭാഗംമാത്രം വസൂലാക്കുന്നു. ഇവിടത്തെ ഹിന്ദുക്കൾ മുസ്ലിംകളെ ബഹുമാനത്തോടുകൂടിയാണ് വീക്ഷിക്കുന്നതു്. ഏതെങ്കിലും ഹിന്ദു ഇസ്ലാംമതം സ്വീകരിക്കുകയാണെങ്കിൽ അയാളോടും ബഹുമാനപൂർവ്വം പെരുമാറുന്നു. ഈ കാരണത്താൽ ഇവിടത്തെ നിവാസികൾ ഇസ്ലാംമതം സ്വീകരിക്കുന്നതിന്നു സ്വാഭാവികമായിത്തന്നെ പ്രേരിതരാകുന്നു. (തുഹ്ഫത്തുൽ മുജാഹിദീൻ, മൂന്നാംഭാഗം)

മലബാറിലെ ഹിന്ദുക്കളിൽ ആചാരമര്യാദകളുടേയും ജാതീയതയുടെയും നിബന്ധനാ പഴയകാലംമുതല്ക്കേ നിലനിന്നുവന്നിരുന്നതാണെന്നു ശൈഖ് സൈനുദ്ദീൻെറ വിവരണങ്ങളാൽ മനസ്സിലാകുന്നു. ഉയന്ന ജാതിയിലുള്ള ഒരാൾ താഴ്ന്ന ജാതിയിലുള്ള ഒരാളെ തൊടുകയോ നിശ്ചയിച്ച പരിധി വിട്ടു അന്യോന്യം

അടുക്കുകയോ ചെയ്താൽ ആ ഉയൻന്ന ജാതിക്കാരനു കുളിക്കാതെ ഭക്ഷണം കഴിക്കുന്നതു നിഷിദ്ധമാണെന്നു അദ്ദേഹം പറയുന്നു. അഥവാ അങ്ങനെ ചെയ്യുന്നപക്ഷം അയാാം ജാതിയിൽനിന്നു പുറത്താക്കപ്പെടും. അതുപോലെത്തന്നെ താഴ്ന്ന ജാതിക്കാരൻ തയ്യാറാക്കിയ ഭക്ഷണം ഉയൻന്ന ജാതിക്കാരനു കഴിക്കാൻ പാടില്ല. ഒരു ഉയൻന്ന ജാതിക്കാരൻ താഴ്ന്ന ജാതിയിലുള്ള സ്ത്രീയെ വിവാഹം ചെയ്യുകയോ അല്ലെങ്കിൽ ഒരു ഉയൻന്ന ജാതിയിൽപെട്ട സ്ത്രീയെ താഴ്ന്ന ജാതിയിലുള്ള ഒരാാം വിവാഹംചെയ്യുകയോ ചെയ്താൽ ഉയൻന്ന ജാതിക്കാരനും ജാതിക്കാരിയും അവരുടെ ജാതിയിൽനിന്നു പുറത്താക്കപ്പെടും. (തുഹ്ഫത്തുൽ മുജാഹിദീൻ, മൂന്നാം ഭാഗം)

ഉയൻന്ന ജാതിയും താഴ്ന്ന ജാതിയും തമ്മിലുള്ള ആചാരനിബന്ധനകളെപ്പററി സഞ്ചാരിയായ ഥെവനോവും (Thevanot) ഇതുപോലുള്ള വിവരണം നൽകിയിട്ടുണ്ട്. അദ്ദേഹം പറയുകയാണ്:—മലബാറിൽ നായരെന്നും പുലയനെന്നും പേരുള്ള രണ്ടു ജാതിക്കാരുണ്ട്. ഒരു പുലയൻെറ നിശ്വാസം എത്തത്തക്കനിലയിൽ അയാാം ഒരു നായരോടു അടുക്കുകയാണെങ്കിൽ താൻ അശുദ്ധനായിപ്പോയെന്നു നായർ കരുതുന്നു. അപ്പോാം ആ പുലയനെ കൊല്ലാൻ നായർ നിർബ്ബന്ധിതനായിത്തീരുന്നു. എന്തെന്നാൽ, നായർ അയാളെ കൊല്ലാതിരിക്കുകയും രാജാവു ആ സംഗതി അറിയുകയും ചെയ്യുന്നപക്ഷം രാജാവു നായരെ കൊല്ലാൻ കല്പിക്കും. പുലയൻ അയാളുടെ മാടത്തിൽനിന്നു വയലിലേക്കോ മററോ പോകുമ്പോഴെല്ലാം ഈ അത്യാഹിതത്തിൽനിന്നു രക്ഷപ്രാപിക്കുന്നതിന്നായി അടിക്കടി "പോലോ, പോലോ" എന്നു് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരിക്കും. ആ വിളികേട്ടാൽ നായർ "കോ, കോ" എന്നു വിളിച്ചുപറയും. അപ്പോാം നായർ അടുത്തുണ്ടെന്നു പുലയൻ മനസ്സിലാക്കുകയും നായക്കു വഴി മാറി

ക്കൊടുക്കയും ചെയ്യും. (സിയാഹത്തെ മൂസ്യോ ഫ്രെവനൊ, ഭാ. 66, 67)

ആചാരമര്യാദകറംക്കെതിരായ വല്ല പ്രവൃത്തിയും നായർ ചെയ്യുകയാണെങ്കിൽ ആ അവമാനത്തിൽനിന്നു രക്ഷപ്പെടാനായി അയാറം നാടുവിട്ടു പരിചയക്കാരാരുമില്ലാത്ത ദേശത്തേക്കു ഓടിപ്പോവുകയോ, അല്ലെങ്കിൽ മുസ്ലിമാവുകയോ ചെയ്യും. പുലയക്കും അവമാനകരമായ ജീവിതത്തിൽനിന്നു രക്ഷപ്പെടുന്നതിന്നുള്ള ഒരു സങ്കേതമായിരുന്നു ഇസ്ലാം. അവർ ഇസ്ലാംമതം സ്വീകരിച്ചു കഴിഞ്ഞാൽ അവക്കു സമുദായത്തിൽ സമത്വം സിദ്ധിക്കുകയും മററു മുസ്ലിംകളെപ്പോലെത്തന്നെ അവരും ബഹുമാനപൂർവ്വം വീക്ഷിക്കപ്പെടുകയും ചെയ്തിരുന്നു. മലബാറിൽ ഇസ്ലാംമതത്തിന്നു പ്രചാരം സിദ്ധിക്കുന്നതിന്നു പ്രധാനകാരണം ഇതായിരുന്നു.

മുസ്ലിംകളുടെ കുടിയേറിപ്പാർപ്പു ഇന്ത്യയിൽ മലബാർതീരത്തു മാത്രം പരിമിതമായിരുന്നില്ല. അതിന്നടുത്തുള്ള പ്രദേശങ്ങളിലും അവർ ധാരാളമായി അധിവസിച്ചിരുന്നു. മലബാറിൻെറ തെക്കുകിഴക്കായി മഅ്ബർനാടു (കോറാമണ്ഡൽ) സ്ഥിതി ചെയ്യുന്നു. അറബികളുടെയും ഈറാനികളുടെയും കപ്പലുകറം ജാവയിലേക്കും ചൈനയിലേക്കും പോകുമ്പോറം മലബാറിലെന്നപോലെ മഅ്ബറിലെ തുറമുഖങ്ങളിലും അടുത്തു നങ്കൂരമിടുക പതിവായിരുന്നു. ആദ്യത്തെ നൂററാണ്ടുകളിൽത്തന്നെ അറേബ്യയിലെയും ഈറാനിലെയും തീരപ്രദേശങ്ങളിലെ ജനങ്ങറം അവിടെ പാർപ്പുറപ്പിച്ചിരുന്നു. മലബാറിനോടു തൊട്ടുകിടക്കുന്ന തെക്കൻ മഅ്ബറിൽ പഴയകാലത്തു പാണ്ഡ്യവംശമാണ് ഭരണം നടത്തിയിരുന്നതു്. അശോകൻെറ ശിലാലിഖിതങ്ങളിലും ബത്ത്‌ലെമോസിൻെറ ഭൂമിശാസ്ത്രത്തിലും പ്രസ്തുത വംശത്തെപ്പററിയുള്ള വത്തമാനമുണ്ടു്. അവരുടെ പുരാതനത്വം ഇതിൽനിന്നു മനസ്സിലാക്കാൻ കഴിയും.

മാർക്കൊപോളോ (ക്രി. 1271—ഹി. 670) ഈ നാട്ടിൽ വന്നപ്പോറം ഇവിടത്തെ രാജാവു സുന്ദരപാണ്ഡ്യയായിരുന്നു. വ്യാപാരസമൃദ്ധിയും ധനൈശ്വര്യവും സർവ്വത്ര പ്രത്യക്ഷമായിരുന്നു. ആ സഞ്ചാരി പറയുകയാണ്:—ഈ നാട്ടിന്നും സിലോണിന്നും മദ്ധ്യത്തിൽ ഒരു കടലിടുക്കുണ്ടു്. അവിടെനിന്നു വില

പിടിച്ച മുത്തുകാം കിട്ടുന്നു. മുത്തു മുങ്ങിയെടുക്കാനായി ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ഏപ്രിൽ, മേയി മാസങ്ങളിൽ ജനങ്ങാം ഇവിടെ എത്തിച്ചേരുന്നു. ഈ നാട്ടിൽ കുതിരയില്ല. ആകയാൽ നാട്ടിലെ സമ്പത്തിൻെറ വലിയൊരു ഭാഗം കുതിരകളെ ഇറക്കുമതി ചെയ്യുന്നതിന്നായി വിനിയോഗിക്കുന്നു. ഹർമോസ്, സോഹാർ, അദൻ എന്നിവിടങ്ങളിലെ വ്യാപാരികളാണ് ഇവിടേക്കു കുതിരകളെ കൊണ്ടുവരുന്നതു്. കൊല്ലംതോറും 2000-ത്തോളം കുതിരകളുടെ വ്യാപാരം നടക്കുന്നുണ്ട്. ഓരോ കുതിരയുടേയും വില 500 ദീനാറോളമാണ്. (രണ്ടര ഉറുപ്പിക വിലവരുന്ന അറബി സ്വർണ്ണനാണയം) കായൽ (കായൽപട്ടണം) മഅബ്റിലെ പ്രധാനപ്പെട്ടൊരു തുറമുഖമാണ്. അറേബ്യയിലെയും അദനിലെയും വ്യാപാരികാം ധാരാളമായി വരുന്നതും വ്യാപാരം നടത്തുന്നതും ഇവിടെയാണ്. (Marco Polo, Book III, Chap. XVI, pp. 333, 334)

സുന്ദരപാണ്ഡ്യരാജാവിൻെറ മന്ത്രിയും ഉപദേഷ്ടാവും തഖിയ്യുദ്ദീൻ അബ്ദുർറഹ്മാൻ എന്നുപേരായ ഒരു മുസൽമാനായിരുന്നെന്നു ചരിത്രകാരനായ റശീദുദ്ദീൻ പറയുന്നു. കായൽ (കായൽപട്ടണം) ഫത്തൻ, (കീഴക്കര) മലൈഫത്തൻ, (നാഗപട്ടണം) എന്നീ തുറമുഖങ്ങാം രാജാവു് അദ്ദേഹത്തിന്നു ജാഗീറായി നൽകിയിരുന്നു. മന്ത്രി തഖിയ്യുദ്ദീൻെറയും മഅ്ബറിലെ പാണ്ഡ്യഭരണത്തിൻെറയും സ്ഥിതി ചരിത്രകാരനായ അബ്ദുല്ലാ വസ്സാഫ് അദ്ദേഹത്തിൻെറ ചരിത്രഗ്രന്ഥത്തിൽ വിശദമായി വിവരിച്ചിട്ടുണ്ട്. (ക്രിസ്താബ്ദം 1327-ൽ (ഹി. 728) എഴുതിയ ആ ഗ്രന്ഥത്തിന്നു തജ്സിയത്തുൽ അംസാർ വതസ്ജിയത്തുൽ അഅ്സാർ എന്നാണ് പേർ നൽകപ്പെട്ടിരിക്കുന്നതു്. എന്നാൽ സാധാരണമായി താരീഖെ വസ്സാഫ് എന്നു പറഞ്ഞുവരുന്നു. അതിലെ ചിലഭാഗങ്ങളാണ് താഴെ ഉദ്ധരിക്കുന്നതു്:—

മഅ്ബർ കൊല്ലംമുതൽ നെല്ലൂർവരെ നീണ്ടുകിടക്കുന്നു. ഇതിൻെറ നീളം 300 ഫർസഖോളമാണ്. (ഒരു ഫർസഖിന്നു 3 നാഴിക) ഇവിടത്തെ രാജാവിനെ ദേവർ എന്നാണ് വിളിക്കുന്നതു്. അതിൻെറ അർത്ഥം 'ഐശ്വര്യവാൻ' എന്നാകുന്നു. ലോകത്തുള്ള പല രാജ്യങ്ങളുമായി ഈ നാട്ടിന്നു വ്യാപാരബന്ധമുണ്ടു്.

ചൈന, മാചൈന, ഹിന്ദ്, സിന്ധ് മുതലായ നാടുകളിൽനിന്നു കപ്പലുകൾ ഇവിടെ വന്നുകൊണ്ടിരിക്കുന്നു. ഇവിടത്തെ വ്യാപാര വസ്തുക്കൾ ഇറാഖ്, ഖുറാസാൻ, റൂം, യൂറോപ്പു മുതലായ രാജ്യങ്ങളിലേക്കു കയററിപ്പോകുന്നു. ഈ കാരണത്താൽ ഈ നാട്ടിന്നു ഇന്ത്യയുടെ താക്കോലിന്റെ സ്ഥാനമാണുള്ളതു്.

ഇവിടത്തെ രാജാവു സുന്ദരപാണ്ഡ്യയായിരുന്നു. അദ്ദേഹത്തിന്നു മൂന്നു സഹോദരന്മാരുണ്ടായിരുന്നു. അവരും നാട്ടിന്റെ വിവിധഭാഗങ്ങളിൽ ഭരണം നടത്തിക്കൊണ്ടിരുന്നു. തഖിയ്യുദ്ദീൻ രാജാവിന്റെ മന്ത്രിയും ഉപദേഷ്ടാവുമായിരുന്നു. രാജാവു വ്യാപാര വകുപ്പു് അദ്ദേഹത്തെയാണ് ഭരമേല്പിച്ചിരുന്നതു്. ഫത്തൻ, മലൈഫത്തൻ, കായൽ എന്നീ തുറമുഖങ്ങൾ അദ്ദേഹത്തിന്റെ അധികാരത്തിലായിരുന്നു.

തഖിയ്യുദ്ദീന്റെ പിതാവായ മുഹമ്മദു തയ്യിബിയുടെ ജന്മദേശം മദീനയാണ്. അദ്ദേഹം അവിടെനിന്നു പേർസ്യയിൽ കുടിയേറിത്താമസിച്ചു. അദ്ദേഹത്തിന്റെ തൊഴിൽ കടൽക്കച്ചവടമായിരുന്നു. പേർസ്യൻ ഉൾക്കടലിലെ ഖൈസ് എന്ന ദ്വീപായിരുന്നു അദ്ദേഹത്തിന്റെ വ്യാപാരകേന്ദ്രം. തഖിയ്യുദ്ദീന്റെ മൂത്തസഹോദരൻ ജമാലുദ്ദീൻ ആ ദ്വീപിലാണ് താമസിച്ചിരുന്നതു്. അവിടെനിന്നു അദ്ദേഹത്തിന്റെ കപ്പലുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയ്ക്കൊണ്ടിരിക്കുന്നു.

പേർസ്യൻദ്വീപുകളിൽനിന്നും ഖത്തീഫ്, ലഹാ, ബഹറൈൻ, ഹർമോസ്, മുതലായ സ്ഥലങ്ങളിൽനിന്നാണ് അദ്ദേഹം കുതിരകളെ ശേഖരിച്ചു മഅ്ബറിലേക്കു അയച്ചുകൊണ്ടിരുന്നതു്. അക്കാലത്തു ഒരു കുതിരയുടെ വില 220 ദീനാറോളമായിരുന്നു. അത്താബക്കു് അബൂബക്കറെബ്നു സഅ്ദ സങ്കിയുടെ ഭരണ കാലത്തു (ക്രി. 1226—1260 ഹി. 623—658) പ്രതിവർഷം

പതിനായിരം കുതിരകളാണ് മഅ്ബറിലേക്കു അയച്ചുകൊണ്ടിരുന്നതു്. അവയുടെ വില്പനയിൽനിന്നു സുമാർ 20 ലക്ഷം ദീനാർ വരവുണ്ടായിരുന്നു.

അറേബ്യയിലെയും പേർസ്യയിലെയും മുസ്ലിംകൾ ജമാലുദ്ദീന്നു മലിക്കുൽ ഇസ്ലാം എന്ന സ്ഥാനപ്പേർ നൽകിയിരുന്നു. തഖിയ്യുദ്ദീന്നു അവർ മലിക്കെ അഅ്സം എന്നും മർസബാനെ ഹിന്ദി എന്നുമുള്ള സ്ഥാനപ്പേർ നൽകി.

സുന്ദരപാണ്ഡ്യ ചരമം പ്രാപിച്ചപ്പോൾ അദ്ദേഹത്തിൻെറ സഹോദരൻ കുലശദേവ് (കുലശേഖര) പെരുമാൾ സിംഹാസനത്തിലിരുന്നു. അദ്ദേഹം തഖിയ്യുദ്ദീനെ പഴയപടി മന്ത്രിസ്ഥാനത്തു നിലനിറുത്തി. ഹിജ്റ 703-ൽ തഖിയ്യുദ്ദീൻ നിര്യാതനായി. രാജാവു അദ്ദേഹത്തിൻെറ സ്വത്തുക്കൾ പിടിച്ചടക്കാൻ ആലോചിച്ചു. എന്നാൽ ജമാലുദ്ദീൻെറ മകൻ സിറാജുദ്ദീൻ രാജാവിന്നു 2 ലക്ഷം സ്വർണ്ണനാണയം കാഴ്ചവെച്ചതുകൊണ്ടു രാജാവു സംതൃപ്തനായി സിറാജുദ്ദീനെ മന്ത്രിയാക്കി.

കുലശദേവിന്നു രണ്ടു മക്കളുണ്ടായിരുന്നു—സുന്ദരപാണ്ഡ്യയും വീരപാണ്ഡ്യയും. സുന്ദരപാണ്ഡ്യയുടെ മാതാവു നിയമപ്രകാരം വിവാഹംചെയ്ത പത്നിയായിരുന്നു. വീരപാണ്ഡ്യയുടെ മാതാവു വെപ്പാട്ടിയും. കുലശദേവ് വീരപാണ്ഡ്യയെയാണ് തൻെറ പിന്തുടച്ച്ാവകാശിയായി നിശ്ചയിച്ചതു്. സുന്ദരപാണ്ഡ്യ ഇതിൽ അതൃപ്തനായിട്ടു പിതാവു കുലശദേവിനെ ക്രിസ്താബ്ദം 1309-ൽ (ഹി. 709) വധിച്ചുകളഞ്ഞു. അതിനെത്തുടൎന്നു ഒരു യുദ്ധംകൂടാതെതന്നെ അദ്ദേഹം സിംഹാസനവും ഭണ്ഡാരവും കൈവശപ്പെടുത്തി. അതിന്നുശേഷം അദ്ദേഹം മധുരയിലേക്കു പോയി. വീരപാണ്ഡ്യ അദ്ദേഹത്തെ അനുധാവനം ചെയ്തു. ആ സഹോദരന്മാർ തമ്മിൽ അവിടെവെച്ചു ഘോരമായ യുദ്ധം നടന്നു. സുന്ദരപാണ്ഡ്യ യുദ്ധത്തിൽ പരാജിതനായി. അദ്ദേഹം

യുദ്ധക്കളത്തിൽനിന്ന് ഓടി സുൽത്താൻ അലാവുദ്ദീൻ ഖിൽജീയുടെ സൈന്യത്തെ അഭയം പ്രാപിച്ചു. മലിക്ക് കാഫൂർ ആ സമയത്തു ദ്വാരസമുദ്രത്തിലെ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ആ സ്ഥലം ജയിച്ചടക്കിയതിന്നുശേഷം അദ്ദേഹം സുന്ദരപാണ്ഡ്യയുടെ അപേക്ഷയനുസരിച്ചു മധുര ആക്രമിച്ചു. ഹിജ്റ 710 ദുൽഖഅ്ദ 17–ാംനു (ക്രി. 1310) അദ്ദേഹം നഗരം പിടിച്ചടക്കുകയും വീരപാണ്ഡ്യയെ പുറത്താക്കുകയും ചെയ്തു. അതിന്നുശേഷം സുന്ദരപാണ്ഡ്യയെ സിംഹാസനത്തിൽ ഇരുത്തിക്കൊണ്ടു അദ്ദേഹം തെക്കോട്ടു രാമേശ്വരംവരെ യാത്രചെയ്തു. അവിടെ അദ്ദേഹം സ്മരണയ്ക്കായി ഒരു പള്ളി പണിയിച്ചു. ആ പള്ളി ജഹാംഗീർ ചക്രവത്തിയുടെ ഭരണകാലംവരെ (ക്രി: 1638—1660 ഹി. 1014—1037) നിലനിന്നിരുന്നു.. (താരീഖെ വസ്സാഫ് വാള്യം 3, ഭാ. 301, 302, 303, 505, 530, 531).

## എട്ടാം അദ്ധ്യായം

# അറക്കൽ രാജകുടുംബം

മലബാർതീരത്തെ വടക്കൻപ്രദേശത്തു കണ്ണനൂർ എന്നു പേരുള്ള ഒരു നഗരമുണ്ട്. അതിന്നു കണ്ണൂർ എന്നും പേർ പറയപ്പെടുന്നുണ്ട്. അറബികളും ഈറാനികളുമായ സഞ്ചാരികൾ കണ്ണൂർ എന്ന പേരിലാണ് അതിനെപ്പററി പറഞ്ഞിട്ടുള്ളതു്. ഹിജ്റ 6–ാം നൂററാണ്ടുവരെ അതിന്റെ സ്ഥിതി ഒരു സാധാരണ ഗ്രാമത്തിന്റേതായിരുന്നു. എന്നാൽ മുസ്ലിം വ്യാപാരികളുടെ വരവുപോക്കു നിമിത്തം അതു അഭിവൃദ്ധിപ്പെടാൻ തുടങ്ങി. ക്രമേ

ണ അതു് അറബികളുടെയും ഈറാനികളുടെയും വ്യാപാരത്തിന്റെ ഒരു കേന്ദ്രമായിത്തീൎന്നു.

കണ്ണൂർ, കോലത്തിരി രാജാക്കന്മാരുടെ അധീനത്തിലായിരുന്നു. കോലത്തിരി രാജാവു സാമൂതിരിയുടെ സാമന്തനായിരുന്നു. കോലത്തിരി രാജാവു കണ്ണൂർ തന്റെ താമസസ്ഥലമാക്കിയിരുന്നു. ആ രാജാവിന്റെ ഒരു മന്ത്രി—അദ്ദേഹം നായരായിരുന്നു—ഹിജ്റ 7-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇസ്ലാംമതം വിശ്വസിച്ചു. അതിന്റെ ഫലമായി കണ്ണൂരിൽ ഒരു നവമുസ്ലിംകുടുംബത്തിന്റെ അസ്ഥിവാരമിടപ്പെട്ടു. അലിരാജകുടുംബം എന്നാണു് ചരിത്രത്തിൽ ആ കുടുംബം പ്രസിദ്ധമായിരിക്കുന്നതു്. അവർ ചുരുങ്ങിയ കാലംകൊണ്ടു കണ്ണൂരിലെ മാപ്പിളമാരുടെ നേതാവായിത്തീൎന്നു. അക്കാലത്തു മാപ്പിളമാരുടെ കടൽശക്തി സുപ്രസിദ്ധമായിരുന്നു. അവരുടെ വ്യാപാരം അറേബ്യമുതൽ ചൈനവരെയുള്ള രാജ്യങ്ങളിൽ വ്യാപിച്ചിരുന്നു. ഈ കാരണത്താൽ അവരുടെ ധനവും പ്രാബല്യവും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. അലിരാജാവിന്റെ കുടുംബത്തിന്നു അവരുടെ നേതൃത്വം കിട്ടിയപ്പോൾ ജനങ്ങൾ അദ്ദേഹിന്നു സുൽത്താനൽ ബഹ്ർ (സമുദ്രരാജാവു്) എന്ന സ്ഥാനപ്പേർ നൽകി. (Malabar Quarterly, Vol. II, p. 229).

അലിരാജകുടുംബം ഭരണാധികാരികളായിരുന്നില്ല. എങ്കിലും കടൽശക്തിനിമിത്തം അവരുടെ പദവി രാജാക്കന്മാരുടേതിനെക്കാൾ മികച്ചതായിരുന്നു. അവരുടെ കപ്പൽപ്പട ഹിജ്റ 7-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ ലക്ഷദ്വീപുകൾ പിടിച്ചടക്കിയിരുന്നു. അവിടത്തെ ജനങ്ങൾ ഹിജ്റ 13-ാം നൂറ്റാണ്ടിന്റെ തുടക്കംവരെ ആ രാജകുടുംബത്തിന്റെ പ്രജകളായിരുന്നു. (Malabar Quarterly Vol. II, p. 228).

അലിരാജകുടുംബത്തിൻെറ ചരിത്രം വിടവുള്ളതാണ്. ആകയാൽ ആദ്യംമുതൽ അവസാനംവരെ ഏതെല്ലാം വ്യക്തികളാണ് നേതാവെന്ന പദവി നേടിയിരുന്നതെന്നു പറയുക സാദ്ധ്യമല്ല. എങ്കിലും ചില മാർഗ്ഗത്തിൽകൂടി ഏതാനും വ്യക്തികളുടെ പേർ അറിവായിരിക്കുന്നു. അതാണ് താഴെ ചേക്കുന്നതു്:—

1. അലിവപ്പൻ രാജാവു്—ഇദ്ദേഹം ക്രിസ്താബ്ദം 1204—5-ൽ (ഹി. 601—2) ജീവിച്ചിരുന്നു.

2. അലിഅവാക്കർ (അബൂബക്കർ) രാജാവു.

3. അലിമമ്മദ (മുഹമ്മദ) രാജാവു്.

4. അലിആരാൻ (ഹാറൂൻ) രാജാവു്—ഇദ്ദേഹത്തിൻെറ കാലത്താണ് ബാർബോസ കണ്ണൂർ സന്ദർശിച്ചതു്.

5. അലിആദാ രാജാ:—ഇദ്ദേഹം അക്ബർ ചക്രവത്തിയുടെ സമകാലീനനാണ്. ഇദ്ദേഹത്തിൻെറ കാലത്തായിരുന്നു പോത്തുഗീസുകാർ ലക്ഷദ്വീപുകാം ആക്രമിച്ചതു്.

(Malabar Quarterly Vol. II, 215)

പോത്തുഗീസുകാർ മലബാറിൽ വന്നു മൂന്നുനാലു കൊല്ലം കഴിഞ്ഞതിന്നുശേഷം കണ്ണൂർ വരികയും അവിടത്തെ രാജാവുമായി സൗഹാർദ്ദബന്ധത്തിലേപ്പെടുകയും രാജാവിൻെറ സമ്മതത്തോടുകൂടി അവിടെ ഒരു വ്യാപാരകേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞു പ്രാബല്യം സിദ്ധിച്ചപ്പോറം അവർ മലബാർ മുസ്ലിംകളുടെ കടൽക്കച്ചവടത്തിന്നു തടസ്സമുണ്ടാക്കാൻ തുടങ്ങി. അവരുടെ സമ്മതമില്ലാതെ ഏതെങ്കിലും കപ്പൽ കച്ചവടച്ചരക്കുമായി മലബാർതീരം വിടുകയായിരുന്നെങ്കിൽ അവരതു കൊള്ളചെയ്യുക എന്നതുവരെയായി അവരുടെ അക്രമം. അക്കാലത്തു അലിരാജാവിൻെറ ഏതാനും കപ്പലുകാം പോത്തുഗീസുകാരുടെ സമ്മതമില്ലാതെ വ്യാപാരച്ചരക്കുമായി അറേബ്യയിലേക്കു പുറപ്പെട്ടു. കപ്പലുകാം പുറപ്പെട്ട വിവരം പോത്തുഗീസുകാർ

അറിഞ്ഞപ്പോഠം അവർ കോപാകുലരായി അബൂബക്കർഅലിയേയും കുഞ്ഞിസൂപ്പിയേയും കൊലപ്പെടുത്തിക്കളഞ്ഞു. അബൂബക്കർ അലി, അലിരാജാവിൻെറ അമ്മാവനും കുഞ്ഞിസൂപ്പി പിതാവുമായിരുന്നു. (തുഹ്ഫത്തുൽ മുജാഹിദീൻ, നാലാംഭാഗം, അദ്ധ്യായം 15.) ഈ കാരണത്താൽ അലിരാജാവും പോർത്തുഗീസുകാരും തമ്മിൽ ശത്രുത വൎദ്ധിച്ചു. പോർത്തുഗീസുകാർ അലിരാജാവിനെ വിഷമിപ്പിക്കാൻ കൂടുതലായി ശ്രമിച്ചു. ആ ഉദ്ദേശ്യത്തോടെ അവർ ലക്ഷദ്വീപു ആക്രമിക്കുകയും അവിടത്തെ നിവാസികളിൽ സ്ത്രീകഠം ഉഠംപ്പെടെയുള്ള 200-ഓളം പേരെ കൊന്നൊടുക്കുകയും അവരുടെ വീടുകളും പള്ളികളും നശിപ്പിക്കുകയും ചെയ്തു. (തുഹ്ഫത്തുൽ മുജാഹിദീൻ നാലാംഭാഗം, അദ്ധ്യായം 11)

ക്രിസ്താബ്ദം 1756-ൽ (ഹി. 1170) കണ്ണൂർരാജാവിൻെറ പുത്രി അലിരാജാവിൽ അനുരക്തയായി. രാജാവു ഈ വിവരമറിഞ്ഞപ്പോഠം മതവ്യത്യാസത്തെ ഗണ്യമാക്കാതെ മകളെ അലിരാജാവിന്നു വിവാഹംചെയ്തുകൊടുത്തു. എന്നുമാത്രമല്ല, രാജാവു മരിക്കാനടുത്തപ്പോഠം അലിരാജാവിനെ തൻെറ പിന്തുടൎച്ചാവകാശിയാക്കുകയും കണ്ണൂരിൻെറ ആധിപത്യം അദ്ദേഹത്തിനു ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഈ സംഭവം നായർസമുദായത്തിലെ മററു നേതാക്കളെ കോപാകുലരാക്കിത്തീർത്തു. അവർ മുസ്ലിംകഠംക്കെതിരായി പ്രവൎത്തിക്കാൻ തുടങ്ങി. ഇക്കാലത്തു ഹൈദരലിഖാനും അലിരാജാവും തമ്മിൽ ബന്ധം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഹൈദരലി, അലിരാജാവിനെ അമീറൽബഹ്റായി നിയമിച്ചു. പുതിയ കപ്പലുകഠം നിൎമ്മിക്കുന്നതിന്നായി ഹൈദരലി വളരേ അധികം പണം അലിരാജാവിന്നു കൊടുക്കുകയുംചെയ്തു. അധികം താമസിക്കാതെ കപ്പൽപ്പട തയ്യാറായി. അലിരാജാവു കപ്പലുകളിന്മേൽ ഹൈദരലിയുടെ കൊടി പറപ്പിച്ചുകൊണ്ടു കടൽവിജയ

ത്തിന്നായി പുറപ്പെട്ടു. ഒന്നാമതായി അദ്ദേഹം മാൽദ്വീപു ആക്രമിച്ചു. അവിടത്തെ ഭരണാധികാരിയെ ബന്ധനസ്ഥനാക്കുകയും അദ്ദേഹത്തിൻെറ കണ്ണുകഠം കുത്തിപ്പൊട്ടിക്കുകയും ചെയ്തു. അനന്തരം അവിടെ അധികാരം സ്ഥാപിച്ചു ഹൈദരലിയുടെ പതാക ഉയർത്തി. എന്നാൽ മാൽദ്വീപു് ഭരണാധികാരിയുടെ നേരെ അലിരാജാവു ചെയ്ത അക്രമത്തെക്കുറിച്ചറിഞ്ഞപ്പോഠം ഹൈദരലി അലിരാജാവിനെ അമീറൽ ബഹ്ർ എന്ന സ്ഥാനത്തുനിന്നു പുറത്താക്കി. ഈ സംഭവം മാപ്പിളമാരുടെ നാശത്തിൻെറ നാന്ദിയാണെന്നു നായന്മാർ വിചാരിച്ചു. അവർ ഒരുദിവസം ഒത്തൊരുമിച്ചു കണ്ണൂർ ആക്രമിക്കുകയും അവിടത്തെ മുസ്ലിംകളെ കൂട്ടക്കൊല ചെയ്യുകയും ചെയ്തു. ആ സമയത്തു ഹൈദരലി മംഗലാപുരത്തായിരുന്നു. കണ്ണൂർമുസ്ലിംകളുടെ നാശത്തെക്കുറിച്ചറിഞ്ഞപ്പോഠം 20,000 ഭടന്മാരോടുകൂടി അദ്ദേഹം കണ്ണൂർ വന്നു. അലിരാജാവു നഗരത്തിന്നു പുറത്തു ചെന്നു അദ്ദേഹത്തെ സ്വീകരിച്ചു. നദീതീരത്തുവെച്ചു നായന്മാരുമായി ഘോരമായ യുദ്ധം നടന്നു. നായർപ്പട പരാജയപ്പെട്ടു ഓടിപ്പോയി. നവാബിൻെറ സൈന്യം വിജയികളായി കണ്ണൂരിൽ പ്രവേശിച്ചു. ക്രിസ്താബ്ദം 1766-ലാണു് (ഹി. 1181) ഈ സംഭവം നടന്നതു്. (നിശാനെ ഹൈദരീ, ഭാ. 97. കാർനാമയെ ഹൈദരീ, ഭാ. 151. ഹംലാത്തെ ഹൈദരീ, ഭാഗം 112)

---

## ഒമ്പതാം അധ്യായം

---

# മാപ്പിളയെന്ന പേർ

മലബാറിലെ മുസ്ലിംകഠം പൊതുവിൽ മാപ്പിളയെന്നാണു് വിളിക്കപ്പെടുന്നതു്. എന്നാൽ ഈ പേർ മുസൽമാന്മാർക്കു പ്രത്യേകമുള്ളതല്ല. തെക്കൻപ്രദേശങ്ങളിലെ ക്രിസ്ത്യാനികളും ഈ പേരിലാണു് അറിയപ്പെടുന്നതു്. . ആ ക്രിസ്ത്യാനികഠം മിക്കവാറും

കൊച്ചിയിലും തിരുവിതാംകൂറിലും അധിവസിച്ചുവരുന്നു. അവർ സീറിയൻ ചർച്ചിൻെറ കീഴിലുള്ളവരാണ്. ഇസ്ലാംമതത്തിൻെറ ആവിർഭാവത്തിന്നുമുമ്പു പേർസ്യയിലും ഇറാഖിലും ആ ചർച്ചിന്നു വളരെ പ്രാബല്യം കൈവന്നിട്ടുണ്ടായിരുന്നു. ആ രാജ്യങ്ങളിൽനിന്നു ഒട്ടധികം ക്രിസ്ത്യാനികൾ പേർസ്യൻ ഉൾക്കടൽ വഴിയായി മലബാറിൽ കുടിയേറിപ്പാർത്തിരുന്നു. ആ സിറിയൻ ക്രിസ്ത്യാനികളുടെ സന്താനങ്ങളാണ് ക്രിസ്ത്യാനിമാപ്പിളമാർ. ആകയാൽ ഇറാഖിൽനിന്നും അറേബ്യയിൽനിന്നും ഇവിടെ വന്നു താമസമുറപ്പിച്ച ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ടതാണ് ഈ പേരെന്നു വ്യക്തമാകുന്നുണ്ട്. മാപ്പിള എന്ന പദത്തിൻെറ അർത്ഥമെന്താണ്, അതു എന്നുമുതല്ക്കാണ് പ്രയോഗത്തിൽ വന്നതു് എന്നീ സംഗതികളെപ്പററി ഖണ്ഡിതമായൊരു അഭിപ്രായം പറയുക പ്രയാസമാണ്.

'മാ' എന്നും 'പിള്ള'യെന്നുമുള്ള രണ്ടു പദങ്ങളുടെ സമാസമാണ് അതെന്നും അതിൻെറ അർത്ഥം മാതാവിൻെറ മകൻ എന്നാണെന്നും ഡോക്ടർ വിൽസൻ (Wilson) പറയുന്നു. ആ പേർ പതിയാൻ അദ്ദേഹം പറയുന്ന കാരണമിതാണ്:—മലബാറിൽ വന്നിരുന്ന അറബികളും അജമികളുമായ സഞ്ചാരികളും വ്യാപാരികളും ഇവിടത്തെ സ്ത്രീകളെ വിവാഹം ചെയ്തിരുന്നു. എന്നാൽ അവർ കുറച്ചുകാലത്തിന്നുശേഷം മടങ്ങിപ്പോകുമ്പോൾ ആ സ്ത്രീകൾക്കു വിവാഹമോചനം നൽകുകയായിരുന്നു പതിവ്. ആകയാൽ അവരുടെ സന്താനങ്ങളെ മാതാവുമായി ബന്ധപ്പെടുത്തികൊണ്ടു് 'മാപ്പിള', അതായതു മാതാവിൻെറ മകൻ എന്നു വിളിക്കാൻ തുടങ്ങി.

മദ്രാസ് ഗ്ലോസ്സറിയിൽ (Glossary) ഇപ്രകാരം എഴുതിയിരിക്കുന്നു:— 'മാ' മലയാളഭാഷയിലെ ഒരു പദമാണ്. സം

സംസ്കൃതത്തിലെ മഹാ എന്ന പദത്തിൻെറ തൽഭവമാണതു്. അതിൻെറ അർത്ഥം മഹത്തായതു് എന്നാകുന്നു. മുസൽമാന്മാർ ഇവിടെ വന്നപ്പോഠം ഇവിടത്തെ നിവാസികഠം അവരെ അത്യധികം ബഹുമാനിച്ചിരുന്നു. അവരുടെ സന്താനങ്ങളെ ഇവിടത്തെ നിവാസികഠം 'മാപ്പിള', അതായതു മഹാൻെറ മകൻ എന്നു വിളിക്കുകയും ചെയ്തു.

അറബിഭാഷയുടെ സുപ്രസിദ്ധ നിഘണ്ടുനിർമ്മാതാവായ ബാഡ്ജർ (Badger) പറയുന്നതു മാപ്പിള എന്ന പദം മാഫലാഹ് എന്ന അറബിപദത്തിൻെറ തൽഭവമാണെന്നാണ്. ഫലാഹ് എന്ന അറബിപദത്തിനു കൃഷിക്കാരൻ എന്നാണ് അർത്ഥം. മലബാറിലെ മുസൽമാന്മാർ മിക്കവാറും വ്യാപാരികളായിരുന്നു. അവർക്കു കൃഷിയുമായി വലിയ ബന്ധമുണ്ടായിരുന്നില്ല. ആകയാൽ അവർ 'മാ ഫലാഹ്' (കർഷകേതരൻ) എന്ന പേരിൽ അറിയപ്പെട്ടു.

പുതിയ അന്വേഷകന്മാരുടെ അഭിപ്രായം ഈ പദത്തിൻെറ മൂലം 'മാർപിള്ള' ആണെന്നാണ്. അതിൻെറ അർത്ഥം സാങ്കല്പികപുത്രൻ എന്നാണ്. വടക്കെ ഇന്ത്യയിൽ രാജാവിൻെറ മകൻ എന്നർത്ഥമുള്ള 'രാജ്പുത്', 'രവിഥാർ' എന്നീ പദങ്ങഠം ചില ജനവിഭാഗത്തെസ്സംബന്ധിച്ചു ഉപയോഗിക്കുന്നതുപോലെ ഈ പദവും ഉപയോഗിക്കപ്പെട്ടു.

തമിഠംഭാഷക്കാർ പഴയകാലത്തു സ്ഥാനങ്ങളുടെ പദവി പ്രകടിപ്പിക്കുന്നതിന്നായി പല ജനവിഭാഗത്തോടുംചേർത്തു പലപദങ്ങളും ഉപയോഗിച്ചിരുന്നു—ഉണ്ണി, മൂത്തതു്, നായനാർ, തമ്പുരാൻ, തമ്പി, തങ്കച്ചി എന്നിപ്രകാരം. ഒടുവിൽ പറഞ്ഞ രണ്ടു പദങ്ങഠം രാജാക്കന്മാരുടെ സഹോദരീസഹോദരങ്ങളോടു ചേർത്തു ഉപയോഗിച്ചിരുന്നവയാണ്. മാപ്പിളയും അതുപോലുള്ള ഒരു ഉപയോഗമാണ്. അതു എങ്ങനെ ഉപയോഗത്തിൽ വന്നുവെന്ന

തിന്നു മലബാറിലെ സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരപ്പെട്ടിട്ടുള്ള ഒരു ഐതിഹ്യത്തിൽനിന്നു തുമ്പുകിട്ടുന്നുണ്ട്. ആ ഐതിഹ്യമിതാണ്:—ഹിജ്റയ്ക്കു ഒരു നൂററാണ്ടുമുമ്പു തോമാ എന്നുപേരായ ഒരു ക്രൈസ്തവവ്യാപാരി മലബാറിൽ വന്നിരുന്നു. കൊടുങ്ങല്ലൂർരാജാവു അദ്ദേഹത്തെ ബഹുമാനപൂർവ്വം സ്വീകരിച്ചു. അദ്ദേഹത്തിന്നു താമസത്തിനുള്ള സ്ഥലവും ആരാധനയ്ക്കായി പള്ളി പണിയിക്കാൻ അനുവാദവും നൽകി. ആ ദാനം സംബന്ധിച്ചു ഒരു തീട്ടൂരം നൽകപ്പെട്ടിരുന്നു. അതിൽ രാജാവു ആ വ്യാപാരിയെ "കരികൻകനാനിയോ" എന്നാണ് അഭിസംബോധനം ചെയ്തിരുന്നതു്. (മലയാളത്തിൽ ചേരരാജാക്കന്മാരെ കരികൻ എന്നു പറയുന്നു.) ഇതിൻെറ അർത്ഥം ചേരരാജാവിൻെറ വ്യാപാരി എന്നാണ്. രാജാവു ആ തീട്ടൂരം നൽകിയതോടുകൂടി "സാങ്കല്പികപുത്രൻ" എന്നർത്ഥമുള്ള മാർപ്പിള്ള എന്ന സ്ഥാനപ്പേരുകൂടി അദ്ദേഹത്തിന്നു നൽകുകയും അങ്ങിനെ രാജകീയഔദാര്യം പ്രകടിപ്പിക്കുകയും ചെയ്തു.* (Indian Antiquary, (1927) 13—14)

മുസൽമാന്മാരിൽ ഈ പേർ എപ്പോഴാം നടപ്പിൽവന്നുവെന്നതിന്നു തെളിവുകിട്ടുക പ്രയാസമാണ്. എന്നാൽ ഒരു കാര്യം ഉറപ്പിച്ചുപറയാൻ കഴിയും—ഹിജ്റ 9-ാംനൂററാണ്ടിൽ മലബാറിലെ മുസ്ലിംകൾ പൊതുവിൽ ഈ പേരുകൊണ്ടു വിളിക്കപ്പെട്ടിരുന്നു.

---

* മാർ എന്ന പദത്തിന്നു സുറിയാനിയിൽ ധാഥൻ, കർത്താവു എന്നെല്ലാം അർത്ഥമുണ്ട്. ആ പദം ബഹുമാനസൂചകമായി ക്രൈസ്തവനാമങ്ങളോടും സ്ഥാനപ്പേരോടുംകൂടി ഉപയോഗിക്കുക പതിവാണ്—മാർതോമ, മർപ്പാപ്പ എന്നിങ്ങനെ—പരിഭാഷകൻ.

സുപ്രസിദ്ധ പോർത്തുഗീസു സഞ്ചാരിയായ ബാർബോസ (Bar Bosa) ആഫ്രിക്കൻ പര്യടനത്തിന്നുശേഷം ക്രിസ്താബ്ദം 1508-ൽ (ഹി. 914) ഇന്ത്യൻതീരത്തു വന്നു. ഇവിടെ കുറെ കൊല്ലം താമസിച്ചതിന്നുശേഷം ക്രിസ്താബ്ദം 1514-ൽ (ഹി. 920) അദ്ദേഹമൊരു സഞ്ചാരചരിത്രമെഴുതി. അതിൽ പല സ്ഥലത്തും മുസ്ലിംകളെപ്പററി മൂർമാപ്പിള (Moors Mopulars) എന്നു പറഞ്ഞിരിക്കുന്നു. (Description of The Coasts of EastAfrica and Malabar, p. 146)

ഇബ്നു ബത്തൂത്ത (ക്രി. 1342—ഹി. 743), അബ്ദുർറസ്സാഖ് സമർഖന്ദി (ക്രി. 1444—ഹി. 848), ശൈഖ് സൈനുദ്ദീൻ മഅ്ബരി (ക്രി. 1583—ഹി. 991), ചരിത്രകാരനായ ഫിരിശ്ത്ത (ക്രി. 1606—ഹി. 1015) എന്നിവർ മലബാറിലെ മുസ്ലിംകളെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ അവരാരും മുസ്ലിംകൾക്കു ഇങ്ങനെ ഒരു പേരുള്ളതായി പറഞ്ഞിട്ടില്ല. മുസ്ലിം എഴുത്തുകാർ ഹിജ്റ 11-ാം നൂററാണ്ടുവരെ ഈ പേർ ഉപയോഗിച്ചിരുന്നില്ലെന്നു് ഇതിൽനിന്നു വ്യക്തമാകുന്നുണ്ടു്. എന്നാൽ കഴിഞ്ഞ നൂററാണ്ടുമുതൽ പേർസ്യൻ കൃതികളിൽ ഈ പേർ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഈ പദം മലബാർ മുസ്ലിംകളെ സ്സംബന്ധിച്ചു ആദ്യമായി ഉപയോഗിച്ചിട്ടുള്ളതു ശ്രീരംഗപട്ടണത്തുകാരനായ മീർഹുസൈൻഅലിയുടെ നിശാനെ ഹൈദരി എന്ന ഗ്രന്ഥത്തിലാണു്. (നിശാനെ ഹൈദരി, ഭാ. 97—ഇംഗ്ലീഷു തർജ്ജിമ, ഭാ. 184—കാർനാമയെ ഹൈദരി, ഭാ. 142) ഈ ഗ്രന്ഥം ടിപ്പുസുൽത്താൻെറ നിർദ്ദേശമനുസരിച്ചു എഴുതപ്പെട്ടതാണു്.

## പത്താം അധ്യായം

# മലബാറിലെ സഞ്ചാരികൾ

ഹിജ്റയ്ക്കുശേഷം ആദ്യത്തെ നൂററാണ്ടുകളിൽ പല മുസ്ലിം സഞ്ചാരികളും മലബാർതീരം സന്ദർശിച്ചിട്ടുണ്ടായിരുന്നു. അനുഭവത്തിൻെറ വെളിച്ചത്തിൽ അവർ ഇവിടത്തെ സ്ഥിതികൾ വിവരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സഞ്ചാരികളിൽ ഏററവും പഴമക്കാരൻ സുലൈമാൻവ്യാപാരിയാണ്. ഹിജ്റ 3_ാം നൂററാണ്ടിൽ 237_നു (ക്രി. 751) മുമ്പു അദ്ദേഹം കടൽവഴിയായി ചൈനയിലേക്കു പുറപ്പെട്ടു. മലബാർതീരം കടന്നാണ് അദ്ദേഹത്തിൻെറ കപ്പൽ കിഴക്കോട്ടു പോയതു്. അദ്ദേഹം പറയുകയാണ്:—മുസ്ലിംകപ്പലുകൾ പേർസ്യൻ ഉൾക്കടലിൽനിന്നും ഖൽസംകടലിൽനിന്നും സിലോണിലേക്കും ചൈനയിലേക്കും പോകുന്നതു മലബാർതീരം കടന്നാണ്. ആ നാട്ടിൻെറ തലസ്ഥാനം കൊല്ലമാണ്. പോകുമ്പോഴും വരുമ്പോഴും കപ്പലുകൾ അവിടെ നങ്കൂരമിടുന്നു. ബൽഹറാരാജ്യം മുതല്ക്കു കൊങ്കണപ്രദേശം തുടങ്ങുന്നു. അതിന്നപ്പുറം കൊല്ലത്തിൻെറ അതിർത്തിയാണ്. കാലാവസ്ഥ നല്ലതാണെങ്കിൽ മസ്കത്തിൽനിന്നു കൊല്ലംവരെയുള്ള കപ്പലോട്ടം ഒരു മാസംകൊണ്ടു മുഴുമിക്കാം. ഒരാൾക്കു 10 ദീനാറാണ് കപ്പൽക്കൂലി. (സഫർനാമയെ സുലൈമാൻ താജിർ, ഭാ. 16—28)

ഒരു പേർസ്യൻ കപ്പലോട്ടക്കാരനായ ബുസുർഗുബ്നുശഹ്രിയാർ നാഖുദാ റാംഹർമസിയും ക്രിസ്താബ്ദം 1009_നു (ഹി. 400) മുമ്പു ഇന്ത്യൻതീരപ്രദേശത്തു സഞ്ചരിച്ചിരുന്നു. എല്ലാ കൊല്ലവും കാലംവെളുത്താൽ വലിയവലിയ അറബിസംഘങ്ങൾ പേർസ്യൻ ഉൾക്കടലിൽനിന്നും ഖൽസംകടലിൽനിന്നും പുറ

പ്പെട്ട മലബാറിലും മററു തീരപ്രദേശങ്ങളിലും വ്യാപാരത്തിന്നായി വരുക പതിവായിരുന്നുവെന്നു അദ്ദേഹത്തിൻെറ സഞ്ചാര ചരിത്രത്തിൽനിന്നു മനസ്സിലാകുന്നു. അദ്ദേഹം പറയുകയാണു്:—ക്രിസ്ത്വാബ്ദം 918-ൽ (ഹി. 306) അറബികളുടെ മൂന്നു കപ്പൽ സീറാഫിൽനിന്നു ഇന്ത്യൻതീരത്തേക്കു പുറപ്പെട്ടു. അവയിൽ 1200 ആളുകൾ കയറിയിരുന്നു. യാത്രാമദ്ധ്യത്തിൽ ഭയങ്കരമായ കാററും കോളും കൂട്ടങ്ങുകയാൽ ആ മൂന്നു കപ്പലും വെള്ളത്തിലാണ്ടുപോയി. ഈ വിവരം സീറാഫിലും സൈമൂറിലുമറിഞ്ഞപ്പോൾ അവിടത്തെ ജനങ്ങൾ അനേകമാസക്കാലം ദുഃഖമാചരിച്ചു. (അജാഇബുൽ ഹിന്ദു്)

നാഖുദാ (കപ്പിത്താൻ) രണ്ടുസ്ഥലത്തു കൊല്ലത്തെപ്പററി പറഞ്ഞിട്ടുണ്ടു്. (അജാഇബുൽഹിന്ദു്, ഭാ. 94-120) ഒരിടത്തു പറയുകയാണു്:-"ഒരു ഈറാൻകാരനായ കപ്പലോട്ടക്കാരൻ മർവാൻഷാഹ് തൻെറ ഭാര്യയോടും മകൻ മർസബാനോടുംകൂടി 20 പ്രാവശ്യം കൊല്ലത്തേക്കു യാത്രചെയ്തിട്ടുണ്ടായിരുന്നു." മറെറാരു സ്ഥലത്തു പാമ്പുകളെപ്പററി പ്രതിപാദിച്ചുകൊണ്ടു് പറയുന്നതു ഇപ്രകാരമാണു്:—"കൊല്ലത്തു ഒരു മുസൽമാനുണ്ടു്. അദ്ദേഹത്തെ അവിടത്തുകാർ നബ്ജീ എന്നു വിളിക്കുന്നു. അദ്ദേഹം അധികസമയവും ദൈവാരാധനയിൽ മുഴുകിയിരിക്കുകയാണു് പതിവു്. പാമ്പുകടിച്ചവർ അദ്ദേഹത്തിൻെറ അടുക്കൽ വന്നാൽ അദ്ദേഹം പ്രാൎത്ഥനകൊണ്ടു് വിഷമിറക്കിക്കൊടുക്കും."

മധ്യകാലത്തെ ഇന്ത്യൻസഞ്ചാരികളിൽ മാക്കൊപോളൊ (Marco Polo) പ്രത്യേകം പ്രസിദ്ധനാണു്. അദ്ദേഹം ക്രിസ്ത്വാബ്ദം 1250 മുതൽ 1291 വരെ (ഹി. 648—690) 40 കൊല്ലത്തോളംകാലം ഏഷ്യൻരാജ്യങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരുന്നു. സുൽത്താൻ ഗിയാസുദ്ദീൻബാൽബൻെറ കാലത്തു ക്രി 1265—1287 (ഹി. 664—686) അദ്ദേഹം ചൈനയിൽനിന്നു.

മലബാറിൽ വന്നു. ഇവിടത്തെ നഗരങ്ങളിൽ കന്യാകുമാരി, കൊല്ലം, ഏഴിമല എന്നിവ സന്ദർശിച്ചു. അദ്ദേഹം പറയുകയാണ്:—ഈ നഗരങ്ങളിൽ ലോകത്തിൻെറ നാനാഭാഗത്തുനിന്നുമുള്ള കപ്പലുകൾ വ്യാപാരത്തിന്നായി വന്നുകൊണ്ടിരിക്കുന്നു. ഇവിടെനിന്നു അവ കുരുമുളക, ചുക്ക്, തേങ്ങ, അടയ്ക്ക മുതലായ സാധനങ്ങൾ കയററി അദൻ, സഫാർ, ഈജിപ്റ്റിലേയും അറേബ്യയിലേയും മററു തുറമുഖങ്ങൾ എന്നിവിടങ്ങളിലേക്കു പോവുകയും ചെയ്യുന്നു.

ഇബ്നുബത്തൂത്ത ഹിജ്റ 7-ാംനൂററാണ്ടിലെ സുപ്രസിദ്ധനായൊരു സഞ്ചാരിയാണ്. അദ്ദേഹം വടക്കെ ഇന്ത്യയിൽ പര്യടനം നടത്തിയശേഷം ക്രിസ്താബ്ദം 1342 മുതൽ 1344 വരെ (ഹി. 742—745) മൂന്നു കൊല്ലത്തോളംകാലം ഇന്ത്യയുടെ പശ്ചിമതീരപ്രദേശത്തു സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ കാലത്തിന്നിടയിൽ അദ്ദേഹം ഗോവമുതൽ കൊല്ലംവരെയുള്ള മലബാറിലെ മിക്കവാറും എല്ലാ പ്രദേശങ്ങളും സന്ദർശിച്ചിരുന്നു. ഇവിടത്തെ സ്ഥിതി അത്രമേൽ വ്യക്തവും വിശദവുമായ നിലയിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്—ഇന്നുപോലും അതിനൊന്നൊരു ഏററംവരുത്തുക പ്രയാസമാണ്.

സുൽത്താൻമുഹമ്മദുതുഗ്ലക്കു ക്രിസ്താബ്ദം 1342-ൽ (ഹി. 743) ഇബ്നുബത്തൂത്തയെ തൻെറ പ്രതിനിധിയായി നിയമിച്ചുകൊണ്ട് ബഹുമാനത്തോടും അന്തസ്സോടുംകൂടി ചൈനയിലേക്കു അയച്ചു. അദ്ദേഹം പരിവാരസമേതം ദൽഹിയിൽനിന്നു പുറപ്പെട്ടു കമ്പായ (Cambay) ത്തിലെത്തി. അവിടെനിന്നും അവർ ഖന്ധാർ തുറമുഖത്തുവന്നു കപ്പൽ കയറി. 5 ദിവസത്തെ യാത്രയ്ക്കുശേഷം അവരുടെ കപ്പലുകൾ സിന്ദാപൂരിൽ (സദാശിവഗർ) വന്നു നങ്കൂരം താഴ്ത്തി. ഈ സ്ഥലം മലബാറിൻെറ വടക്കെ അതിർത്തിയിലാണുള്ളത്. ഇബ്നുബത്തൂത്ത അവിടെനിന്നു

മലബാറിൽ കടന്നു, ഹനാവർ, ബാസനൂർ, മംഗലാപുരം, ഏഴിമല, ശ്രീകണ്ഠാപുരം, ധർമ്മടം, വളപട്ടണം, കൊയിലാണ്ടി, കോഴിക്കോട്, കഞ്ചിഗിരി, ചാലിയം, കൊല്ലം എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും ഒടുവിൽ കോഴിക്കോട്ടു മടങ്ങിവന്നു അവിടെനിന്നു മാൽദ്വീപിലേക്കു പോവുകയുംചെയ്തു.

സുലൈമാൻതാജിറിന്റെ സഞ്ചാരചരിത്രം ഫ്രഞ്ചുപരിഭാഷയോടുകൂടി മൂസ്യോ റെയ്നോ (Reinaud) 1811-ൽ പാരീസിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബുസുർഗ്ഗുബ്നശഹ്‌രിയാറിന്റെ അജാഇബുൽഹിന്ദ് പ്രൊഫസർ വോൺഡെർലിത്ത് (Von Der Lith) 1883-ൽ ലണ്ടനിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിന്റെ ഫ്രഞ്ചുതർജ്ജിമ ഡേവിക (Devic) 1886-ൽ പ്രസിദ്ധപ്പെടുത്തി.

മാർക്കൊപോളോവിന്റെ സഞ്ചാരചരിത്രമുൾക്കൊള്ളുന്ന കൽത്തുകളുടെ ഫോട്ടോ കോപ്പി പ്രൊഫസർ നോർഡൻഷീൽഡ് (Norden Shield) 1883-ൽ സ്റ്റോക്കോമിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇംഗ്ലീഷിൽ അതിന്നു പല പരിഭാഷകളുമുണ്ട്. അവയിൽ സർ ഹിൻറിയൂലിന്റെ (Sir Hinry Yule) തർജ്ജിമ സുപ്രസിദ്ധമാണ്. അതിന്റെ ഒന്നാംപതിപ്പ 1871-ലും രണ്ടാംപതിപ്പ 1903-ലും പ്രസിദ്ധപ്പെടുത്തി.

ഇബ്നു ബത്തൂത്തയുടെ സഞ്ചാരചരിത്രം ഡെഫ്രെമെറിയും (Defremery) സാൻഗ്വെനെട്ടിയും (Sanguenetti) ഫ്രഞ്ചുതർജ്ജിമയോടുകൂടി 1877-ൽ പാരീസിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിൽനിന്നു ഇന്ത്യയേയും ചൈനയേയും സംബന്ധിച്ച ഭാഗം വോൺമിസ്ക് (Von Mizk) ജർമ്മനിയിൽ തർജ്ജിമചെയ്തു 1916-ൽ ബർലിനിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സിന്ധിനെസ്സംബന്ധിച്ച ഭാഗത്തിന്റെ ഇംഗ്ലീഷു തർജ്ജിമ ഹേഗ് (Haig) 1887-ൽ ലണ്ടനിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 1829-ൽ ഓറിയൻറൽ ട്രാൻസ്ലേഷൻ ഫണ്ടിന്റെ വകയായി പ്രസിദ്ധംചെയ്തിട്ടുള്ള ലീ (Lee) യുടെ ഇംഗ്ലീഷു പരിഭാഷ ന്യൂനവും അപൂർണ്ണവുമായൊരു സംഗ്രഹം മാത്രമാണ്.

## പതിനൊന്നാം അദ്ധ്യായം

# ഇബ്നബത്തൂത്ത മലബാറിൽ.*

ഈ നഗരത്തിൽനിന്നു പുറപ്പെട്ടതിൻെറ 4-ാം ദിവസം ഞങ്ങൾ സിന്ദാപൂർ ദ്വീപിലെത്തി. അതിൽ രണ്ടു നഗരങ്ങളുണ്ട്. ഒന്നു പഴയകാലത്തു ഹിന്ദുക്കൾ അധിവാസംചെയ്തതാണ്. മററതു മുസ്ലിംകൾ ആദ്യമായി ഈ ദ്വീപു ജയിച്ചടക്കിയപ്പോൾ പണി ചെയ്യിച്ചതാണ്. അതിൽ വലിയൊരു ജുമാമസ്ജിദുണ്ട്. അതു ബഗ്ദാദിലെ പള്ളിയുടെ ആകൃതിയിലുള്ളതാണ്. സുൽത്താൻ ജമാലുദ്ദീൻമുഹമ്മദു ഹനോരിയുടെ പിതാവായ നാഖുദാ (കപ്പിത്താൻ) ഹസനാണ് അതു പണിയിച്ചതു്.

സിന്ദാപ്പൂരിൽനിന്നു പുറപ്പെട്ടതിൻെറ രണ്ടാം ദിവസം കാലത്തു ഞങ്ങൾ ഹനോരി (ഹനാവർ) ലെത്തി. ഈ നഗരം ഒരു ഉൾക്കടലിൻെറ തീരത്താണുള്ളതു്. ഇവിടത്തെ ജനങ്ങൾ ശാഫിഈ മദ്ഹബുകാരാണ്. മതഭക്തരും ധർമ്മിഷ്ഠരുമാണ്. കടൽശക്തികൊണ്ടു പ്രസിദ്ധി നേടിയവരാണ്. ഇവിടത്തെ മതഭക്തന്മാരിൽ പ്രധാനനാണ് ശൈഖ് മുഹമ്മദു നാഗ്ഗുരി. തൻെറ ഭക്ഷണങ്ങൾ അദ്ദേഹംതന്നെ പാകംചെയ്യുന്നു. വേലക്കാരുടെയോ വേലക്കാരികളുടേയോ കൈ അതിൽ തട്ടുന്നതു് അദ്ദേഹത്തിന്നു ഇഷ്ടമല്ല. ഖുർആൻ അധ്യാപകനായ ഫഖീഹ് ഇസ്മാഈൽ വലിയ മതഭക്തനും സൽസ്വഭാവിയും ധർമ്മിഷ്ഠനുമാണ്. നൂറുദ്ദീൻഅലിയാണ് നഗരത്തിലെ ഖാസി. ഇവിടത്തെ സ്ത്രീകൾ

* ഇതു് ഇബ്നുബത്തൂത്തയുടെ സഞ്ചാരചരിത്രത്തിൻെറ ഉർദു തർജമയിൽനിന്നു സംഗ്രഹിച്ചതാണ്.

സുന്ദരികളും കുലീനകളുമാണ്. ഖുർആൻ മനഃപാഠം ചെയ്യുകയെന്നതു് അവരുടെ ഒരു വിശേഷതയാണ്. നഗരത്തിൽ പെൺകുട്ടികൾക്കായി 13-ഉം ആൺകുട്ടികൾക്കായി 23-ഉം പള്ളിക്കൂടങ്ങളുണ്ടു്. ഇവിടത്തെ ജനങ്ങൾ കടൽക്കച്ചവടം ഒന്നുകൊണ്ടു മാത്രമാണ് ജീവിതം നയിക്കുന്നതു്. അവർ കൃഷി ചെയ്യുന്നില്ല. ഇവിടത്തെ ഭരണാധികാരി സുൽത്താൻ ജമാലുദ്ദീനാണ്. മലബാറിലെ ജനങ്ങളും അദ്ദേഹത്തിനു നിശ്ചിതമായൊരു സംഖ്യ കപ്പം കൊടുക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ കടൽശക്തി വമ്പിച്ചതാണ്. കൂടാതെ 6000 കാലാളും നല്ലൊരു കുതിരപ്പടയും അദ്ദേഹത്തിനുണ്ടു്.

ഹനോരിൽനിന്നു പുറപ്പെട്ടതിൻെറ നാലാംദിവസം ഞങ്ങൾ മലബാർ അതിർത്തിയിൽ പ്രവേശിച്ചു. ഇതു കുരുമുളകുണ്ടാകുന്ന നാടാണ്. ഇതിൻെറ നീളം നടന്നുതീക്കാൻ രണ്ടുമാസം വേണ്ടിവരും. ഇതു സമുദ്രതീരത്തു സിന്ദാപ്പൂർ മുതൽ കൊല്ലംവരെ നീണ്ടു കിടക്കുന്നു. വഴിയിൽ ഇരുഭാഗത്തും വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ടു്. അരനാഴിക ഇടവിട്ടു് ഓരോ മരപ്പുരയുണ്ടു്. അതിൽ യാത്രക്കാർ, ഹിന്ദുവായിരിക്കട്ടെ, മുസൽമാനായിരിക്കട്ടെ, വിശ്രമിക്കുന്നു. ആ സത്രങ്ങളുടെ അരികത്തു് ഓരോ കിണറുണ്ടു്. യാത്രക്കാക്കു വെള്ളംകൊടുക്കാനായി അവിടെ ഓരോ ഹിന്ദു നിയമിക്കപ്പെട്ടിരിക്കുന്നു.

മലബാറിൽ ഞങ്ങൾ ആദ്യമായി പ്രവേശിച്ച നഗരം അബീസറൂർ (ബാസറൂർ) ആണ്. അതു വലിയൊരു ഉൾക്കടലിൻെറ തീരത്തുള്ള ചെറിയൊരു നഗരമാണ്. അവിടെ ധാരാളം തെങ്ങുണ്ടു്. മുസൽമാന്മാരിൽ പ്രധാനൻ അവിടത്തെ ഖത്തീബാണ്. അദ്ദേഹത്തിൻെറ പേർ അബ്ബീസ്ത എന്നാണ്. അദ്ദേഹം തൻെറ വരുമാനമെല്ലാം സാധുക്കൾക്കുവേണ്ടി ചെലവഴിക്കുന്നു.

അവിടെനിന്നു പുറപ്പെട്ടതിൻെറ മൂന്നാംദിവസം ഞങ്ങഠം ഫാക്കന്നൂർ നഗരത്തിലെത്തി. ഇതും ഒരു ഉഠംക്കടലിന്നടുത്തു സ്ഥിതിചെയ്യുന്ന നഗരമാണ്. ഇവിടത്തെ കരിമ്പു വളരെ മേത്തരമാണ്. അതിന്നു ഈ നാട്ടിൽ തുല്യതയില്ല. ഇവിടെ വളരെയധികം മുസ്ലിംകളുണ്ടു്. അവരിൽ പ്രധാനൻ ഹുസൈൻസലാത്താണ്. അദ്ദേഹം ഇവിടത്തെ ഖാസിയും ഖത്തീബുമാണ്. അദ്ദേഹം ഇവിടെ ഒരു ജുമാമസ്ജിദ പണിയിച്ചിട്ടുണ്ടു്. ഇവിടത്തെ രാജാവിൻെറ പേർ വാസുദേവു് എന്നാണ്. അദ്ദേഹത്തിന്നു 30 പടക്കപ്പലുകളുണ്ട്. അവയുടെ ഓഫീസർ ഒരു മുസൽമാനാണ്.

അവിടെനിന്നു പുറപ്പെട്ടതിൻെറ നാലാംദിവസം ഞങ്ങഠം മംഗലാപുരത്തെത്തി. ഇതു വലിയൊരു നഗരമാണ്. ഇവിടെ പേർസ്യയിൽനിന്നും യമനിൽനിന്നും ഒട്ടധികം വ്യാപാരികഠം വരുന്നു. ഇവിടെ 4000—ത്തോളം മുസ്ലിംകളുണ്ടു്. നഗരത്തിൻെറ ഒരുഭാഗത്താണ് അവർ പാക്കുന്നതു്. ഇവിടെ ശാഫിഈ മദ്ഹബുകാരനായ ഒരു ഖാസിയുണ്ടു്. അദ്ദേഹത്തിൻെറ പേർ ബദറുദ്ദീൻ മഅ്ബരീ എന്നാണ്. അദ്ദേഹം കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നു.

അവിടെനിന്നു ഞങ്ങഠം ഏഴിമലയിലേക്കു പോയി. രണ്ടു ദിവസംകൊണ്ടു അവിടെ എത്തി. ഇതും വലിയൊരു നഗരമാണ്. ഇവിടെ നല്ല കെട്ടിടങ്ങളുണ്ടു്. ചൈനയിൽനിന്നു വലിയ വലിയ കപ്പലുകഠം വരുന്നു. ആ കപ്പലുകഠം ഇവിടേയും കൊല്ലം, കോഴിക്കോടു എന്നീ തുറമുഖങ്ങളിലുമല്ലാതെ മറെറവിടേയും അടുക്കുകയില്ല. ഒരു പുണ്യപ്പെട്ട ജുമാമസ്ജിദ ഉള്ളതുകൊണ്ടു് ഏഴിയെ മുസ്ലിംകളും ഹിന്ദുക്കളും ഒരു പുണ്യസ്ഥലമായിട്ടാണ് കണക്കാക്കുന്നതു്. കപ്പലോട്ടക്കാർ അവരുടെ യാത്ര സുഖകരവും വിജയപ്രദവുമായിരിക്കാൻ വേണ്ടി ആ പള്ളിയിലേക്കു വലിയ

വലിയ നേച്ചകാം കൊടുക്കുന്നു. ഖത്തീബു ഹുസൈനും ഹസൻ വസാനുമാണ് പള്ളിയിലെ ഖജാനസൂക്ഷിപ്പുകാർ. ഹസൻവസാൻ ഇവിടത്തെ മുസ്ലിംകളിൽ പ്രധാനനാണ്. ഇവിടത്തെ പള്ളിയിൽ കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. വിദ്യാൎത്ഥികാംക്കു നിത്യവേതനം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പള്ളിയോടു അനുബന്ധിച്ച് ഒരു പാചകശാലയുണ്ട്. അതിൽനിന്നു എല്ലാ യാത്രക്കാൎക്കും അഗതികാംക്കും ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുന്നു.

ഏഴിമലയിൽനിന്നു ഞങ്ങാം ശ്രീകണ്ഠാപുരത്തേക്കുപോയി. ഏഴിയിൽനിന്നു മൂന്നു ഫർസഖ് വഴി അകലെയാണ് ഈ നഗരമുള്ളതു്. ഇവിടത്തെ രാജാവിൻെറ പേർ കോയിൽ എന്നാണ്. അദ്ദേഹം മലബാറിലെ എണ്ണപ്പെട്ട രാജാക്കന്മാരിൽ ഒരാളാണ്. അദ്ദേഹത്തിനു അനനധി കപ്പലുകളുണ്ട്. അവ അമ്മാൻ, പേർസ്യ, യമൻ എന്നീ രാജ്യങ്ങളിലേക്കു വ്യാപാരത്തിന്നായി പോകുന്നു. ഏതെങ്കിലുമൊരു സഞ്ചാരി മരണപ്പെട്ടാൽ അദ്ദേഹത്തിൻെറ ധനം മുഴുവനും ഏതെങ്കിലും മുസ്ലിമിൻെറ അടുക്കൽ സൂക്ഷിക്കുകയെന്നതു ഇവിടത്തെ വഴക്കമാണ്. ആ മരിച്ച ആളുടെ നിയമപ്രകാരമുള്ള അവകാശി വരുന്നതുവരെ അതിൽനിന്നു ഒരു പൈപോലും നീക്കുപോക്കു ചെയ്യുകയില്ല.

ശ്രീകണ്ഠാപുരത്തുനിന്നു ഞങ്ങാം ധർമ്മടത്തെത്തി. ഇതു സമുദ്രതീരത്തുള്ള വലിയൊരു നഗരമാണ്. ഇവിടെ വളരെ അധികം തോട്ടങ്ങളുണ്ടു്. തേങ്ങ, കുരുമുളകു, അടയ്ക്ക, വെററില എന്നിവ ധാരാളം വിളയുന്നു. വാഴപ്പഴം ഇത്ര അധികമായും ആദായവിലക്കും ഒരു നാട്ടിലും കണ്ടിട്ടില്ല. ഈ നഗരത്തിൽ വലിയൊരു കുളമുണ്ടു്. അതിൻെറ നീളം 500 അടിയും വീതി 300 അടിയുമാണ്. ചെങ്കല്ലുകൊണ്ടാണതു കെട്ടിപ്പടുത്തിരിക്കുന്നതു്. അതിൻെറ തീരത്തു 28 വലിയ ഗോപുരങ്ങളുണ്ടു്. ഓരോ ഗോപുര

ത്തിലും നന്നാലു ഇരിപ്പുമുറികളുണ്ട്. കുളത്തിനെതിരിലാണ് ജുമാമസ്ജിദ നില്ക്കുന്നത്. പള്ളിയിൽനിന്നു കുളത്തിലേക്ക ഇറങ്ങുന്നതിന്നു പടവുകൾ കെട്ടിയിട്ടുണ്ട്. ജനങ്ങൾ ആ പടവുകളിൽകൂടി കുളത്തിലറങ്ങി കുളിക്കുകയും അംഗക്ഷാളനം ചെയ്യുകയും ചെയ്യുന്നു. ഈ പള്ളിയും കുളവും കോയിൽരാജാവിൻെറ ഒരു പൂർവ്വികനാണ് പണിയിച്ചതെന്നു ഫഖീഹ് ഹുസൈൻ എന്നോടു പറഞ്ഞു. അദ്ദേഹം ഇസ്ലാംമതം സ്വീകരിക്കുകയും നല്ലൊരു മതഭക്തനായി ജീവിക്കുകയും ചെയ്ത ആളാണ്.*

അതിനുശേഷം ഞങ്ങൾ വളപട്ടണത്തേക്ക പോയി. ഇതും വലിയൊരു നദീതീരത്തു സ്ഥിതിചെയ്യുന്നു. സമുദ്രതീരത്തു ഒരു പള്ളിയുണ്ട്. അതു മുസ്ലിംയാത്രക്കാർക്ക താമസിക്കാനുംകൂടിയുള്ളതാണ്. എന്തെന്നാൽ നഗരത്തിൽ മുസൽമാന്മാരാരുമില്ല. ഇവിടത്തെ തുറമുഖം വളരെ ഭംഗിയുള്ളതാണ്. വെള്ളം വളരെ നല്ലതുമാണ്. അടയ്ക്ക ധാരാളം വിളയുന്നു. ഇവിടെനിന്നു അതു ചൈനയിലേക്കും പൂർവ്വേന്ത്യാദ്വീപുകളിലേക്കും കയററിക്കൊണ്ടുപോകുന്നു.

വളപട്ടണത്തുനിന്നു ഞങ്ങൾ പന്തലായിനിയിലേക്ക പോയി. ഇതും വലിയൊരു നഗരമാണ്. ഇവിടെ ബാഗുകളും തോട്ടങ്ങളും അധികമുണ്ട്. മുസൽമാന്മാരുടെ മൂന്നു മഹല്ലുകളുണ്ട്. ഓരോ മഹല്ലിലും പള്ളിയുണ്ട്. ജുമാമസ്ജിദ സമുദ്രതീരത്താണ്. സമുദ്രഭാഗത്തു ഇരിപ്പുമുറികൾ പണിയിച്ചിരിക്കുന്നു. അവിടെ നിന്നാൽ അത്ഭുതകരമായ പ്രകൃതികാഴ്ചകൾ കാണാം. ഇവിടത്തെ ഖാസിയും ഖത്തീബും ഒരു അമ്മാൻകാരനാണ്. അദ്ദേഹത്തിൻെറ ഒരു സഹോദരനും—ഇദ്ദേഹവും നല്ലൊരു പണ്ഡിത

---

* ഇക്കാരണത്താലായിരിക്കണം അടുത്തകാലംവരെ വടക്കെ മലബാറി [illegible] വിളിക്കപ്പെട്ടിരുന്നത്.
[illegible]

നാണ്—ഇവിടെത്തന്നെ പാക്കുന്നു. ഈ നഗരത്തിൽ ചൈനയിൽനിന്നു വരുന്ന കപ്പലുകാം മഴക്കാലത്തു തങ്ങിനില്ക്കുന്നു.

പന്തലായിനിയിൽനിന്നു ഞങ്ങാം കോഴിക്കോട്ടേക്കു പോയി. മലബാറിലെ ഏറ്റവുംവലിയ തുറമുഖമാണിതു്. ചൈന, ജാവ, സിലോൺ, മാൽദ്വീപു, യമൻ, പേർസ്യ എന്നീ രാജ്യങ്ങളിൽനിന്നു മാത്രമല്ല ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വ്യാപാരികാം ഇവിടെ വന്നുകൊണ്ടിരിക്കുന്നു. ലോകത്തിലെ വലിയ തുറമുഖങ്ങളിൽ ഒന്നാണിതു്. ഇവിടത്തെ രാജാവു ഹിന്ദുവാണ്. അദ്ദേഹത്തെ സാമൂതിരി എന്നു വിളിക്കുന്നു. ഈ നഗരത്തിൽ പാക്കുന്ന പറങ്കികളെപ്പോലെത്തന്നെ അദ്ദേഹവും മുഖം വടിച്ചിരിക്കുന്നു. നഗരത്തിലെ വ്യാപാരിത്തലവൻെറ പേർ ഇബ്രാഹീംഷാഹ്ബന്ദർ എന്നാണ്. അദ്ദേഹം ബഹറൈൻകാരനാണ്. നല്ല പണ്ഡിതനും ധർമ്മിഷ്ഠനുമാണ്. ലോകത്തിൻെറ നാനാ ഭാഗത്തുനിന്നുമുള്ള വ്യാപാരികാം അദ്ദേഹത്തിൻെറ പന്തിയിൽനിന്നു ഭക്ഷണം കഴിക്കുന്നു. സത്രത്തിൻെറ മേലധികാരി ശിഹാബുദ്ദീൻ ഗാസറൂനിയാണ്. ശൈഖ് അബൂഇസ്ഹാഖ് ഗാസറൂനിയുടെ ഇന്ത്യയിലെയും ചൈനയിലെയും ഭക്തന്മാർ അദ്ദേഹത്തിന്നു സമ്മാനങ്ങളും കാഴ്ചകളും എത്തിച്ചുകൊടുക്കുന്നു. നാഖുദാ മിസ്ഖാലും ഈ നഗരത്തിലാണ് പാക്കുന്നതു്. ഇദ്ദേഹം വലിയ ധനികനും സുപ്രസിദ്ധനുമാണ്. ഇദ്ദേഹത്തിൻെറ കപ്പലുകാം പൂർവ്വേന്ത്യാദ്വീപുകാം, ചൈന, യമൻ, പേർസ്യ എന്നിവിടങ്ങളിൽ വ്യാപാരത്തിന്നായി പോയ്ക്കൊണ്ടിരിക്കുന്നു.

കോഴിക്കോട്ടുനിന്നു പുറപ്പെട്ടതിൻെറ 5-ാംദിവസം ഞങ്ങാം കഞ്ചിഗിരിയിലെത്തി. ഇതു മലമുകളിലുള്ള ഒരു സ്ഥലമാണ്. ഇവിടെ യഹൂദരാണ് താമസിക്കുന്നതു്. ഇവിടത്തെ രാജാവു വേണദ്ദലാണ്. അദ്ദേഹം കൊല്ലംരാജാവിന്നു കപ്പം കൊടുക്കുന്നു.

അവിടെനിന്നു പുറപ്പെട്ടതിൻെറ 10-ാംദിവസം ഞങ്ങൾ കൊല്ലത്തെത്തി. മലബാറിലെ ഏററവുംഭംഗിയുള്ള നഗരമിതാണ്. അങ്ങാടികൾ വളരെ നല്ലതാണ്. വ്യാപാരികൾ വലിയ പണക്കാരാണ്. ചിലർ കപ്പലുകളിലെ ചരക്കുകൾ മുഴുവനും ഒന്നായി വിലയ്ക്കെടുക്കുകയും അവരുടെ സ്ഥലങ്ങളിൽ വില്പനയ്ക്കു വെക്കുകയും ചെയ്യുന്നു. ഇവിടെ മുസ്ലിംവ്യാപാരികളും ധാരാളമുണ്ട്. അവരിൽ പ്രധാനൻ അലാവുദ്ദീൻ ആവുജിയാണ്. അദ്ദേഹം ആവദേശക്കാരനും ശിയായുമാണ്. അദ്ദേഹത്തിൻെറ പങ്കുകാരനും അതേ മദ്ഹബുകാരനാകുന്നു. ഈ നഗരത്തിലെ ഖാസി ഖസ്വീനിലെ ഒരു പണ്ഡിതനാണ്. മുസൽമാന്മാരിൽ പ്രധാനൻ മുഹമ്മദ്ഷാഹ്ബന്ദർ ആണ്. അദ്ദേഹത്തിൻെറ സഹോദരൻ തഖിയ്യുദ്ദീനും നല്ലൊരു പണ്ഡിതനാണ്. ഇവിടത്തെ ജൂമാമസ്ജിദ് അത്ഭുതകരമായ ഒന്നാണ്. അതു ഖാജാ മുഹദ്ദബ് പണിയിച്ചതാണ്.* ഈ നഗരം മലബാറിലെ മററു നഗരങ്ങളേക്കാൾ ചൈനയുമായി അടുത്തതാണ്. ആകയാൽ ചൈനയിൽനിന്നു ഒട്ടധികം സഞ്ചാരികൾ ഇവിടെ വരുന്നു. ഇവിടത്തെ മുസ്ലിംകൾ മററുള്ളവരാൽ ബഹുമാനിക്കപ്പെടുന്നു. രാജാവിൻെറ പേർ തിർവാരി (തിരുവടി) എന്നാണ്. അദ്ദേഹവും മുസ്ലിംകളെ സ്നേഹിക്കുകയും ബഹുമാനിക്കുയും ചെയ്യുന്നു.

കൊല്ലത്തുനിന്നു ഞങ്ങൾ കപ്പൽ കയറി വടക്കോട്ടു പോവുകയും ഹന്നോർ, ഫാക്കന്നൂർ, മംഗലാപുരം, ഏഴിമല, ശ്രീകണ്ഠാപുരം, ധർമ്മടം, വളപട്ടണം, പന്തലായിനി, കോഴിക്കോട് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ചാലിയത്തു വന്നുചേരുകയുംചെയ്തു. ഇതു വളരെ ഭംഗിയുള്ളൊരു നഗരമാണ്. ഇവിടെ നല്ല തുണികൾ നിർമ്മിക്കപ്പെടുന്നു. ആ തുണിയുമായി ബന്ധപ്പെ

* ഈ പള്ളി ഇപ്പോൾ നിലവിലില്ല. കടലെടുത്തുപോയിരിക്കുന്നു

—പരിഭാഷകൻ.

ളതാണ് ഇതിന്റെ പേർ. ഞാനിവിടെ ഒട്ടധികം നാൾ താമസിച്ചു. പിന്നീട കോഴിക്കോട്ട തിരിച്ചുവരുകയും അവിടെനിന്നു മാൽദ്വീപിലേക്ക പോവുകയും ചെയ്തു.

---

## പന്ത്രണ്ടാം അദ്ധ്യായം

---

# സുൽത്താൻ ഷാഹ്റഖിന്റെ പ്രതിനിധി മലബാറിൽ *

അമീർ തിമൂറിന്റെ മരണാനന്തരം (ക്രി. 1404—ഹി. 807) അദ്ദേഹത്തിന്റെ മകൻ സുൽത്താൻ ഷാഹ്റുഖ്മീർസാ ഖുറാസാനിൽ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ഭരണം തുർക്കിസ്ഥാൻമുതൽ ഇറാഖ്വരെയുള്ള മുഴുവൻ ഈറാനിലും ഖുറാസാനിലും വ്യാപിച്ചി ണ്ടായിരുന്നു. ലോകരാഷ്ട്രങ്ങൾ അദ്ദേഹത്തിന്റെ പ്രതാപം അംഗീകരിച്ചിരുന്നു. ജോൺപൂർരാജാവു സുൽത്താൻ ശംസുദ്ദീൻ ഇബ്രാഹിം (ക്രി. 1400—1440, ഹി. 803—844) ബങ്കാളിന്റെനേരെ തുടച്ചയായി ആക്രമണം നടത്തിയപ്പോൾ ബങ്കാളിലെ രാജാക്കന്മാർ ഗതിമുട്ടിയ നിലയിൽ ഷാഹ്റുഖ്മീർസായുടെ അടുക്കൽ ആവലാതി ബോധിപ്പിച്ചു. ഷാഹ്റുഖ് ബങ്കാളിലെ രാജാക്കളേയും സുൽത്താൻ ഇബ്രാഹീമിനേയും യോജിപ്പിക്കുന്നതിനുവേണ്ടി ശൈഖുൽ ഇസ്ലാം ഖാജാ കരീമുദ്ദീൻ മക്കാരിമിനെ ജോൺപൂരിലേക്ക അയച്ചു. അദ്ദേഹം ജോൺപൂരിൽ വന്നു സുൽത്താൻ ഇബ്രാഹീമിനെക്കൊണ്ടും ബങ്കാളിലെ രാജാക്കളെക്കൊണ്ടും സന്ധിചെയ്യിച്ചു. അതിന്നുശേഷം അദ്ദേഹം ബങ്കാളിലേക്ക പോയി. അവിടെനിന്നു ബങ്കാളിന്റെ പ്രതിനി

---

* ഈ അദ്ധ്യായം എലിയററിന്റെ ഇന്ത്യചരിത്രത്തിൽനിന്ന എടുത്തതാണ്. (വാള്യം 4, ഭാ. 98, 99, 103)

ധിയേയുംകൂട്ടി കടൽവഴിയായി ഈറാനിലേക്കു മടങ്ങി. സിലോൺ കടന്നതിന്നുശേഷം കപ്പൽ കോളിലകപ്പെട്ടു. കോളിൽനിന്നു രക്ഷപ്പെടാനായി അതു കോഴിക്കോട്ടു് അടുപ്പിച്ചു നങ്കൂരമിട്ടു. ശൈഖുൽഇസ്ലാമും ബങ്കാളപ്രതിനിധിയും അവിടെ ഇറങ്ങി സാമൂതിരിയുമായി സംഭാഷണം നടത്തി. ശൈഖുൽഇസ്ലാമിന്റെ ഇന്ത്യയിലേക്കുള്ള ആഗമനോദ്ദേശ്യമറിഞ്ഞപ്പോൾ ഷാഹ്‌റൂഖുമായി രാജ്യബന്ധംസ്ഥാപിക്കണമെന്നു സാമൂതിരിക്കു ആഗ്രഹം തോന്നി. അദ്ദേഹം വലിയൊരു പണ്ഡിതനായ ഖാജാ മസ്ഊദിനെ ചില സമ്മാനങ്ങളോടും നിർദ്ദേശങ്ങളോടുംകൂടി ശൈഖുൽഇസ്ലാമിന്റെകൂടെ ഖുറാസാനിലേക്കു അയച്ചു. കോഴിക്കോട്ടു ധാരാളം മുസ്ലിംകൾ അധിവസിക്കുന്നുണ്ടെന്നും അവരുടെ പള്ളികളിൽ ജുമുഅയും പെരുന്നാൾനമസ്കാരങ്ങളും ശരിയായി നടക്കുന്നുണ്ടെന്നും സുൽത്താൻ ഇഷ്ടപ്പെടുകയാണെങ്കിൽ അദ്ദേഹത്തിന്റെ പേർ ഖുത്ത്ബാപ്രസംഗത്തിൽ ഉൾപ്പെടുത്തുന്നതിന്നു ഏർപ്പാടുചെയ്യാമെന്നും ഷാഹ്‌റൂഖിനെ അറിയിക്കാൻ രാജാവു പറഞ്ഞേല്പിച്ചു.

ഖാജാ മസ്ഊദു് ശൈഖുൽഇസ്ലാമിനോടുകൂടി ഹിറാത്തിൽ (Herat) വന്നു ഷാഹ്‌റൂഖിനെ കാണുകയും രാജാവിന്റെ സന്ദേശം നിവേദനംചെയ്യുകയും ചെയ്തു. ആ സന്ദേശത്തിന്നു മറുവടി നൽകാനായി ഷാഹ്‌റൂഖ് ഖാജാ കമാലുദ്ദീൻ അബ്ദുർറസ്സാഖ് സമർഖന്ദിയെ നിയോഗിച്ചയച്ചു. അബ്ദുർറസ്സാഖ് ക്രിസ്താബ്ദം 1442-ൽ (ഹി. 846) ഹിറാത്തിൽനിന്നു പുറപ്പെടുകയും പതിനൊന്നു മാസത്തിന്നുശേഷം കോഴിക്കോട്ടു എത്തുകയുംചെയ്തു. ഷാഹ്‌റൂഖ് സാമൂതിരിരാജാവിന്നു ഒരു അറബിക്കുതിര ഉൾപ്പെടെ ഒട്ടധികം വിലപിടിച്ച സമ്മാനങ്ങൾ കൊടുത്തയച്ചിരുന്നു. അബ്ദുർറസ്സാഖു് ആ സമ്മാനങ്ങളെല്ലാം രാജാവിന്നു കാഴ്ചവെച്ചു. അതിന്നുശേഷം 5 മാസക്കാലം അദ്ദേഹം കോഴിക്കോട്ടു താമസിച്ചു. ഇതിന്നിടയിൽ അബ്ദുർറസ്സാഖിന്റെ ആഗമനവൃ

ത്താന്തം വിജയനഗരിലെ രാജാവു ദേവരായൻ അറിയുകയും സാമൂതിരി മുഖാന്തരം അദ്ദേഹത്തെ തൻെറ ദർബാറിലേക്കു ക്ഷണിക്കുകയും ചെയ്തു. അബ്ദുർറസ്സാഖ് കോഴിക്കോട്ടുനിന്നു കടൽമാർഗ്ഗം മംഗലാപുരത്തെത്തി. അവിടെനിന്നു 15 ദിവസത്തെ യാത്രകൊണ്ടു വിജയനഗരിൽ ചെന്നുചേൻ രാജാവുമായി അഭിമുഖസംഭാഷണം നടത്തി. 8 മാസം വിജയനഗറിൽ താമസിച്ചതിന്നുശേഷം ഹിജ്റ 847 ശഅബാൻ 12-ാംനു- (ക്രി.1443) അദ്ദേഹം അവിടെനിന്നു പുറപ്പെട്ടു. വിജയനഗർരാജാവു അദ്ദേഹത്തോടൊന്നിച്ചു രണ്ടു പ്രതിനിധികളെ നിയോഗിച്ചയച്ചു. അവർ ഹാക്കന്റൂർ തുറമുഖത്തുവിന്നു കപ്പൽകയറി ഒരു കൊല്ലത്തിനുശേഷം ഹിജ്റ 848 റമസാൻ 15-ാംനു- (ക്രി. 1444) ഹിറാത്തിൽ എത്തിച്ചേൻ. വിജയനഗർ പ്രതിനിധികൾ ഹിറാത്തിൽനിന്നു മടങ്ങിയപ്പോൾ ശാഹ്റുഖ് അവരോടൊന്നിച്ചു മൗലാനാ നാസിറുദ്ദീൻ നസ്റുല്ലാ ജനാബ്ദിയെ തൻെറ പ്രതിനിധിയായി ദേവരായൻെറ അടുക്കലേക്കു അയച്ചു.

കോഴിക്കോട്ടു 5 മാസം താമസിച്ചതിന്നിടയിൽ അവിടെ കണ്ട കാഴ്ചകളെല്ലാം അബ്ദുർറസ്സാഖ് തൻെറ ചരിത്രഗ്രന്ഥമായ മത്തലഉസ്സഅദൈനിൽ എഴുതിയിട്ടുണ്ട്. അതിൻെറ ചുരുക്കമിതാണ്:—

കോഴിക്കോട്ടു വളരെ അധികം ജനങ്ങൾ അധിവസിക്കുന്നതും ഒട്ടേറെ കെട്ടിടങ്ങളുള്ളതുമായ ഒരു തുറമുഖമാണ്. അബിസീനിയ്യ, സഞ്ചുബാർ, സേർബാദ്*, മക്ക, ഹിജാസു രാജ്യങ്ങൾ

---

* ഇന്ത്യാസമുദ്രത്തിൽ ഇന്ത്യയ്ക്കു തെക്കും കിഴക്കുമുള്ള ദ്വീപുകൾക്കു പേർസ്യക്കാർ പറയുന്ന പേരാണ് സേർബാദ എന്നതു്. മാൽദ്വീപ്, ലക്ഷദ്വീപ്, സിലോൺ, മലാക്ക, ബങ്കാം, മർതബാൻ, പെഗു, അന്തമാൻ, നിക്കോബാർ എന്നിവ ഇതിൽ ഉൾപ്പെടും.

എന്നിവിടങ്ങളിൽനിന്നുള്ള അസംഖ്യം വ്യാപാരികാം അവിടെ പാക്കുന്നുണ്ട്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലേയും നല്ലനല്ല സാധനങ്ങാം അവിടെ വില്ക്കപ്പെടുന്നു. നഗരത്തിലെ ജനസംഖ്യയിൽ വലിയൊരു വിഭാഗം മുസ്ലിംകളാണ്. അവർ രാജാവിൻെറ സമ്മതത്തോടുകൂടി രണ്ടു ജൂമാമസ്ജിദുകാം അവിടെ പണിയിച്ചിട്ടുണ്ട്. അവയിൽ ബാങ്കും നമസ്കാരവും കൃത്യമായി നടക്കുന്നുണ്ട്. രാജാവു മുസൽമാന്മാക്കുവേണ്ടി ഒരു ഖാസിയെ നിയമിച്ചുകൊടുത്തിരിക്കുന്നു. അവിടത്തെ മുസ്ലിംകളിൽ അധികവും ശാഫിഈ മദ്ഹബുകാരാണ്. നഗരത്തിൽ എല്ലാവിധത്തിലും നിയമവും സമാധാനവും നിലനിന്നുവരുന്നു. വ്യാപാരികാം അവരുടെ കച്ചവടച്ചരക്കുകാം കപ്പലിൽനിന്നു ഇറക്കി അങ്ങാടിയിൽ വെക്കുന്നു. അതു സൂക്ഷിക്കുന്ന ചുമതല ഗവമ്മെണ്ടിൻേറതാണ്. അതിൽ അണുവളവും വ്യത്യാസമുണ്ടാവുന്നില്ല. മുഴുവൻ ചരക്കും വിററുകഴിഞ്ഞാൽ നാല്പതിൽ ഒരു ഭാഗം നികുതിയായി വാങ്ങുന്നു. അതല്ലാതെ മററു യാതൊരുവിധമായ നികുതിയും വസൂലാക്കപ്പെടുന്നില്ല. ഏതെങ്കിലും വ്യാപാരി മരണപ്പെടുകയോ ഏതെങ്കിലും കപ്പൽ പൊളിഞ്ഞു അതിലെ ചരക്കുകാം തുറമുഖത്തു അടുക്കുകയോ ചെയ്യുകയാണെങ്കിൽ ആ ചരക്കുകളെസ്സംബന്ധിച്ചും യാതൊരുവിധമായ വഞ്ചനയും ഉണ്ടാകുന്നതല്ല. അവയുടെ അവകാശി വരുമ്പോാം മുഴുവൻ മുതലും അയാാംക്കു ഏല്പിച്ചുകൊടുക്കും. കോഴിക്കോട്ടുനിന്നു അറബ്യ്, അദൻ മുതലായ രാജ്യങ്ങളിലേക്കു പോകുന്ന കപ്പലുകളിൽ സാധാരണമായി കുരുമുളകാണ് കയററാമുള്ളതു്. കോഴിക്കോട്ടുകാർ സമുദ്രസഞ്ചാരത്തിൽ വളരെ സമത്ഥന്മാരും ധീരന്മാരുമാണ്. ഈ കാരണത്താൽ അവക്കു "ചീനക്കുട്ടികാം" എന്നു പേർ നൽകപ്പെട്ടിരിക്കുന്നു.

## പതിമൂന്നാം അധ്യായം

# മലബാറിലെ രണ്ടു ഗ്രന്ഥകാരന്മാർ*

മലബാറിലെ തീരപ്രദേശത്തു കോഴിക്കോട്ടിന്നു തെക്കുഭാഗത്തായി പൊന്നാനി എന്നുപേരായ ഒരു നഗരമുണ്ടു്. അതു നൂററാണ്ടുകളായിട്ടു മലബാർ മുസ്ലിംകളുടെ വിജ്ഞാനീയവും മതപരവുമായ കേന്ദ്രമാണു്. ഹിജ്റ 9-ാം നൂററാണ്ടിന്റെ ആരംഭത്തിൽ ഒരു പണ്ഡിതകുടുംബം അവിടെ അധിവാസമുറപ്പിച്ചു ഈ കുടുംബം "പൊന്നാനി മഖ്ദൂം" എന്നപേരിലാണു് പൊതുവിൽ അറിയപ്പെടുന്നതു്. ഈ കുടുംബത്തിലെ ചില അംഗങ്ങൾ അവിടെ ഒരു മഖാമും മദ്രസയും പണിയിച്ചിട്ടുണ്ടു്. അവ ഇതുവരെയും നിലനിന്നുവരുന്നു. പോർത്തുഗീസുകാരുടെ ആഗമനത്തിന്നു മുമ്പു് ഈ മഖാമിൽ അറബികളും അജമികളുമായ പണ്ഡിതന്മാരും സൂഫികളും വരുക പതിവായിരുന്നു. മദ്രസയിൽ അറബിവിജ്ഞാ

---

* ഈ അധ്യായമെഴുതുന്നതിന്നു താഴെ പറയുന്ന ഗ്രന്ഥങ്ങൾ സഹായമായിട്ടുണ്ടു് —ജർജിസൈദാന്റെ ആദാബുല്ലുഗത്തിൽ അറബിയ്യ, വാല്യം 3, ഭാ 34, 52 -ബ്രോക്കൽമാന്റെ അബെഷിസ്റ്റാത്തെ അറാബ്, വാല്യം 2, ഭാ. 416—ഹാൻദീക്കിന്റെ കിത്താബു് ഇക്തിഫാഉൽ ഖുനൂഅ്, ഭാ 161, 499—ഫിഹ്റസ്റ്റ് കുതുബ്ഖാനെ ഖദീവിയ്യ, വാല്യം 3, ഭാ. 258 ശൈഖ് സൈനുദ്ദീന്റെ മസ്ലക്കൽ അത്ഖിയാ—മേർലിയുടെ ചരിത്രലേഖനങ്ങൾ, ഭാ 13—റിയുവിന്റെ ഫിഹ്റസ്റ്റ് ബ്രിട്ടീഷ് മ്യൂസിയം, വാല്യം 2, ഭാ. 234—[illegible] ഫിഹ്റസ്റ്റ് ഇന്ത്യാ ആഫീസ്, ഭാ 204.

നത്തിൻെറ എല്ലാ വിഭാഗങ്ങളും പഠിപ്പിക്കുന്നുണ്ടു്. ശൈഖ് ശിഹാബുദ്ദീനുബ്നു ഹജരിൽ മക്കീ (ക്രി. 1503—1566, ഹി. 909—974) മലബാറിൽ വന്നപ്പോൾ ഈ മഖാമിലാണു് താമസിച്ചിരുന്നതെന്നും അദ്ദേഹത്തിൻെറ താമസകാലത്തു മദ്രസയിൽ വരുകയും വിശുദ്ധ ഖുർആൻെറയും ഹദീസിൻെറയും വ്യാഖ്യാനങ്ങൾ പഠിപ്പിക്കുകയും ചെയ്തിരുന്നുവെന്നും പ്രാദേശികൈതിഹ്യങ്ങളിൽനിന്നു മനസ്സിലാകുന്നു.

പൊന്നാനി മഖ്ദൂമുമാരുടെ പൂർവ്വപിതാവു് അലിയ്യുബ്നു അഹ്മദിൽമഅ്ബരിയാണു്. അദ്ദേഹത്തിൻെറ ജന്മദേശം മഅ്ബറായിരുന്നു. അദ്ദേഹം അവിടെനിന്നു മലബാറിലേക്കു വരുകയും കൊച്ചിയിൽ താമസമുറപ്പിക്കുകയും ചെയ്തു. പിന്നീടു ആ കുടുംബം ഖാസി സൈനുദ്ദീൻഇബ്രാഹീമുബ്നുഅഹ്മദിൽ മഅ്ബരിയുടെകൂടെ അവിടെനിന്നു പൊന്നാനിയിലേക്കു വരുകയും ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു.

ശൈഖ് അലിയ്യുബ്നു അഹ്മദിൽമഅ്ബരിയുടെ മകൻ സൈനുദ്ദീൻ അബൂയഹ്‌യാ ഹിജ്റ 873 (ക്രി. 1467) ശഅ്ബാൻ 13-ാംനു- വ്യാഴാഴ്ച സൂര്യോദയത്തിന്നുശേഷം കൊച്ചിയിൽ ജനിച്ചു. പൊന്നാനിയിൽ വന്നതിന്നുശേഷമാണു് കുട്ടിക്കു ബുദ്ധിവികാസം വന്നതു്. പൊന്നാനിയിൽനിന്നുതന്നെ ആ കുട്ടി സർഫ്, നഹ്വ്, ഫിഖ്ഹ് എന്നിവയുടെ പ്രാരംഭഗ്രന്ഥങ്ങൾ പഠിച്ചു. അതിന്നുശേഷം അദ്ദേഹം ശൈഖ് ശിഹാബുദ്ദീൻ അഹ്മദുബ്നു ഉസ്മാനിൽ യമനിയ്യിയിൽനിന്നു തഫ്സീറും ഹദീസുംപഠിച്ചു. അക്കാലത്തു മലബാർമുസ്ലിംകളുടെ പ്രധാനകേന്ദ്രം കോഴിക്കോടായിരുന്നു. അവിടെ വലിയ വലിയ പണ്ഡിതന്മാരുണ്ടായിരുന്നു. ശൈഖ് സൈനുദ്ദീൻ വിജ്ഞാനസമ്പാദനാർത്ഥം നാട്ടിൽനിന്നു കോഴിക്കോട്ടേക്കു വന്നു. അവിടെവെച്ചു മലബാർ മുസ്ലിംകളുടെ ഇമാമും ഖാസിൽഖുസാത്തുമായ ഖാസി ഫഖ്റുദ്ദീൻ

അബൂബക്കറെബ്ന ഖാസി റമസാനിശ്ശാലിയ്യാത്തിയിൽനിന്നു ഫിഖ്ഹിൻെറ പഠനം പൂർത്തിയാക്കി. അതിന്നുശേഷം അദ്ദേഹം ഖാസി അബ്ദുർറഹ്മാനൽഅദമിയിൽമിസ്രിയുടെ ദർസിൽചേന്നു ഹദീസുരിവായത്തിന്നു സമ്മതം (ഇജാസത്ത്) വാങ്ങിച്ചു. ഈ മഹാൻ അക്കാലത്തെ ഹദീസു പണ്ഡിതന്മാരിൽ പ്രസിദ്ധനായ ഒരാളായിരുന്നു. അദ്ദേഹം ശൈഖ് ശംസുദ്ദീനൽജൗജരി, ശൈഖ് സക്കരിയ്യാഅൻസാരി, ശൈഖ് കമാലുദ്ദീൻമുഹമ്മദുബ്നു അബീശരീഫ് മുതലായ സുപ്രസിദ്ധ പണ്ഡിതന്മാരിൽനിന്നു ഹദീസു വിജ്ഞാനംനേടിയ ആളാണ്.

ശൈഖ് സൈനുദ്ദീൻ ബാഹ്യമായ വിജ്ഞാനത്തിലെന്നപോലെ ആദ്ധ്യാത്മികകാര്യങ്ങളിലും ഉന്നതമായ പദവിയുള്ള ഒരാളായിരുന്നു. അദ്ദേഹം ആദ്യം ശൈഖുശ്ശുയൂഖ് ഖാജാ ഫരീദുദ്ദീൻ അജ്ജുദഹ്നിയുടെ സന്താനത്തിൽപെട്ട ശൈഖ് ജലീൽ ഖാജാ ഖുത്ബുദ്ദീനുബ്നു ഖാജാഇസ്സുദ്ദീൻചിശ്ത്തിയുടെശിഷ്യത്വം കൈക്കൊള്ളുകയും അദ്ദേഹത്തിൽനിന്നു ഖാദിരിയ്യ, ചിശ്ത്തിയ്യ എന്നീ തരീഖത്തുകളിൽ ഖിലാഫത്തു സമ്പാദിക്കുകയുംചെയ്തു. അതിന്നുശേഷം തരീഖത്തിൻെറ ശൈഖായ സാബിത്തുബ്നു ഐനിബ്നിമഹ്മൂദിസ്സാഹിദിയുടെ കയ്യിൽ ബൈഅത്തു ചെയ്യുകയും അദ്ദേഹത്തിൽനിന്നു തബ്ലീഗിന്നും തൽഖീനിന്നും സമ്മതം (ഇജാസത്ത്) വാങ്ങുകയും ചെയ്തു. ശൈഖ് സൈനുദ്ദീൻ ഹിജ്റ 928 (ക്രി. 1521) ശഅ്ബാൻ 17–ാംനു- വ്യാഴാഴ്ച അർദ്ധരാത്രിക്കുശേഷം നിര്യാതനാവുകയും പൊന്നാനിയിലുള്ള അദ്ദേഹത്തിൻെറ മഖാമിൽ ഖബ്റടക്കംചെയ്യപ്പെടുകയുംചെയ്തു. അദ്ദേഹത്തിൻെറ ഖബ്ർ ഇന്നും പൊതുസന്ദർശനകേന്ദ്രമായി നിലനിന്നുവരുന്നു.

ആദ്ദേഹം അറബിയിൽ ഉപകാരപ്രദമായ പല ഗദ്യപദ്യഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

**1. മുർശിദുത്തുലാബ്:—** ഇതു തത്വജ്ഞാന സംബന്ധിയായ വലിയൊരു ഗ്രന്ഥമാണ്.

**2. സിറാജുൽഖുലൂബ്:—** ഇതിൽ മരണാനന്തരം മനുഷ്യനിൽ കഴിയുന്ന സംഭവങ്ങൾ വിവരിച്ചിരിക്കുന്നു.

**3. ശംസുൽഹുദാ:—** ഇതിൽ ഉപദേശങ്ങളും ഉൽബോധങ്ങളും അടങ്ങിയിരിക്കുന്നു.

**4. തുഹ്ഫത്തുൽഅഹിബ്ബാ:—** ഇതിൽ നബിതിരുമേനിയുടെ വൃത്താന്തങ്ങളും വാദങ്ങളും ഒരുമിച്ചുകൂട്ടിയിരിക്കുന്നു.

**5. ഇർശാദുൽഖാസിദീൻ:—** ഇതു ഇമാം ഹുജ്ജത്തുൽ ഇസ്ലാം മുഹമ്മദുബ്നു മുഹമ്മദിഗസ്സാലിയുടെ മിൻഹാജുൽ ആബിദീൻ എന്ന ഗ്രന്ഥത്തിൻെറ സംഗ്രഹമാണ്.

**6. ശഅ്ബുൽഈമാൻ:—** ഇതു അല്ലാമ സയ്യിദ് നൂറുദ്ദീനിൽ ഐജിയുടെ ഇതേപേരിലുള്ള പേർസ്യൻഗ്രന്ഥത്തിൻെറ അറബി തർജ്ജിമയാണ്.

**7. കിഫായത്തുൽഫറാഇസ്:—** ഇതു് ഇമാം സബ്ബറഫിയുടെ കിതാബുൽകാഫീ ഫിൽഫറാഇസ് എന്ന ഗ്രന്ഥത്തിൻെറ സംഗ്രഹമാണ്

**8. കിത്താബുസ്സഫാ മിനശ്ശിഫാഇ—** ഇതു ഖാസിഇയാസുൽമാലിക്കിയുടെ കിത്താബുശ്ശിഫായുടെ സംഗ്രഹമാണ്.

**9. തസ്ഹീലുൽകാഫിയ—** ഇതു ഇബ്നുഹാജിബിൻെറ കാഫിയയുടെ വ്യാഖ്യാനമാണ്.

ഇതിന്നുംപുറമെ അദ്ദേഹം ഇബ്നുമാലിക്കിൻെറ അൽഫിയ്യ, ഇബ്നുൽവർദിയുടെ തുഹ്ഫ, ഇബ്നുൽമഖരിയുടെ ഇർശാദ് എന്നീഗ്രന്ഥങ്ങൾക്ക വ്യാഖ്യാനമെഴുതിയിട്ടുമുണ്ട്. കൂടാതെ

ഖസസുൽഅൻബിയാഅ് എന്നപേരിൽഹസ്രത്ത് ദാവൂദ് വരെയു ള്ള പ്രവാചകന്മാരുടെ ജീവചരിത്രമുൾക്കൊള്ളുന്ന ഒരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്. ഒടുവിൽ, "മവാഇസ് വമജാലിസ്" എന്ന പേരിൽ നബിതിരുമേനിയുടെ ഒരു ചരിത്രമെഴുതാൻ തുടങ്ങി. എന്നാൽ അതു മുഴമിക്കുന്നതിനുമുമ്പായി അദ്ദേഹം പരലോകപ്രാപ്തനായി. ആ ഗ്രന്ഥം അപൂർണ്ണമായി അവശേഷിക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ പദ്യഗ്രന്ഥങ്ങളിൽ മൂന്നെണ്ണം വളരെ പ്രസിദ്ധവും അംഗീകൃതവുമാണ്:—

**1. ഹിദായത്തുൽ അസ്ക്കിയാ ഇലാതരീഖിൽ ഔലിയാ**—ഇതു തത്ത്വജ്ഞാനസംബന്ധിയാണ്.

**2. അർജൂസ**—ഇതും തത്ത്വജ്ഞാനസംബന്ധിയാണ്.

**3. തഹ്‌രീദു അഹ്‌ലുൽഈമാനി അലാജിഹാദി അബ്ദത്തിസ്സുൽബാനി**—ഇതിൽ ആദ്യഭാഗത്തു പോർത്തുഗീസുകാരുടെ മലബാറിലേക്കുള്ള വരവും അവർ മുസ്ലിംകളുടെ നേരെ ചെയ്ത അക്രമങ്ങളും വിവരിക്കുകയും ഒടുവിൽ അവക്കെതിരായി ജിഹാദുചെയ്യാൻ മുസ്ലിംകൾക്കു ആഹ്വാനം നൽകുകയും ചെയ്തിരിക്കുന്നു.

ഹിദായത്തുൽഅസ്ക്കിയാ അറേബ്യയിലും കിഴക്കൻദ്വീപുകളിലും വളരെ അധികം പ്രചാരവും അംഗികാരവും സിദ്ധിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ്. അതിന്നു പലരും വ്യാഖ്യാനമെഴുതിയിട്ടുണ്ട്. ഒന്നാമതായി ഗ്രന്ഥകാരൻെറ മകൻതന്നെയാണ് ഒരു വ്യാഖ്യാനമെഴുതിയതു്. അതിൻെറ പേർ "ഇർശാദുൽ അൽബാ" എന്നാണ്. ഇതു ചെറിയൊരു വ്യാഖ്യാനമായിരുന്നു. ആകയാൽ അദ്ദേഹംതന്നെ "മസ്‌ലക്കുൽഅത്ത്ഖിയാ" എന്ന പേരിൽ വിസ്തരിച്ച മററൊരു വ്യാഖ്യാനമെഴുതി. അതു പൊന്നാനിയിൽനിന്നു ഹിജ്റ 993 (ക്രി. 1685) മുഹർറം 1-ാംനു-

പൂൎത്തിയാക്കി. ആദ്യവ്യാഖ്യാനത്തിൻെറ കയ്യെഴുത്തുകോപ്പി ഹൈദ്രബാദിലെ ഗ്രന്ഥശാലയിൽ (ഫന്നെ തസവ്വുഫ്. നമ്പർ 1509) സൂക്ഷിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തേതു ഹിജ്റ 1292-ൽ ഈജിപ്തിൽനിന്നു അച്ചടിച്ചു പ്രസിദ്ധം ചെയ്തിരിക്കുന്നു.

ഹിദായത്തുൽ അസ്ക്കിയാഷ്ക്കു കഴിഞ്ഞ നൂററാണ്ടിൽ ഓരോ വ്യാഖ്യാനം മക്കയിലും ജാവയിലുംനിന്നു എഴുതപ്പെട്ടിട്ടുണ്ട്. ആദ്യത്തേതിൻെറ പേർ "കിഫായത്തുൽഅത്ത്ഖിയാ ഫീ മിൻഹാജിൽഅസ്ഫിയാ" എന്നാണ്. അതിൻെറ കൎത്താവ് ശൈഖ്ആരിഫ്ബില്ലാസയ്യിദ് അബൂബക്കറെബ്നിസയ്യിദിമുഹമ്മദിശത്താഇദ്ദിംയാത്തി (മൻസിൽ മക്കാ മുഅസ്സമ) യാണ്. അതു ഹിജ്റ 1302-ൽ ഈജിപ്തിൽനിന്നു അച്ചടിച്ചുപ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. രണ്ടാമത്തേതിൻെറ പേർ "സാലിമുൽഫുസ്ലാ" എന്നാണ്. അതിൻെറ കൎത്താവു മുഹമ്മദുല്ലൂദിൽജാവിയാണ്. അതു ഹിജ്റ 1301-ൽ കൈറോവിൽനിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ശൈഖ്സൈനുദ്ദീനുബ്നു അലിയ്യിൽ മഅ്ബരിയുടെ പൗത്രനായ ശൈഖ്സൈനുദ്ദീനുബ്നു അബ്ദിൽഅസീസ്* പൊന്നാനിയിൽ ജനിച്ചുവളൎന്ന ആളാണ്. ഹിജ്റ 991-ൽ (ക്രി. 1583) അവിടെവെച്ചുതന്നെ നിര്യാതനാവുകയുംചെയ്തു.† അദ്ദേഹം ശൈഖ്ശിഹാബുദ്ദീൻ അഹ്മദുബ്നു ഹജരിൽമക്കിയുടെ ശിഷ്യനായിരുന്നു. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ രണ്ടെണ്ണം സുപ്രസിദ്ധങ്ങളാണ്:—

---

* സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ അബ്ദുൽഅസീസിൻെറ മകനല്ലെന്നും സൈനുദ്ദീൻ ഒന്നാമൻെറ മററൊരു മകനായ ഗസ്സാലിയുടെ മകനാണെന്നും വിശ്വാസയോഗ്യമായ തെളിവുണ്ട്—പരിഭാഷകൻ.

† ഇദ്ദേഹം മയ്യഴിക്കടുത്തുള്ള ചോമ്പാലിൽവെച്ചാണ് ചരമംപ്രാപിച്ചതെന്നും അവിടെത്തന്നെയാണ് ഖബ്റടക്കം ചെയ്യപ്പെട്ടതെന്നും ഒരു ഐതിഹ്യമുണ്ട്—പരിഭാഷകൻ

**1. ഫത്ത്ഹുൽമുഇൗൻ**—ഇതു ഗ്രന്ഥകത്താവിൻെറ തന്നെ "ഖുർറത്തുൽഐൻ"എന്ന ഗ്രന്ഥത്തിൻെറ വ്യാഖ്യാനമാണ്. ഇതു ക്രിസ്താബ്ദം 1574-ൽ (ഹി. 983) എഴുതിത്തീൎത്തു. ഇതിൽ ശാഫിഇൗമദ്ഹബ്ബിൻെറ ഫിഖ്ഹ് (കമ്മശാസ്ത്രം) വിവരിക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥം അറേബ്യയിലെയും കിഴക്കൻ ദ്വീപുകളിലേയും ശാഫിഇൗ മദ്ഹബുകാൎക്കിടയിൽ വളരെ പ്രചാരവും അംഗീകാരവും സിദ്ധിച്ചിട്ടുള്ള ഒന്നാണ്. അറേബ്യയിലെ പല പണ്ഡിതന്മാരും ഇതിന്നു വ്യാഖ്യാനമെഴുതിയിട്ടുണ്ട്. അതിൽ രണ്ടെണ്ണം സുപ്രസിദ്ധങ്ങളാണ്. (1) തൎശീഹുൽമുസ്തഫീദീന അലാഫത്ത്ഹിൽമുഇൗൻ. ഇതു ക്രിസ്താബ്ദം 1878-ൽ (ഹി. 1295) സയ്യിദ് അഹ്മദ് അലവിസ്സഖാഫ് എഴുതിയതാണ് .ഇതു രണ്ടു വാള്യമായിട്ടു ഇൗജിപ്തിൽനിന്ന് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. (2) ഇആനത്തുത്താലിബീന അലാഹല്ലി അൽഫാസിഹത്ത്ഹിൽമുഇൗൻ. ഇതു ക്രിസ്താബ്ദം 1882-ൽ (ഹി. 1300) ശൈഖ്ആരിഫ് ബില്ലാസയ്യിദ് അബൂബക്കരിബ്നി സയ്യിദിമുഹമ്മദി ശത്താഇദ്ദിംയാത്തി മക്കാമുഅസ്സമയിൽവെച്ചു എഴുതിത്തീൎത്തു. ഇതു നാലു വാള്യമായിട്ടു ഇൗജിപ്തിൽനിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

**2. തുഹ്ഫത്തുൽമുജാഹിദീന ഫീ ബഅ്സീ അഖ്ബാരിൽ ബുൎത്തക്കാലിയ്യീൻ**—ഇതിൽ ഗ്രന്ഥകാരൻ മലബാറിലെ ചില ചരിത്രസംഭവങ്ങൾ വിവരിച്ചിരിക്കുന്നു. ഇതു ഭാഗങ്ങളും അധ്യായങ്ങളുമായി തരംതിരിക്കപ്പെട്ടിട്ടുണ്ട്. ഒന്നാംഭാഗത്തു ജിഹാദിനെസ്സംബന്ധിച്ച കല്പനകൾ അടങ്ങിയിരിക്കുന്നു. രണ്ടാംഭാഗത്തു മുസ്ലിംകളുടെ മലബാറിലേക്കുള്ള വരവും ഇവിടത്തെ ഇസ്ലാംമതപ്രചാരവും വിവരിച്ചിരിക്കുന്നു. മൂന്നാം ഭാഗത്തു ഇവിടത്തെ ഹിന്ദുക്കളുടെ സ്ഥിതിയും ആചാരമ

ര്യാദകളും വിവരിച്ചിരിക്കുന്നു. നാലാംഭാഗത്തു പോർത്തുഗീസു കാർ മലബാറിലേക്കു വന്നതും ഇവിടത്തെ ചില സ്ഥലങ്ങൾ അധീനപ്പെടുത്തി അധികാരം സ്ഥാപിച്ചതുമായ ചരിത്രം വിവരിച്ചിരിക്കുന്നു. ഈ ഭാഗം ഗ്രന്ഥത്തിന്റെ മൂന്നിൽ രണ്ടു ഓഹരിയോളം വരും. ക്രിസ്താബ്ദം 1498 (ഹി. 904) മുതൽ 1583 (ഹി. 991) വരെയുള്ള 87 കൊല്ലത്തെ സംഭവങ്ങൾ 14 അധ്യായങ്ങളിലായി ഇതിൽ നല്ലതുപോലെ വിവരിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥം അക്ബർചക്രവർത്തിയുടെ ഭരണകാലത്തിന്റെ (ക്രി. 1555—1606—ഹി. 963—1014) മധ്യത്തിലാണ് എഴുതിയതു്. പോർത്തുഗീസുകാരുടെ അധികാരകാലത്തു ജീവിച്ചിരുന്ന ആളാണ് ഗ്രന്ഥകാരൻ. അദ്ദേഹം കണ്ണുകൊണ്ടു കണ്ടതും വിശ്വാസയോഗ്യമായി അറിഞ്ഞതുമായ സംഗതികൾ മാത്രമാണ് ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. ഈ വിഷയം സംബന്ധിച്ച് ഇന്ത്യയിൽ ആദ്യമായി രചിക്കപ്പെട്ട ഗ്രന്ഥമാണിത്. ഗ്രന്ഥകാരൻ ഇതു ബീജാപൂരിലെ ഭരണാധികാരിയായ സുൽത്താൻ അലിആദിൽഷാ ഒന്നാമന്റെ പേരിൽ സമർപ്പണംചെയ്തിട്ടുണ്ട്. അദ്ദേഹം ക്രിസ്താബ്ദം 1557 (ഹി. 965) മുതൽ 1580 (ഹി. 988) വരെ ബീജാപൂരിൽ ഭരണം നടത്തിയിരുന്ന ആളാണ്. അദ്ദേഹത്തിന്റെ മരണശേഷം 3-ാം കൊല്ലത്തിൽ ഹിജ്റ 991-ലാണ് ഗ്രന്ഥം മുഴമിച്ചതു്.

തുഹ്ഫത്തുൽ മുജാഹിദീന്നു യൂറോപ്പിൽ ഗണ്യമായ പ്രസിദ്ധി സിദ്ധിച്ചിട്ടുണ്ടു്. അതു ഇംഗ്ലിഷിലും പോർത്തുഗീസിലും തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നു. മദ്രാസിലെ സെൻറ്ജോർജ്ജ് കോട്ടയിൽ പേർസ്യൻ തർജ്ജിമക്കാരനായിരുന്ന മേജർ റോളണ്ട്സൻ (Rowlandson) ആണ് അതു് ഇംഗ്ലീഷിലേക്കു് തർജ്ജിമ ചെയ്തതു്. ഈ തർജ്ജിമ ഓറിയൻറൽ ട്രാൻസ്ലേഷൻ ഫണ്ടിന്റെ (Oriental Trans-lation Fund) വകയായി 1833-ൽ ലണ്ട

നിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പ്രൊഫസർ ഡിലോപെസ് (Delopes) പോർത്തുഗീസുകാരെസംബന്ധിച്ച ഭാഗം മാത്രം പോർത്തുഗീസിൽ തർജ്ജിമ ചെയ്തിട്ടുണ്ടു്. അതു 1898_ൽ, (Historia Des Portagueses no Malabar) എന്ന പേരിൽ ലിസ്ബനിൽനിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

സുപ്രസിദ്ധ വൈദ്യനും ചരിത്രകാരനുമായ മുഹമ്മദുഖാസിം ഫിരിശ്ത്ത തന്റെ ചരിത്രത്തിന്റെ 11_ാം ഭാഗത്തിൽ തുഹ്ഫത്തുൽ മുജാഹിദീന്റെ അപൂർണ്ണമായൊരു സംഗ്രഹം എഴുതിച്ചേർത്തിട്ടുണ്ടു്. അണ്ടേർസൻ അതു ചില വ്യാഖ്യാനങ്ങളോടുകൂടി ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി Account of Malabar എന്ന പേരിൽ 1886_ൽ കൽക്കത്തെയിൽനിന്നു പുറപ്പെട്ടിരുന്ന Asiatic Miscellany എന്ന മാസികയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതിന്നും പുറമെ ജയിംസ് ബ്രിഗ്ഗ്സ് (J. Briggs) ഇംഗ്ലീഷിലും ഉർദുവിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള താരിഖെ ഫിരിശ്ത്തയുടെ തർജ്ജിമകളിലും ഈ ഭാഗം ചേർത്തിട്ടുണ്ടു്.* (താരിഖെ ഫിരിശ്ത്ത, പേർസ്യൻ, ബോമ്പെപതിപ്പു, വാള്യം 2, ഭാ. 10—കാൺപൂർപതിപ്പു, വാള്യം 2, ഭാ. 368_ഉർദു തർജ്ജിമ കാൺപൂർ പതിപ്പു (1905) വാള്യം 2, ഭാ. 488—ബ്രിഗ്ഗ്സിന്റെ ഇംഗ്ലീഷ് തർജ്ജിമ, ലണ്ടൻപതിപ്പു (1829) വാള്യം 4, ഭാ. 531 എന്നിവ നോക്കുക)

---

* ഇതിന്റെ 1_ാം ഭാഗമൊഴിച്ചു ബാക്കിഭാഗങ്ങളും തിരൂരങ്ങാടിക്കാരനായ കെ. മൂസാൻകുട്ടിമൌലവി മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധം ചെയ്തിട്ടുണ്ടു്—പരിഭാഷകൻ.

## പതിനാലാം അദ്ധ്യായം

---

# ലാരിനാണയം

പേർസ്യയുടെയും കിർമാൻെറയും ഇടയിലുള്ള രാജ്യത്തിന്നു ശബാൻകാറ എന്നും അതിൻെറ കടൽതീരപ്രദേശത്തിന്നു ലാരിസ്താൻ എന്നും പേർ പറയുന്നു. ലാരിസ്താൻെറ സ്ഥിരമായ തലസ്ഥാനം "ലാർ" ആണ്. അതിനോടു ബന്ധപ്പെടുത്തിയിട്ടാണ് ആ നാട്ടിന്നു ലാരിസ്താൻ എന്നു പേർ പറയുന്നതു്. ഇവിടത്തെ ജനങ്ങാം പൊതുവിൽ വ്യാപാരികളാണ്. കടൽക്കച്ചവടത്തിൽ അതീവ സമർത്ഥന്മാരാണ്. (നസ്ഹത്തുൽ ഖുലൂബ്, ഭാ. 12) ഹിജ്റയുടെ ആരംഭനൂററാണ്ടുകളിൽ സിന്ധുമുതൽ സിലോൺ വരെയുള്ള തീരപ്രദേശങ്ങളിലെല്ലാം അവരുടെ കപ്പലുകഠം ധാരാളമായി സഞ്ചരിച്ചുകൊണ്ടിരുന്നു. അവരുടെ കപ്പലോട്ടത്തിൻെറ പ്രശസ്തിനിമിത്തം ഇന്ത്യൻതീരപ്രദേശത്തുള്ള കടലിന്നുകൂടി "ലാരിസ്താൻകടൽ" എന്ന പേർ വീണിരുന്നു. (അജാഇബുൽ ഹിന്ദ്) മഹാനായ സലാജിഖയുടെ നാശത്തിന്നുശേഷം ഈറാനിൽ അഭ്യന്തരകലാപം തലപൊന്തിച്ചു. ഈ കലാപത്തിന്നിടയിൽ ലാരിൽ ഒരു ഭരണകൂടം സ്ഥാപിതമായി. ഈ ഭരണകൂടത്തിൻെറ തുടക്കം ഹിജ്റ 6-ാംനൂററാണ്ടിൻെറ മദ്ധ്യത്തിലാണുണ്ടായതെന്നും ക്രിസ്താബ്ദം 1533 (ഹി. 940) വരെ ആ രാജകുടുംബത്തിലെ 13 രാജാക്കന്മാർ അവിടെ ഭരണം നടത്തിയിരുന്നുവെന്നും "ജഹാൻനുറാ"യെ അടിസ്ഥാനമാക്കിക്കൊണ്ടു് അമീൻ റാസി എഴുതിയിരിക്കുന്നു. (ഹഫ്ത്തെ അഖ്ലീം-അഖ്ലീംസൂഖം ഒർസമനെ തഫ്ക്കിറയെ ലാർ, ഭാ. 12)

ആ രാജാക്കന്മാർ അടിച്ചു പ്രചരിപ്പിച്ചിരുന്ന നാണയത്തി ന്നു ലാരിയെന്നാണ് പേർ പറയപ്പെട്ടിരുന്നതു്. ഒരു ഇററാല്യൻ സഞ്ചാരിയായ പീററ്റോ ഡെല്ലാവാം (Pietro Della Valle—ക്രി. 1614—1627—ഹി. 1023—1037) എഴുതിയതു പ്രകാരം ഈ നാണയം സാധാരണനാണയംപോലെ വട്ടത്തി ലോ ചതുരത്തിലോ അല്ല. അതിൻെറ ആകൃതി പരന്ന ഒരു ബാറിൻെറ കഷ്ണംപോലെയാണ്. അതിൻെറ രണ്ടററത്തും അ ടിപ്പടയാളമുണ്ടു്.

ഒരു ഫ്രഞ്ചുസഞ്ചാരിയായ ടാവർനീരുടെ (Tavernier ക്രി. 1640—1667—ഹി. 1050—1078) പ്രസ്താവനയിൽനിന്നു മനസ്സിലാകുന്നതു പേർസ്യൻ ഉംക്കടൽമുതൽ സിലോൺവരെ യുള്ള അറേബ്യയിലേയും ഇന്ത്യയിലേയും എല്ലാ തുറമുഖങ്ങളിലും ദ്വീപുകളിലും ഈ നാണയം പ്രചാരത്തിലുണ്ടായിരുന്നുവെന്നും കടൽവ്യാപാരികാം വിനിമയത്തിന്നു ഇതല്ലാത്ത മററു നാണയ മൊന്നും ഉപയോഗിച്ചിരുന്നില്ലെന്നുമാണ്.

ലാരിനാണയം ബാമനിയാക്കളുടെ കാലത്തു ദക്ഷിണപ്രാന്ത ത്തിൽ പ്രചാരത്തിലുണ്ടായിരുന്നെന്നു ചരിത്രകാരനായ ഫിരിശ് ത്തയുടെ വിവരണങ്ങളിൽനിന്നു മനസ്സിലാകുന്നു. സുൽത്താൻ മുഹമ്മദ്ഷാ ബാമനി (ക്രി. 1463—1482—ഹി. 867—887) ക്രിസ്താബ്ദം 1481-ൽ (ഹി. 886) ഖാജാ മഹ്മൂദ്ഗാവാനെ വധിച്ചപ്പോാം ഭണ്ഡാരം സൂക്ഷിപ്പുകാരനോടു നിക്ഷേപത്തിൻെറ കണക്കു ചോദിച്ചു. ഖാജായുടെ വീട്ടിൽ രണ്ടു ഖജാനകളുണ്ടെന്നു ഭണ്ഡാരം സൂക്ഷിപ്പുകാരൻ മറുവടിപറഞ്ഞു. അതിലൊന്നു രാജ കീയ ഖജാനയാണ്. അതിൽനിന്നാണ് കുതിര, ആന എന്നി വയുടെയും ഭടന്മാരുടേയും ചെലവുകാം നിർവ്വഹിക്കുന്നതു്. അതിൽ 1000 ലാരിനാണയവും 3000 ഹൻനാണയവുമുണ്ടു്.

രണ്ടാമത്തേത് ധർമ്മസംബന്ധിയായ ഖജാനയാണ്. അതിൽനിന്നു സാധുക്കളുടെയും അവശരുടെയും ആവശ്യങ്ങൾ നിർവ്വഹിക്കുന്നു. അതിൽ 300 ലാരിനാണയമുള്ള ഒരു സഞ്ചിവെച്ചിട്ടുണ്ട്. (താരിഖെ ഫിരിശ്ത്ത, വാള്യം 2, ഭാ. 359)

ലാരിസ്താൻെറ തുറമുഖം ഹർമോസാണ്. ഇവിടത്തെ ഭരണാധികാരികൾ പരസ്പരംകലഹത്തിൽ ഏർപ്പെട്ടപ്പോൾ വണിക്ക്ശ്രേഷ്ഠനായ മുഹമ്മദുനൂറദ്ദീൻെറ ഗൂഢാലോചനപ്രകാരം ഗോവയിലെ പോർത്തുഗീസുകാർ വന്നു നഗരം കയ്യേറിപ്പിടിച്ചു. ഇതിനെത്തുടൎന്നു ഈറാനിലെ വ്യാപാരവും പോർത്തുഗീസുകാരുടെ അധീനത്തിലായി. (ഫഹ്ത്തെ അഖഖീം ദർസമനെ തദ്കിറയെ ഹർമോസ്) കൊള്ളൽ കൊടുക്കലുകൾ അന്നും ലാരിനാണയത്തിലാണ് നടന്നിരുന്നതു്. ആകയാൽ അവരും ലാരിനാണയം അടിപ്പിച്ചു. ലാർരാജാക്കന്മാർ സ്വീകരിച്ചിരുന്ന രൂപത്തിന്നു അവർ മാററം വരുത്തിയില്ല. പക്ഷെ ഒരു മൂലയിൽ ഒരു അടയാളമായി M എന്ന അക്ഷരം കൂട്ടിച്ചേർത്തിരുന്നു. പോർത്തുഗലിലെ രാജാവായ മാനവൽ രണ്ടാമൻെറ പേരിനെ സൂചിപ്പിച്ചുകൊണ്ടാണ് ആ അക്ഷരം ചേർത്തതു്.

കൊങ്കണത്തിലെ തുറമുഖമായ ദാബൂൽ, ബീജാപൂർസൂൽത്താന്മാരുടെ കൈവശമായിരുന്നു. അക്കാലത്തു അവിടത്തെ കടൽക്കച്ചവടം വളരെ അധികം അഭിവൃദ്ധി പ്രാപിച്ചിരുന്നു. ആകയാൽ ബീജപൂരിലെ സൂൽത്താന്മാരും ലാരിനാണയം അടിപ്പിച്ചു. അതിൻെറ ആകൃതിയും വലിപ്പവും മൂലനാണയത്തിന്നു ഒത്തതായിരുന്നു. എന്നാൽ ലാർരാജാക്കന്മാരുടെ പേരിന്നുപകരം തങ്ങളുടെ പേരാണ് അവരതിൽ കൊത്തിച്ചിരുന്നതു്. ഈ നാണയം ഇപ്പോഴും കൊങ്കണപ്രദേശത്തു ദുർല്ലഭമായി കണ്ടെത്തിയേക്കാം അതു ക്രിസ്താബ്ദം 1557 (ഹി. 965) മുതൽ 1580 (ഹി. 988)

വരെ ബീജാപൂരിൽ ഭരണം നടത്തിയിരുന്ന അലിആദിൽഷായു ടെ കാലത്തു അടിച്ചതാണെന്നു അതിന്മേലുള്ള എഴുത്തുകളിൽനിന്നു മനസ്സിലാകുന്നു. അതിന്മേൽ ഒരുഭാഗത്തു "അബുൽമുസഫ്ഹർഅലി ആദിൽഷാ" എന്നും മറുഭാഗത്തു "സറ്ബ്ലാരീദാങ്കെ" എന്നും മുദ്രണംചെയ്യപ്പെട്ടിരിക്കുന്നു. ഇതിൻെറ തൂക്കം ഏററവും ഏറി യതു 75 ഗ്രെയിനും ഏററവും കുറഞ്ഞതു 71 ഗ്രെയിനുമാണ്. ഈ അടിസ്ഥാനത്തിൽ രണ്ടര ലാരിയുടെ വില ഒരു മുഗാംഉറുപ്പി കയ്ക്കു സമമായി കണക്കാക്കപ്പെട്ടിരുന്നു.

കോഴിക്കോട്ട, കൊച്ചി, സിലോൺ എന്നിവിടങ്ങളിലെ രാജാക്കളും ആവശ്യമനുസരിച്ച് ഈ നാണയം അടിച്ചിരുന്നുവെ ന്നും ക്രിസ്താബ്ദം 18-ാംനൂററാണ്ടിൻെറ ഒടുവുവരെ അവിടങ്ങളി ലെ കടൽക്കച്ചവടത്തിൽ അതു പ്രചാരത്തിലുണ്ടായിരുന്നുവെന്നും ചില പോർത്തുഗീസു സഞ്ചാരികളുടെ വിവരണത്തിൽനിന്നു മന സ്സിലാകുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ നാണയം നടപ്പായ പ്പോഠം അതിൻെറ ഉപയോഗം നിരോധിക്കപ്പെട്ടു.

## പതിനഞ്ചാം അധ്യായം

# മലബാറിൽ പോർത്തുഗീസുകാരുടെ അധികാരം

ഇന്ത്യയിലെ അത്ഭുതങ്ങഠം, സമ്പൽസമൃദ്ധി എന്നിവയെപ്പ ററി യൂറോപ്പിലെ ജനങ്ങഠം നൂററാണ്ടുകളായിട്ട് കേട്ടുകൊണ്ടിരി ക്കയായിരുന്നു. മാർക്കൊ പോളൊ (Marco Polo) സഞ്ചാ രത്തിൽനിന്നു മടങ്ങിവന്നു ഈ വർത്തമാനങ്ങഠം സ്ഥിരപ്പെടുത്തി യപ്പോഠം അവക്കു ഇന്ത്യയിൽ എത്തിച്ചേരാനുള്ള ആശയും ആ

വേശവും വർദ്ധിച്ചു. അക്കാലത്തു് ഇന്ത്യയുമായുള്ള ഗതാഗതം പേർസ്യൻ ഉൾക്കടൽവഴിക്കും ചെങ്കടൽവഴിക്കുമാണ് നടന്നിരുന്നതു്. എന്നാൽ ആ കടലുകളുമായി ബന്ധപ്പെട്ട രാജ്യങ്ങൾ മുസ്ലിംകളുടെ അധീനത്തിലായിരുന്നു. ആ രാജ്യങ്ങൾ കടന്നു ഇന്ത്യയിലേക്കു വരുകയെന്നതു യൂറോപ്യൻജനതക്കു പ്രയാസവുമായിരുന്നു. ആകയാൽ ഇന്ത്യയിലേക്കുള്ള ഒരു പുതിയ മാർഗ്ഗത്തെപ്പററി അവർ അന്വേഷണം തുടങ്ങി. ആഫ്രിക്കയുടെ പടിഞ്ഞാറൻതീരം കടന്നു ഇന്ത്യയിലെത്തിച്ചേരാൻ അവർ ശ്രമം നടത്തി. ക്രിസ്താബ്ദം 1486-ൽ (ഹി. 891) ഒരു പോത്തുഗീസു കപ്പലോട്ടക്കാരനായ ബർത്തലോമ്യു ഡിയാസ് (Barthelomew Diaz) പോത്തുഗലിൻെറ തുറമുഖമായ ലിസ്ബനിൽനിന്നു കപ്പൽ കയറി യാത്രയാരംഭിച്ചു. ആ കപ്പൽ ആഫ്രിക്കയുടെ പടിഞ്ഞാറൻതീരത്തുകൂടി തെക്കെ അററത്തെത്തിയപ്പോൾ അതിന്നു ശക്തിമത്തായ കാററും കോളും കുടുങ്ങി. ഈ ആപത്തിൽനിന്നു രക്ഷപ്പെട്ടതിനുശേഷം കപ്പൽ ഒരു മുനമ്പിന്നരികെ അടുപ്പിച്ചു നങ്കൂരം നാട്ടി. ആ മുനമ്പിന്നു് അദ്ദേഹം കൊടുങ്കാററിൻെറ മുനമ്പു് എന്നർത്ഥമുള്ള Cape of Storm എന്നു പേർ നൽകുകയും ചെയ്തു. അവിടെനിന്നു യാത്രതുടരാൻ കഴിയാതെ അദ്ദേഹം നിരാശതയോടെ നാട്ടിലേക്കു മടങ്ങി. ഈ വിവരം പോത്തുഗീസു രാജാവു് അറിഞ്ഞപ്പോൾ അദ്ദേഹം ആ മുനമ്പിന്നു Cape of Good Hope എന്നു പേർ നൽകി. എന്തെന്നാൽ അതുവഴി ഇന്ത്യയിലെത്തിച്ചേരാൽ സാധിക്കുമെന്നു് അദ്ദേഹത്തിന്നു് ആശ തോന്നിയിരുന്നു.

ഈ സംഭവത്തിനുശേഷം ക്രിസ്താബ്ദം 1492-ൽ (ഹി. 898) സ്പെയിൻരാജാവിൻെറ കല്പനപ്രകാരം ഇന്ത്യയിലേക്കുള്ള വഴി കണ്ടുപിടിക്കാനായി ക്രിസ്റ്റോഫർ കൊളമ്പസ് (Christopher Columbus) പുറപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ കപ്പൽ

ആഫ്രിക്കയുടെ പടിഞ്ഞാറൻതീരത്തുകൂടി കുറെ വഴി പോയതി ന്നുശേഷം തെക്കോട്ട പോകുന്നതിന്നുപകരം പടിഞ്ഞാട്ടാണ് പോയതു്. അങ്ങിനെ അതു ഇന്ത്യയിൽ എത്തുന്നതിന്നുപകരം അമേരിക്കയിൽ എത്തിച്ചേർന്നു. അതിൻെറ ഫലമായി യൂറോപ്യൻജനതക്കു ഒരു പുതിയ ലോകത്തെക്കുറിച്ചുള്ള അറിവു ലഭിക്കുകയുംചെയ്തു.

അവിടന്നു ആറു കൊല്ലം കഴിഞ്ഞപ്പോൾ ക്രിസ്താബ്ദം 1498_ൽ (ഹി. 904) പോർത്തുഗലിൽനിന്നു വാസ്കോഡിഗാമയുടെ (Vasco De Gama) നേതൃത്വത്തിൽ ഒരു സംഘം പുറപ്പെട്ടു. ഈ സംഘം കെയ്പ് ഓഫ് ഗുഡ്ഹോപ് കടന്നു സഖാസീഖ് (Madagascar) ദ്വീപിൽ എത്തി. അവിടെ വെച്ചു വാസ്കോഡിഗാമക്കു ഒരു മുസ്ലിംകപ്പലോട്ടക്കാരനെ കാണ്മാൻ കഴിഞ്ഞു. ആ മുസ്ലിംകപ്പലോട്ടക്കാരൻെറ മാർഗ്ഗദർശനപ്രകാരം വാസ്കോഡിഗാമയുടെ കപ്പൽ മലബാർതീരത്തു എത്തിച്ചേരുകയും അവിടെ നങ്കൂരം താഴ്ത്തുകയുംചെയ്തു. അന്നുമുതൽ യൂറോപ്പിലെ ജനങ്ങൾക്കു ഇന്ത്യയിലേക്കുള്ള വഴി മനസ്സിലായി. ഇന്ത്യയുമായി അവർ നേരിട്ട ബന്ധം സ്ഥാപിക്കുകയും ചെയ്തു.

വാസ്കോഡിഗാമ നാലു കപ്പലുകളിലായി 160 ആളുകളോട്ട കൂടിയാണ് ലിസ്ബനിൽനിന്നു പുറപ്പെട്ടതു്. പത്തുമാസം ഒമ്പതുദിവസത്തെ ദീർഘമായ യാത്രക്കുശേഷം അദ്ദേഹത്തിൻെറ കപ്പലുകൾ ക്രിസ്താബ്ദം 1498 മേയി 11_ാംനു- (ഹിജ്റ 903 റമസാൻ 20_ാംനു-) മലബാർതീരത്തെ പന്തലായിനിയിൽ എത്തി. അവിടെനിന്നു അവർ കോഴിക്കോട്ട വന്നു ഒന്നരക്കൊല്ലക്കാലം താമസിച്ചു. ഈ കാലത്തിന്നിടയിൽ അവർ ഇന്നാട്ടിലെ സ്ഥിതിഗതികൾ മനസ്സിലാക്കുകയും ജനങ്ങളുമായി സമ്പർക്കം

സ്ഥാപിക്കുകയും ചെയ്തു. അതിന്നുശേഷം അവർ സ്വരാജ്യത്തേക്കു മടങ്ങിപ്പോയി. ക്രിസ്താബ്ദം 1499 ആഗസ്റ്റ് 29-ാംനു- (ഹി. 905 മുഹർറം 22-ാംനു-) അവർ ലിസ്ബനിൽ തിരിച്ചെത്തി.

അതിന്നെത്തുടൎന്നു ക്രിസ്താബ്ദം 1500-ൽ (ഹിജ്റ 906) പോൎത്തുഗീസുരാജാവു മൂന്നാംപ്രാവശ്യം മറെറാരു സംഘത്തെ ഇന്ത്യയിലേക്കു അയച്ചു. ആ സംഘത്തിൻെറ നേതാവു കാബ്രാൾ (Cabral) ആയിരുന്നു. ആ സംഘത്തിൽ 1300 ആളുകളുണ്ടായിരുന്നു. അവർ ക്രിസ്താബ്ദം 1500 സപ്തെമ്പർ 13-ാംനു- (ഹി. 906 സഫർ 18-ാംനു-) കോഴിക്കോട്ടെത്തി വ്യാപാരസംരംഭം തുടങ്ങി. ഇവിടെ അറബികളുടെ കച്ചവടം നിരോധിക്കുകയാണെങ്കിൽ തങ്ങൾ കൂടുതൽ ലാഭമുണ്ടാക്കിത്തരാമെന്നു അവർ സാമൂതിരിരാജാവിനോടു പറഞ്ഞു. സാമൂതിരി ആ ആവശ്യം സ്വീകരിച്ചില്ല. ആകയാൽ അവരും കോഴിക്കോട്ടുകാരും തമ്മിൽ യുദ്ധംനടന്നു. പോൎത്തുഗീസുകാർ നഗരത്തിൻെറ നേരെ ഉണ്ടകൾ ഉതിൎത്തുകൊണ്ടു കൊച്ചിയിലേക്കു പോയി. അവർ അവിടെച്ചെന്നു അവിടത്തെ രാജാവുമായി ബന്ധമുറപ്പിക്കുയും കച്ചവടസ്സാമാനങ്ങൾ ശേഖരിച്ചു നാട്ടിലേക്കു മടങ്ങുകയും ചെയ്തു.

കൊച്ചിരാജാവു പോൎത്തുഗീസുകാൎക്കു അഭയം നൽകിയതു കണ്ടപ്പോൾ സാമൂതിരിരാജാവു കൊച്ചിയിലേക്കു സൈന്യത്തെ അയച്ചു. രണ്ടുകൂട്ടരും തമ്മിൽ യുദ്ധംനടന്നു. കൊച്ചിരാജാവു പരാജയപ്പെട്ടു വൈപ്പിൻതുരുത്തിൽ അഭയംപ്രാപിച്ചു. അക്കാലത്തു പോൎത്തുഗീസുകാരുടെ ഒരു കപ്പൽസമൂഹം വന്നു. അവർ കൊച്ചിരാജാവിനെ സഹായിച്ചു. അദ്ദേഹത്തെ കൊച്ചിയിലേക്കു മടക്കിക്കൊണ്ടുവന്നു വീണ്ടും അധികാരത്തിലിരുത്തി. ഈ സേവനത്തിന്നു പ്രതിഫലമായി കൊച്ചിയിൽ ഒരു കോട്ട പണിയാൻ കൊച്ചിരാജാവു പോൎത്തുഗീസുകാൎക്കു സമ്മതം കൊടുത്തു. ഇന്ത്യ

യിൽ പോൎത്തുഗീസുകാർ പണിയിച്ച ഒന്നാമത്തെ കോട്ടയായിരുന്നു അതു്.

ക്രിസ്താബ്ദം 1505-ൽ (ഹി. 910) പോൎത്തുഗീസുകാർ അൽമെയ്ഡായെ (Francisco De Almeida) വൈസ്രോയിയായി നിശ്ചയിച്ചുകൊണ്ടു് ഇന്ത്യയിലേക്ക അയച്ചു. എന്നാൽ ആ കാലത്തു അവരുടെ അധീനത്തിൽ ഇവിടത്തെ ഒരു കഷണം ഭൂമി പോലുമുണ്ടായിരുന്നില്ല. അദ്ദേഹം മലബാറിൽവന്നു കൊച്ചിയിൽ താമസമുറപ്പിച്ചു. അതിന്നുശേഷം പോൎത്തുഗീസുകാർ മുസൽമാന്മാരുടെ കുരുമുളകുകച്ചവടം തടയുകയും അറേബ്യയിലേക്കും അജമിലേക്കും പോയിരുന്ന അവരുടെ കച്ചവടക്കപ്പലുകളുടെ നേരെ ആക്രമണമാരംഭിക്കുകയും ചെയ്തു. ഈ അക്രമം സാമൂതിരി രാജാവിന്നും മുസൽമാന്മാൎക്കും പൊറുക്കാൻ കഴിഞ്ഞില്ല. അതിനാൽ അവർ പോൎത്തുഗീസുകാരെ ചെറുക്കാനായി ഗുജറാത്തു്, ബീജാപൂർ എന്നിവിടങ്ങളിലെ രാജാക്കന്മാരോടും ഈജിപ്തിലെ സുൽത്താനോടും സഹായമാവശ്യപ്പെട്ടു. ആ കാലംവരേയും ഇന്ത്യൻചരക്കുകളുടെ യൂറോപ്യൻകമ്പോളം വെനീസ് ആയിരുന്നു. വെനീസുകാർ ആ ചരക്കുകൾ ഈജിപ്തുകാരിൽനിന്നാണു് വാങ്ങിച്ചിരുന്നതു്. പോൎത്തുഗീസുകാർ നിമിത്തം തങ്ങളുടെ വ്യാപാരം അപകടത്തിലായിരിക്കുകയാണെന്നു വെനീസുകാൎക്കു മനസ്സിലായപ്പോൾ പോൎത്തുഗീസുകാരെ ചെറുക്കാൻ അവരും ഈജിപ്തുകാരെ സഹായിച്ചു. പന്ത്രണ്ടു പടക്കപ്പലുകൾ തയ്യാറാക്കാനുള്ള സാമഗ്രികൾ അവർ ഈജിപ്തുകാൎക്കു നൽകുകയും ചെയ്തു. (മൂസ്യോ സെയ്ദ്മ്യോവിൻെറ താരീഖുൽ അറബ്, ഈജിപ്തു പതിപ്പു, ഭാ. 272, 273)

അക്കാലത്തു മലിക്ക്അശ്റഫ് അബൂനസർഖാൻസു (ക്രി. 1500—1516—ഹി. 906—922) ഈജിപ്തിലും സുൽത്താൻ മഹ്മൂദ് (ക്രി. 1458—1511—ഹി. 862—917) ഗുജറാത്തിലും

രണ്ണാധികാരികളായിരുന്നു. ഈജിപ്തുകാരുടെ 13 കപ്പലുകൾ ഗുജറാത്തിൽ വന്നു ഡിയുവിൽ (Diu) നങ്കൂരമിട്ടു. അവിടന്നവർ ചൗളിൽ (Chaul) വന്നു പോർത്തുഗീസുകാരുമായി ഏറ്റുമുട്ടി. ഈജിപ്തുകാർ ജയംപ്രാപിച്ചു ഡിയുവിലേക്കു മടങ്ങി. ഇതിന്നിടയിൽ സാമൂതിരിരാജാവും 40 പടക്കപ്പലുകൾ അയച്ചു. ഗുജറാത്തിന്റെ കപ്പൽപ്പടയും തയ്യാറായി. അൽമെയ്ഡായും വമ്പിച്ച സന്നാഹത്തോടുകൂടി കണ്ണൂരിൽനിന്നു പുറപ്പെട്ടു. ഒന്നാമതായി അവർ ദാബൂലിൽ വന്നു കൂട്ടക്കൊല നടത്തി. അവിടെനിന്നു പുറപ്പെട്ടു ഡിയുവിൽ എത്തിച്ചേർന്നു. അവിടെവെച്ചു ഭയങ്കരമായ യുദ്ധംനടന്നു. ആ യുദ്ധത്തിൽ ഈജിപ്തുകാർ പരാജയപ്പെട്ടു. ഗുജറാത്തിലെ അമീറൽബഹ്ർ (നാവികസേനാനായകൻ) മലിക്ക ആയാസു പോർത്തുഗീസുകാരുമായി സന്ധിചെയ്തു. പോർത്തുഗീസുകാർ ആ സമരയാത്രയിൽനിന്നു മടങ്ങി കോഴിക്കോട്ടു വന്നു. അവിടെ നാഖുദാ മിസ്ഖാൽ പണിയിച്ചിട്ടുണ്ടായിരുന്ന ജുമാമസ്ജിദ് അവർ തീവെച്ചു നശിപ്പിച്ചുകളഞ്ഞു. അവിടെനിന്നു പൊന്നാനിയിലേക്കു പോയി അവിടെയും കൊള്ളയും കൊലയും നടത്തി. അവിടന്നവർ കൊല്ലത്തേക്കുപോയി. അവിടെ ഒരു കോട്ട പണിയിച്ചു.

അക്കാലത്തു അൽബുഖർഖ് (Afonso De Albuquerque) ഇന്ത്യയിൽ ഗവർണ്ണരായി നിയമിക്കപ്പെട്ടു. അദ്ദേഹം ഒന്നാമതായി പോർത്തുഗീസുകാർക്കുവേണ്ടി സുരക്ഷിതമായൊരു കേന്ദ്രം സ്ഥാപിക്കാനാണ് നിശ്ചയിച്ചത്. ഗോവ മലബാറിന്റെയും ഗുജറാത്തിന്റെയും മദ്ധ്യത്തിൽ കടൽതീരത്തു സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ്. ആ സ്ഥലം അദ്ദേഹത്തിന്നു നന്നായിതോന്നി. വലിയപ്രയാസംകൂടാതെതന്നെ അദ്ദേഹമതു പിടിച്ചടക്കുകയും ചെയ്തു. അതു ബീജാപ്പൂർ ഭരണത്തിന്റെ കീഴിലായി

ുന്നു. ഈ വിവരമറിഞ്ഞപ്പോൾ ആദിൽഷാ ഗോവയിലേക്കു വന്നു അൽബുക്കർക്കിനെ പുറത്താക്കുകയും തൻെറ ഒരു അമീറിനെ അവിടത്തെ ഭരണാധികാരിയായി നിയമിക്കുകയും ചെയ്തു. ക്രിസ്താബ്ദം 1510-ൽ (ഹി. 916) യൂസുഫ് ആദിൽഷാ നിര്യാതനായി. അദ്ദേഹത്തിൻെറ സ്ഥാനത്തു ചെറുപ്പക്കാരനായ ഇസ്മാഈൽ ആദിൽഷാ രാജാവായി. ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു് അൽബുക്കർക്ക് വീണ്ടും ഗോവയുടെ നേരെ ആക്രമണം നടത്തി. ഉഗ്രമായൊരു പോരാട്ടത്തിനുശേഷം നഗരം വീണ്ടും അദ്ദേഹത്തിനു അധീനപ്പെട്ടു. ആ യുദ്ധത്തിൽ 6000 മുസ്ലിംഭടന്മാർ നാശമടഞ്ഞു. ഈ സംഭവം ക്രിസ്താബ്ദം 1510-ലാണ് (ഹി. 916) നടന്നതു്. അന്നുമുതൽ ഇന്നുവരെ ആ നഗരം പോർത്തുഗീസുകാരുടെ കയ്യിലാണ്.

അതിനുശേഷം മുസൽമാന്മാരുടെ വ്യാപാരത്തിന്നു അധഃപതനം നേരിട്ടു. പോർത്തുഗീസുകാരുടെ ശക്തി ഇന്ത്യൻതീരത്തു മേൽക്കുമേൽ വർദ്ധിച്ചുകൊണ്ടിരുന്നു. അവരുടെ കപ്പലുകൾ മലബാർ കടന്നു സിലോൺ—കിഴക്കൻദ്വീപുകൾവഴിയായി ചൈനയിലോളം പോകാൻ തുടങ്ങി. വടക്കുപ്രദേശത്താണെങ്കിൽ പേർസ്യൻ ഉൾക്കടലിലെ തുറമുഖങ്ങൾവരെ അവരുടെ ഗതാഗതം നടന്നുകൊണ്ടിരുന്നു.

ഹുമയൂൻബാദുഷാ ഗുജറാത്തിൻെറ നേരെ തിരിഞ്ഞപ്പോൾ അവിടത്തെ രാജാവായിരുന്ന സുൽത്താൻബഹാദൂർഷാ (ക്രി. 1526—1536—ഹി. 932—943) പോർത്തുഗീസുകാരോടു സഹായമാവശ്യപ്പെട്ടു. ഇതുസംബന്ധിച്ചു പോർത്തുഗീസുകാർ ഗുജറാത്തിൽ വന്നപ്പോൾ ബോംബായിലും മായത്തിലും പാർപ്പിടം പണിയിക്കുന്നതിന്നായി സുൽത്താനിൽനിന്നു അനുമതി വാങ്ങിച്ചു. അവർ അവിടെനിന്നു ദിയൂവിൽ ചെന്നു ആ നഗരം പിടിച്ചടക്കി

കളഞ്ഞു. ഈ കയ്യേററത്തെക്കുറിച്ച വിശദീകരണമാവശ്യപ്പെട്ടുന്നതിന്നായി പോൎത്തുഗീസുകപ്പിത്താനെ സുൽത്താൻ തൻെറ രാജധാനിയിലേക്ക ക്ഷണിച്ചു. എന്നാൽ കപ്പിത്താൻ സുഖമില്ലെന്നു ഒഴികഴിവു പറഞ്ഞു ക്ഷണം നിരസിക്കുകയാണു ചെയ്തതു്. ഇതിനെത്തുടൎന്നു സുൽത്താൻ പരിവാരസമേതം ഒരു തോണിയിൽ കയറി ഡിയ്യൂ തുറമുഖത്തേക്കു ചെന്നു. അവിടെനിന്നു മടങ്ങുകയായിരുന്നപ്പോാം തോണിയിൽവെച്ച അദ്ദേഹത്തെ പോൎത്തുഗീസുകാർ ചതിച്ചു കൊന്നുകളഞ്ഞു. ഈ സംഭവം നടന്നതു ഹിജ്ര 943 (ക്രി. 1536) റമസാൻ 13-ാംനു-യാണു്.

സുൽത്താൻബഹാദുർഷായുടെ മരണത്തിന്നുശേഷം ഗുജറാത്തിലെ ജനങ്ങളുടെ അപേക്ഷപ്രകാരം റൂമിലെ (തുൎക്കി) സുൽത്താൻ സുലൈമാൻഖാൻ (ക്രി. 1520—1566 – ഹി. 926—974) പോൎത്തുഗീസുകാരോടു പകവീട്ടുന്നതിന്നായി ഒരു കപ്പൽസമൂഹത്തെ ഈജിപ്തിൽനിന്നു ഗുജറാത്തിലേക്കു അയച്ചു. ആ സംഘത്തിൽ 300 കപ്പലുകളും 7000 തുൎക്കിഭടന്മാരുമുണ്ടായിരുന്നു. അവർ വഴിമദ്ധ്യേ അദൻ പിടിച്ചടക്കിയതിന്നുശേഷം ഡിയ്യൂവിൽ വന്നു ആ തുരുത്തിനെ ഉപരോധിച്ചു. 8 മാസക്കാലം യുദ്ധം നീണ്ടുനിന്നു. ഒടുവിൽ തുൎക്കികളുടെ ഭക്ഷണസാധനങ്ങാം അവസാനിച്ചു. അവൎക്കു ഭക്ഷണമെത്തിച്ചു കൊടുക്കാൻ ഗുജറാത്തുകാൎക്കു സാധിച്ചില്ല. ആകയാൽ നിൎബ്ബന്ധിതരായിട്ടു അവർ ഈജിപ്തിലേക്കു മടങ്ങിപ്പോയി. (തുഹ്ഫത്തുൽ മുജാഹിദീൻ 4-ാം ഭാഗം 8-ാം അദ്ധ്യായം—താരീഖെ ഫിരിശ്ത, വാള്യം 2, ഭാ. 495)

അക്കാലത്തു ഗോവയിലും ഡിയ്യൂവിലും പോൎത്തുഗീസുകാർ സ്ഥിരമായി ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. കൂടാതെ, കൊച്ചി, കണ്ണൂർ, കൊല്ലം, ഠാബുൽ എന്നിവിടങ്ങളിൽ അവർ പാണ്ടികശാലകളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതല്ലാതെ ഇന്ത്യ

യിൽ ഒരിടത്തും അവർക്കു യാതൊരു സ്ഥലവുമുണ്ടായിരുന്നില്ല. എങ്കിലും കടൽത്തീരങ്ങളിലെ സ്വാധീനംനിമിത്തം അവർ തന്നെത്താൻ പൂർവ്വരാജ്യങ്ങളുടെ ചക്രവത്തിയായി ഗണിച്ചിരുന്നു. കിഴക്കൻ സമുദ്രങ്ങളുടെ ചക്രവത്തിയെന്നും അറേബ്യയുടേയും ഇന്ത്യയുടേയും വിജേതാവെന്നുമുള്ള സ്ഥാനം പോർത്തുഗീസുരാജാവിന്നു മാർപ്പാപ്പ കൊടുക്കുകയും ചെയ്തിരുന്നു.

പോർത്തുഗീസുകാർ എവിടെയെല്ലാം പോയിരുന്നുവോ അവിടെയെല്ലാം നഗരങ്ങൾ കൊള്ളചെയ്യുക, ഭവനങ്ങൾ കത്തിക്കുക, ദേവാലയങ്ങൾ നശിപ്പിക്കുക, ജനങ്ങളെ നിർബ്ബന്ധിച്ചു ക്രിസ്തുമതത്തിൽചേർക്കുക, അല്ലെങ്കിൽ അവരെ ദ്രോഹിക്കുകയും അവമാനിക്കുകയും ചെയ്യുക മുതലായ അക്രമങ്ങൾ ചെയ്തിരുന്നു. അവരുടെ ഈ ചെയ്തികൾ ദക്കനിലെ രാജാക്കന്മാൎക്കു അസഹനീയമായിതീൎന്നു. ക്രിസ്താബ്ദം 1564_ൽ (ഹി. 972) അവർ ഒത്തൊരുമിച്ചു, പോർത്തുഗീസുകാരുമായി സഖ്യത്തിലായിരുന്ന വിജയനഗരിലെ വമ്പിച്ച ഭരണകൂടത്തെ നശിപ്പിക്കുകയും അതിന്നുശേഷം പോർത്തുഗീസുകാരുടെ നേരെ തിരിയുകയും ചെയ്തു. ചൗളിന്നടുത്തുള്ളതും നിസാമിയ്യാഭരണത്തിൽ പെട്ടതുമായ ഒരു തുറമുഖമായിരുന്നു റാണിഗൊണ്ട. കുറച്ചുകാലമായിട്ടു അതും പോർത്തുഗീസുകാരുടെ അധീനത്തിലായിരുന്നു. അതുപോലെത്തന്നെ ഗോവയും അവർ ആദിൽരാജാക്കന്മാരിൽനിന്നു പിടിച്ചടക്കിയിരുന്നു. ഈ രണ്ടു നഗരങ്ങളും മടക്കിപ്പിടിക്കാനായി നിസാമിയ്യാ ഗവർമ്മേണ്ടും ആദിൽഷാ ഗവർമ്മേണ്ടും ആലോചിച്ചുറച്ചു. ക്രിസ്താബ്ദം 1571_ൽ (ഹി. 979) മുർത്തസാനിസാംഷായുടെ (ക്രി. 1565__1588__ഹി. 972__996) സൈന്യം റാണിഗൊണ്ട ഉപരോധിച്ചു. അലി ആദിൽഷായുടെ (ക്രി. 1557__1579__965__988) സൈന്യം അദോനി ജയിച്ചടക്കിയതിന്നു ശേഷം ഗോവയിലേക്കു തിരിച്ചു. റാണിഗൊണ്ടയിൽ 2 കൊല്ലവും ഗോ

വയിൽ 10 മാസവും ഉപരോധം നിലനിന്നു. പോൎത്തുഗീസു കാർ തോക്കുകളും പീരങ്കികളും ഉപയോഗിച്ചിരുന്നു. അവൎക്കു കട ൽവഴിയായി സപ്ലൈ കിട്ടിക്കൊണ്ടിരിക്കുകയും ചെയ്തു. ആക യാൽ അവൎക്കു യാതൊരുവിധമായ നഷ്ടവും നേരിട്ടിരുന്നില്ല. ഒടുവിൽ ഈ ഉപരോധംകൊണ്ടു ഫലമൊന്നുമില്ലെന്നു മുസ്ലിംകാറ ക്കു ബോധ്യമായി. അവർ ഉപരോധം പിൻവലിച്ചു കർണ്ണാടക ത്തിലേയും കണ്ടറിലേയും പ്രദേശങ്ങളുടെ വിജയത്തിലേക്കു ശ്രദ്ധ ചെലുത്തി.

പോൎത്തുഗീസുകാരുടെ വ്യാപാരം വിജയനഗർനിമിത്തം വ ളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടായിരുന്നു. അറേബ്യ, ഈറാൻ, യൂറോ പ്യൻരാജ്യങ്ങറം എന്നിവിടങ്ങളിൽനിന്നു അവർ കൊണ്ടുവന്നി രുന്ന ചരക്കുകളെല്ലാം വിജയനഗരിൽ ചെലവാക്കിയിരുന്നു. ഈ കച്ചവടംകൊണ്ടു് പോൎത്തുഗീസുകാൎക്കു പ്രതിവർഷം 15 ലക്ഷം ഡ്യൂക്കു് ലാഭം കിട്ടിയിരുന്നുവെന്നു സാസ്സെററിയും (Saassetti) കൂട്ടോവും (Couto) പറഞ്ഞിരിക്കുന്നു. അതിൽ നിന്നു 5 ലക്ഷം സ്വർണ്ണപെഗോഡ കൊല്ലംതോറും അവർ പോ ൎത്തുഗലിലേക്കു അയച്ചുകൊണ്ടിരുന്നു. പെഗോഡ അക്കാലത്തെ ഏഴര തങ്കച്ചു സമമായ ഒരു നാണയമായിരുന്നു. വിജയനഗർ ഭരണകൂടം തകർന്നതോടുകൂടി പോൎത്തുഗീസുകാരുടെ വ്യാപാരം അധഃപതിക്കാൻ തുടങ്ങി. അവരുടെ കച്ചവടലാഭം കുറഞ്ഞുകുറ ഞ്ഞു 6000 ഡ്യൂക്കു മാത്രമായിത്തീൎന്നു.

ഹിജ്റ 11-ാം നൂററാണ്ടിൻെറ ആരംഭകാലത്തു ഹോളണ്ടു കാർ സ്പെയിനിൻെറ പിടുത്തത്തിൽനിന്നു വിമുക്തരായി. അതി നെത്തുടൎന്നു അവർ കടൽശക്തി വൎദ്ധിപ്പിച്ചു കിഴക്കൻരാജ്യങ്ങളി ലെ പോൎത്തുഗീസുകാൎക്കെതിരായി പുറപ്പെട്ടു. അവരുടെ കപ്പലു കറം കെയ്പ്പ് ഓഫ് ഗുഡ്ഹോപ്പ്കടന്നു ക്രിസ്ത്വാബ്ദം 1596-ൽ

(ഹി. 1005) ഇന്ത്യയിൽ വന്നുചേൎന്നു. അതിന്റെ ഫലമായി പോൎത്തുഗീസുകാരുടെ അധികാരത്തിന്നു കോട്ടംതട്ടാൻ തുടങ്ങി. 50 കൊല്ലക്കാലംകൊണ്ടു മലബാറിലെ എല്ലാ സ്ഥലങ്ങളും അവരുടെ കയ്യിൽനിന്നു വേർപെട്ടുപോയി. എന്നാൽ മൂന്നു സ്ഥലങ്ങളിൽ മാത്രം അവരുടെ അധികാരം അവശേഷിച്ചു—കൊങ്കണത്തിലെ ഗോവ (Goa), മഹാരാഷ്ട്രത്തിലെ ദാമൻ (Damaun)' ഗുജറാത്തിലെ ദിയ്യു (Diu). അവ ഇന്നും അങ്ങനെതന്നെ നിലനിന്നുവരുന്നു.